Reg: No. M. 2689.
T. 32.

License No: 427
Dated 14-8-1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം ൧൯൪൩ ജൂൺ ൨൮-ാം | ലക്കം ൩൩
പേജ് ൧൨ | ൧൧൧൮ മിഥുനം ൧൪-ാം തിങ്കളാഴ്ച | ഒററപ്രതി അണ ൧.

## ലേഖകനും സമുദായവും

ആൻഡ്രൂ റാത്ത്

ഇൻഡ്യയുടെ വിവിധ പ്രശ്നങ്ങൾ പഠിച്ചുകൊണ്ടു് ഇൻഡ്യയിൽ വളരെക്കാലം ചെലവഴിച്ചിട്ടുള്ള ഒരു പ്രസിദ്ധ ലേഖകനാണു് ആൻഡ്രൂ റാത്തു്. സമുദായത്തോടു ലേഖകനുള്ള കർത്തവ്യത്തെ ഈ ലേഖനത്തിൽ അദ്ദേഹം വിവരിക്കുന്നു. എന്നാൽ ഉടനടിയുള്ള പ്രശസ്തിയിലും ഭാഗ്യവളർച്ചയിലും താൻ എത്രമാത്രം തല്പരനാണെന്നും മനസ്സാക്ഷിയുടെ ശാസനകളെ താൻ എത്രമാത്രം അനുസരിക്കുമെന്നും ഒരു ലേഖകനു് ആദ്യമായി നിശ്ചയിക്കേണ്ടിയിരിക്കുന്നു. സമുദായത്തിനു് മനഃപൂർവ്വമായ സംഭാവന നൽകണമെന്നദ്ദേഹം കരുതുന്ന ലേഖകന്മാരുടെ പ്രാധാന്യത്തെയും ഉത്തരവാദിത്വത്തെയും അദ്ദേഹം വളരെയധികം വിലമതിക്കുന്നു.

ഇതൊരു "ചെറിയ ലോക"മെന്നു പറയുവാൻ ജനങ്ങൾക്കു് ഇടനൽകുന്ന പരിതഃസ്ഥിതികളിലൊന്നുനിമിത്തം ഞാൻ കഴിഞ്ഞദിവസം ന്യൂഡെൽഹിയിലെ ഇംപീരിയൽഹോട്ടലിൽ ഒരു ഡൈനിംഗ്റൂമിലുള്ള എന്റെ ഒരു സ്നേഹിതന്റെ അടുത്തേക്കു പോയി. സൈയും ഞാനും ഹാർവാർഡിൽ പോയി യുണൈററഡ്സ്റ്റേററ്സ് നേവിയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്! ഇപ്പോൾ അദ്ദേഹം അമേരിക്കൻ കയററുമതിസാധനങ്ങൾക്കു് കമ്പോളം അന്വേഷിച്ചും ഞാൻ വിദേശകാര്യങ്ങൾ സംബന്ധിച്ച ലേഖകനെന്ന നിലയിൽ ഇവിടത്തെ സ്ഥിതിഗതികൾ പഠിക്കുവാനും ഇൻഡ്യയിൽ വന്നിരിക്കയാണു്.

നാട്ടിൽനിന്നു പതിനായിരം മൈൽ അകലെ യാദൃച്ഛികമായി പരസ്പരം കണ്ടുമുട്ടുവാനിടയായതിനെപ്പററി ഞങ്ങൾ അല്പനേരം സംസാരിച്ചു. പൊതുവിലുള്ള സ്നേഹിതന്മാരെ സംബന്ധിച്ച വിവരങ്ങൾ അന്യോന്യം വിനിമയംചെയ്തു. പിന്നീടു ഞങ്ങളുടെ ജീവിതവൃത്തികളെപ്പററി സംഭാഷണം ആരംഭിച്ചു. സൈ അദ്ദേഹത്തിന്റെ തൊഴിലിൽ സാമാന്യം തരക്കേടില്ലാതെ വർത്തിച്ചുവരികയാണു്. ഒരടുത്ത സ്നേഹിതനെന്ന നിലയിൽ എന്റെ പുരോഗതിയിൽ തല്പരനുമാണു്. യൂറോപ്പ്, വടക്കേഅമേരിക്ക, മദ്ധ്യപൂർവ്വദേശം എന്നിവിടങ്ങളിലെ സഞ്ചാരകാലത്തു് ഞാനെഴുതിയിരുന്ന ലേഖനങ്ങൾ അദ്ദേഹവും മദ്ധ്യവർഗ്ഗക്കാരായ അമേരിക്കാക്കാരും സാധാരണ പതിവുപിടിച്ചിട്ടുള്ള വൻപ്രചാരമുള്ള മാസികകളിൽ വരാത്തതിനാൽ അദ്ദേഹത്തിനു് കാണാൻകഴിഞ്ഞിട്ടില്ലെന്നുള്ളതിൽ ഖേദം പ്രകടിപ്പിച്ചു. അദ്ദേഹം ഇപ്രകാരം തുടർന്നു. "ക്യാനഡാ, ആസ്ത്രേലിയാ, ഇൻഡ്യാ എന്നീ രാജ്യങ്ങളിലെ പത്രങ്ങൾക്കും മാസികകൾക്കും യുണൈററഡ്സ്റ്റേററ്സിലെ നേഷൻ എന്ന മാസികയ്ക്കും ലേഖനങ്ങൾ എഴുതി നിങ്ങൾ ഭേദമായിക്കഴിയുന്നെന്നെനിക്കറിയാം. എന്നാൽ നിങ്ങൾ കുറച്ചുകൂടി യഥാസ്ഥിതികനായി കൊളിയേഴ്സ്, സാറററർഡേ ഈവനിംഗ്പോസ്റ്റ് എന്നീ വലിയ മാസികകൾക്കു് എന്തുകൊണ്ടു നിങ്ങൾ എഴുതുന്നില്ല?" അദ്ദേഹത്തിന്റെ ഈ ചോദ്യം എന്നെ ചിന്തിപ്പിച്ചു.

ലേഖനവൃത്തിയെപ്പററി ഒരു വ്യാപാരിയുടെ യഥാർത്ഥമായ ചിന്താഗതിയായിരുന്നു അദ്ദേഹത്തിന്റേതു്. ലേഖനശകലങ്ങൾ മറെറാരുതരം വ്യാപാരമാർഗ്ഗമായി അദ്ദേഹം കരുതിയിരിക്കാം. അതുകൊണ്ടു് ഏററവും ആദായം ലഭിക്കുന്ന കമ്പോളത്തിൽ വിൽക്കത്തക്കവിധം ഈ വ്യാപാരസാധനത്തെ എന്തുകൊണ്ടു സജ്ജമാക്കിക്കൂടാ.

ഈ ചിന്ത എനിക്കു ഉണ്ടായിട്ടുണ്ടെന്നു ഞാൻ സമ്മതിച്ചില്ലെങ്കിൽ ഞാൻ ഒരു കപടവേഷധാരിയായിരിക്കും. നല്ല പ്രതിഫലംകൊടുക്കുന്ന, നല്ല പ്രചാരമുള്ള മാസികകളിലേക്കു ഞാൻ ആശയോടെ നോക്കിയിയിട്ടുണ്ടു്. ലക്ഷക്കണക്കിനു് വായനക്കാർക്കുവേണ്ടി എഴുതുന്നതിൽനിന്നു് പത്തുലക്ഷമോ കോടിയോ കണക്കിനുള്ള വായനക്കാർക്കുവേണ്ടി എഴുതുന്നതുകൊണ്ടുണ്ടാകുന്ന അംഗീകരണത്തെ ഏതൊരു ലേഖകനും ഇഷ്ടപ്പെടുന്നു അയാൾ സമ്പന്നനല്ലെങ്കിൽ—എന്റെ നില തീർച്ചയായും അതല്ല—അതുനിമിത്തം വന്നുചേരാവുന്ന ഭൗതികമായ സൽഫലങ്ങളാൽ ആകൃഷ്ടനാകാതെ ഇരിക്കയുമില്ല. അമേരിക്കയിലെ വൻകിട മാസികകൾ ഒരു ലേഖനത്തിനു മൂവായിരം രൂപായ്ക്കു മുകളിൽ പ്രതിഫലംകൊടുക്കും. 'റീഡേഴ്സ് ഡൈജസ്റ്റ്' എന്ന മാസിക പലപ്പോഴും ഏഴായിരത്തഞ്ഞൂറു രൂപാവരെ കൊടുക്കാറുണ്ടു്. മി: വിൻസ്റ്റൺ ചർച്ചിലിനെപ്പോലെയുള്ള വിഖ്യാതലേഖകന്മാർക്കു് 'ലൈഫ്' മുതലായ മാസികകൾ ഒരു വാക്കിനു് മൂന്നുരൂപാവച്ചും കൊടുക്കാറുണ്ടു്. സുഖസമൃദ്ധമായ ജീവിതത്തിൽ ലേഖകനു താൽപര്യമില്ലെങ്കിൽതന്നെ ഇങ്ങനെ പ്രതിഫലം കിട്ടുന്നതു് പട്ടിണിഭീതിയൊ മററും ജീവിതവൃത്തി സ്വീകരിക്കുന്നതിനുള്ള ആവശ്യമൊ കൂടാതെ ലേഖനവൃത്തിയിൽതന്നെ തുടരാൻ അയാൾക്കു് അവസരം നൽകുന്നു. അതുകൊണ്ടു് ലേഖനം ഒരു വ്യാപാരവൃത്തി മാത്രമായിരുന്നെങ്കിൽ ഏററവും ആദായകരമായ കമ്പോളം അന്വേഷിക്കുന്നതു് ബുദ്ധിതന്നെയായിരിക്കും.

എന്നാൽ ലേഖനം ഒരു പ്രത്യേകതരം വ്യാപാരമാണു്. മരുന്നുകൾകൂട്ടി എടുക്കുന്ന കമ്പൗണ്ടറന്മാരോടു് ലേഖകന്മാർക്കു് സാദൃശ്യമുണ്ടു്. ചിലപ്പോൾ പൊതുജനാരോഗ്യത്തിന്റെ മേൽ പറയത്തക്ക ഫലവിശേഷമില്ലാത്ത മരുന്നുകൾ ഒരു കെമിസ്റ്റ് കൂട്ടിച്ചേർക്കുന്നു. പൊതുജനാരോഗ്യത്തെ വളരെ അഭിവൃദ്ധിപ്പെടുത്തുന്ന സാധനങ്ങൾതന്നെ ശ്രദ്ധയോടെ തയാറാക്കിയില്ലെങ്കിൽ അതിനെ ഹനിക്കയുംചെയ്യും. ഒരു കെമിസ്റ്റിനു് സമുദായത്തോടു് പ്രത്യേക ചുമതലയുണ്ടെന്നു് മിക്ക രാജ്യങ്ങളും ധരിക്കയും അതനുസരിച്ചു് അയാളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കയുംചെയ്യുന്നു. ലേഖകനു ലൈസൻസു ഏർപ്പെടുത്തി നിയന്ത്രിക്കണമെന്നു ഞാൻ സൂചിപ്പിക്കയല്ല. മനസ്സിന്റെ സംസ്കാരകനെന്ന നിലയിൽ തനിക്കു സമുദായത്തോടുള്ള പ്രത്യേക ചുമതല ലേഖകൻതന്നെ അംഗീകരിക്കണമെന്നാണു ഞാൻ സൂചിപ്പിക്കുന്നതു്.

പലകാരണങ്ങൾകൊണ്ടു് ആളുകൾ ലേഖകന്മാരായിത്തീരുന്നു. ചിലർ സ്വയംപ്രകാശത്തിനുള്ള ആവേശംകൊണ്ടും മററുചിലർ പൊതുജനങ്ങളുടെ പ്രശംസ ആഗ്രഹിക്കുന്നതുകൊണ്ടും വേറെചിലർ സാമൂഹ്യമനസ്ഥിതിയാൽ ജനങ്ങളെ സ്വാധീനപ്പെടുത്താൻ ആഗ്രഹിക്കുന്നതുകൊണ്ടും ഇനിയും ചിലർ അതു് അവർക്കറിയാവുന്നതിൽ ഏററവും എളുപ്പമായ ജീവിതവൃത്തിയായതുകൊണ്ടും ലേഖനവൃത്തി സ്വീകരിക്കുന്നു. എന്നാൽ ലേഖകന്റെ വ്യക്തിഗതമായ പ്രേരണാശക്തി എന്തുതന്നെ ആയിരുന്നാലും, അയാൾ ചെറുതരം നോവലുകൾ എഴുതിയിരുന്നാലും വൻതരം രാഷ്ട്രീയലേഖനങ്ങൾ എഴുതിയിരുന്നാലും വായനക്കാരുടെ മനസ്സിനേയും മനോഭാവത്തെയും അയാൾ രൂപപ്പെടുത്തുകയാണെന്നുള്ള വസ്തുതയിൽനിന്നും ഒഴിയാൻ കഴിയുന്നതല്ല. യുണൈററഡ്സ്റ്റേററിൽ യുവാക്കന്മാരെ സംബന്ധിച്ചു് നിക്ക്കാർട്ടരും ഡിക്ക്മേരിവെല്ലും എന്ന പേരിൽ ഒരു നീണ്ട നോവൽപരമ്പരയുണ്ടായിരുന്നു. ദരിദ്രനായ ഒരു കുട്ടിക്കു്, അയാൾ സത്യസന്ധനും പരിശ്രമിയും ആണെങ്കിൽ സത്യത്തിലേക്കും പ്രശസ്തിയിലേക്കും വളരാമെന്നുള്ളതാണു് ഇതിലെ കഥാവസ്തു. ഈ നോവലുകൾ ലക്ഷക്കണക്കിനു് വിററഴിയുകയും ലക്ഷക്കണക്കിനു ജനങ്ങളെ തൃപ്തിപ്പെടുത്തുകയും ചെയ്തുവന്നു. ത്രാണയോടുകൂടിയ ദരിദ്രജനങ്ങൾക്കു് താരതമ്യേന വിസ്തൃതമായ പ്രവൃത്തിമണ്ഡലം ലഭിക്കുന്നതു് യുണൈററഡ്സ്റ്റേററ്സിനു് പ്രശസ്തികരമാണെന്നുള്ളതിൽ സംശയമില്ല. എന്നാൽ ഏററവും ദരിദ്രരും എന്നാൽ ഉത്സാഹശീലരുമായ ജനങ്ങൾ ദരിദ്രരും ക്ഷീണിതരുമായി തന്നെകഴിയുന്നു. ഈ നോവലുകൾ ലക്ഷക്കണക്കിനാളുകളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ ചിന്താഗതിയെ സാരമായി ബാധിച്ച ഒരു മിഥ്യാബോധം ഉളവാക്കി.

ഇന്നത്തെയും അമേരിക്കൻ മാസികകളെയും നിഷ്പക്ഷമായി അവലോകനം ചെയ്യുന്നവർക്കു് അവ മിഥ്യാബോധം ജനിപ്പിക്കുന്നതിലാണു് യാഥാർത്ഥ്യങ്ങളെ നേരിടുന്നതിലല്ല തൽപരരായിരിക്കുന്നതെന്നു് കാണാൻകഴിയും. ഒരു സ്റ്റോറിൽ ഒരുക്ലാർക്കായിരിക്കുന്ന പെൺകുട്ടി കോമളനും ധനികനും ആയ ഒരു യുവാവിനെ വിവാഹംചെയ്തു് സുഖമായിക്കഴിയുന്ന കഥകളാണു് മിക്കചലച്ചിത്രങ്ങളിലും വൻപ്രചാരമുള്ള മാസികകളിലും കാണുന്നതു്. കൂടുതൽ സംഭവ്യവും ദൈനംദിനപ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതുമായതരത്തിൽ, ശമ്പളംകുറഞ്ഞ അസിസ്റ്റൻറുമാനേജരെ അവർ വിവാഹംചെയ്യുന്നതായി കാണുകയില്ല. തങ്ങളുടെ വായനക്കാരും കാണികളും കടുത്ത യാഥാർത്ഥ്യങ്ങളെയല്ല പ്രശ്നങ്ങളിൽനിന്നകന്നു മാറുന്ന സ്വപ്നങ്ങളെയാണു് കൂടുതൽ ഇഷ്ടപ്പെടുന്നതെന്നു് മാസികകളുടെ പത്രാധിപന്മാരും ചലച്ചിത്രനിർമ്മാതാക്കളും വാദിക്കുന്നു. കടയിൽ വിൽപനയ്ക്കു നിൽക്കുന്ന ചെറുപ്പക്കാരി ഒരു മാസിക എടുത്തുനോക്കുമ്പോഴൊ ചലച്ചിത്രം കാണുമ്പോഴൊ തന്നെയും തന്റെ വൃത്തികെട്ട ചുററുപാടുകളിൽനിന്നു് ഒരു യുവകോമളൻ വന്നു രക്ഷപ്പെടുത്തുമെന്നു അവൾക്കു തോന്നണമെന്നാണു് അവർപറയുന്നതു്. എന്നാൽസാമൂഹ്യമനസ്ഥിതിയുള്ള പലലേഖകന്മാരും ഇതിനെ വീക്ഷിക്കുന്നതു് കറപ്പുകൊടുക്കുന്നതുപോലെയാണു്. തന്റെ വൃത്തികെട്ട ചുററുപാടുകൾ മനസ്സിലാക്കുകയും നന്നാക്കുകയും ചെയ്യാൻ അവളെ സഹായിക്കണമെന്നു് അവർ കരുതുന്നു. സാമൂഹ്യമനഃസ്ഥിതിയുള്ള ഈ ലേഖകന്മാർ വിശ്വാസധീരതയുള്ളവരായിരിക്കയും ഇന്നത്തെ ജീവിതത്തെപ്പററി യാഥാർത്ഥ്യബോധത്തോടുകൂടി എഴുതുകയും ചെയ്യുമെങ്കിൽ അവർതന്നെ ചില കടുത്ത യാഥാർത്ഥ്യങ്ങളെ നേരിടണം. വളരെയൊന്നും പ്രതിഫലം കൊടുക്കാൻ കഴിയാത്ത, പ്രചാരം അത്രയില്ലാത്ത മാസികകളിലെ അവരുടെ ചെറുകഥകൾ പ്രസിദ്ധീകരിക്കയുള്ളു. പ്രശസ്തിയും ഭാഗ്യവും ഉറപ്പുചെയ്യുന്ന വലി

(ശേഷം പന്ത്രണ്ടാംപേജിൽ)

## GENERAL KNOWLEDGE QUIZ

(Answers on page 5)

1. "When a man is tired of London, he is tired of life". Who said this?
   a) Sir Christopher Wren; b) George Bernard Shaw; c) Dr. Samuel Johnson.
2. Who invented the telescope?
   a) Hans Lippershey; b) Galilee; c) Pliny.
3. Who is the author of "Travels With A Donkey"?
   a) H. E. Bates; b) Charles Dickens; c) R. L. Stevenson.
4. Lord Beveridge was born in —
   a) Burma; b) India; c) China.
5. Puerto Rico is —
   a) An island; b) A penincular country; c) An inland state.
6. Mansion House (London) is the residence of —
   a) Arch Bishop of Canterbury; b) Lord Mayor of London; c) Duke of Gloucester.
7. The Treaty of Lausanne between the Allied Powers and Turkey was signed in —
   a) 1915; b) 1911; c) 1923
8. "The biggest, most secret, and most expensive building operation ever undertaken in the City of London". This is a description of —
   a) Bank of England; b) The Guildhall c) Tower of London.
9. Glasgow is situated on the river
   a) Dee; b) Tweed; c) Clyde.
10. Who is the author of "Crisis In Heaven"?
    a) Edith Sitwell; b) Eric Linklater; c) Henry Wallace.
11. What is Mendelism?
    a) A theory of heredity; b) A religion; c) A political doctrine.
12. The length of the Panama Canal (in statute miles) is —
    a) 105; b) 78; c) 50.
13. Newfoundland was discovered by —
    a) Christopher Columbus; b) John Cabot; c) Captain Cook.
14. In which state of Australia is Kalgoorlie, the famous gold-mining centre, situated?
    a) Western Australia; b) South Australia; c) Victoria.

# പണ്ഡിററ്ജിയുടെ ബന്ധനയോഗം

പി. ദാമോദരൻപിള്ള

പണ്ഡിററ് ജവഹർലാൽ നെഹ്റുവിൻെറ ജാതകത്തെപ്പററി പണ്ഡിററ് ജയറാം കൊച്ചിയിലെ ജനശക്തിയിലും, പണ്ഡിററ് രാമജയൻ, മി. പയ്യംപിള്ളി ഗോപാലപിള്ള, നല്ലൊരു പണ്ഡിതനെന്ന് എനിക്കറിയാവുന്ന ശ്രീനിവാസരാഘവയ്യങ്കാർ എം. എ. എൽ. ടി. എന്നിവർ മലയാളരാജ്യത്തിലുംഎഴുതിയിരുന്ന ലേഖനങ്ങൾക്കു പുറമേ കഴിഞ്ഞലക്കം ജ്യോതിഷമാസികയിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങളും വായിക്കാനിടയായതാണ് ഈ ലേഖനത്തിന്നു കാരണം.

പണ്ഡിററ് നെഹ്റുവിൻെറ ലഗ്നാധിപൻ ചന്ദ്രൻ ബലവാനായിത്തന്നെ സ്വക്ഷേത്രത്തിൽ നിൽക്കുമ്പോൾ, ആ ചന്ദ്രൻ എന്തുകൊണ്ട് ബന്ധനത്തിന്നു കാരണഭൂതനായെന്നുള്ള ചോദ്യത്തിന്നു ശ്രീ. ശ്രീനിവാസരാഘവയ്യങ്കാർ മാത്രമേ എന്തെങ്കിലും മതിയായ ഒരു സമാധാനം പറയുന്നുള്ളു. പണ്ഡിററ് രാമജയൻ ആദ്യമായി ആ ചോദ്യം കൊണ്ടുവന്നു. മി: പയ്യംപിള്ളി ഗോപാലപിള്ള ഉടൻ അതിന്നൊരു സമാധാനം പറയാൻ ഒരുമ്പെടുകയും ചെയ്തു. പണ്ഡിററ്ജി ജയിൽവാസം അനുഭവിച്ചെങ്കിൽ തന്നെയും, അതു സാധാരണ ജയിൽവാസമല്ലെന്നും, പല ഗ്രന്ഥങ്ങളും എഴുതി പ്രശസ്തിനേടാൻ ജയിൽവാസക്കാലത്തു അദ്ദേഹത്തിന്നു സാധിച്ചെന്നും മററുമാണ് മി: പയ്യംപിള്ളിയുടെ സമാധാനം. ഇതു ഒരു സമാധാനമേയല്ല. അതിൽ ശാസ്ത്രബോധമില്ലെന്നു മാത്രമല്ല, സാമാന്യയുക്തിയുമില്ല. പണ്ഡിററ്ജിയെപ്പോലെ പല മഹാന്മാരും ജയിൽവാസമനുഭവിച്ചപ്പോൾ, അതൊന്നും ജയിൽവാസമല്ലെന്നല്ല ചരിത്രം രേഖപ്പെടുത്തിയതു. നെപ്പോളിയനെ എൽബായിൽ താമസിപ്പിച്ചതു അവിടത്തെ ഒരു രാജാവിനെപ്പോലെയായിരുന്നു. ആ പ്രദേശം മുഴുവൻ അദ്ദേഹം അല്പകാലംകൊണ്ടു അത്യന്തം പരിഷ്കരിക്കയും ചെയ്തു. എന്നിട്ടും അതൊരു ജയിൽവാസമല്ലെന്നാരും പറയുന്നില്ല. സെയിൻറ് ഹെലീനായിലും അദ്ദേഹം ജീവിച്ചതു പണ്ഡിററ്ജിയെപ്പോലെ സ്വാതന്ത്ര്യത്തോടുകൂടിയായിരുന്നു. അപ്പോഴും അതു ജയിൽവാസമല്ലെന്നു എഴുതാൻ ആരും ധൈര്യപ്പെട്ടിട്ടില്ല.

ഇനി, തൻെറ ജയിൽവാസം എങ്ങനെയുള്ളതായിരുന്നു എന്നതിനെപ്പററി അഭിപ്രായം പറയേണ്ടതു പണ്ഡിററ്ജിതന്നെയാണെന്നു കരുതുക. അങ്ങനെയാണെങ്കിലും മി. പയ്യംപിള്ളിയുടെ വാദത്തിന്നു ഗുണമൊന്നും കാണുകയില്ല. എന്തെന്നാൽ മി: പയ്യംപിള്ളി പറയുംപോലെ ആ ജയിൽവാസം അത്ര കാമ്യമായിരുന്നെങ്കിൽ, പണ്ഡിററ്ജി എപ്പോഴും ജയിലിൽതന്നെ കിടക്കേണ്ടിയിരുന്നു. പക്ഷെ മോചിപ്പിച്ചപ്പോഴൊക്കെ പണ്ഡിററ്ജി ജയിൽവിട്ടുപോരുകയാണുണ്ടായിട്ടുള്ളതു. ഇതിനുപുറമെ മി: പയ്യംപിള്ളിയുടെ സമാധാനം ചോദ്യത്തിന്നുത്തരമല്ലെന്നൊരു ദോഷവുമുണ്ട്. ലഗ്നാധിപനും, ബലവാനുമായ ചന്ദ്രൻ എന്തുകൊണ്ടു ജയിൽവാസത്തിന്നു കാരണഭൂതനായെന്നു ചോദിക്കുമ്പോൾ ജയിൽവാസം രാജോചിതമായിരുന്നു എന്നല്ല പറയേണ്ടതു. ആ സമാധാനം എന്തുകൊണ്ടു ജയിൽവാസം സംഭവിച്ചു എന്ന ചോദ്യത്തിനല്ല, ജയിൽവാസം എങ്ങനെയുള്ളതായിരുന്നു എന്ന ചോദ്യത്തിനാണ് ഉത്തരമായിത്തീരുന്നതു.

മി: പയ്യംപിള്ളിയുടെ സമാധാനം ജ്യോതിഷപരിജ്ഞാനത്തെ കാണിക്കുന്നില്ലെന്നും, തന്നിമിത്തം അതു അശാസ്ത്രീയമാണെന്നും പ്രത്യക്ഷമാകുന്നു. ലഗ്നാധിപനും, ബലവാനുമായ ഒരു ഗ്രഹം ജയിൽവാസം നൽകുമെന്നു ജ്യോതിഷം സമ്മതിക്കുകയില്ല. ലഗ്നാധിപൻബലവാനായാൽ മററുദോഷങ്ങളെപ്പോലും പരിഹരിക്കാൻ കടപ്പെട്ടവനായിരിക്കേണ്ടതാണ്. ഇതുകൊണ്ടാണ് പണ്ഡിററ് രാമജയൻ ഗ്രഹനിലതന്നെയും തെററാണെന്നു സംശയിക്കാനിടയായതെന്നു കരുതേണ്ടിയിരിക്കുന്നു. എന്നാൽ, മററു അനുഭവങ്ങൾകൊണ്ടു നോക്കുമ്പോൾ ഗ്രഹനില തെററാനിടയില്ല. അതേസമയം ജയിൽവാസം സംഭവിക്കയുംചെയ്തിരിക്കുന്നു. ഈ സന്ദർഭത്തിൽ ജ്യോതിഷപരിജ്ഞാനമില്ലാത്ത ഒരാൾക്കു പറയാവുന്നതു, ജയിൽവാസം രാജോചിതമായിരുന്നുഎന്നും മററുമായിരിക്കും. പക്ഷെ അങ്ങനെ പറയുന്നവർ ശാസ്ത്രത്തെ ദുഷിപ്പിക്കയാണ് ചെയ്യുന്നതെന്നു ഓർത്തിരിക്കേണ്ടതാണ്.

ശ്രീ. ശ്രീനിവാസരാഘവയ്യങ്കാർ പണ്ഡിററ്ജിയുടെ ജയിൽവാസത്തിന്നു മതിയായ സമാധാനം ചുരുക്കത്തിൽ പറയുന്നുണ്ടെന്നുള്ളതു ശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ ആശ്വാസകരമാണ്. സർപ്പദ്രേക്കാണത്തിൽ ലഗ്നവും, ലഗ്നാധിപനുംവന്നാൽ ജയിൽവാസമനുഭവിക്കുമെന്നുള്ളതിൽ അത്ഭുതമൊന്നുമില്ല. പോരെങ്കിൽ രാഹു, ശനി എന്നീ പാപന്മാരുടെ മദ്ധ്യത്തിൽ അകപ്പെട്ടു വികലവീര്യനായിപ്പോയ ചന്ദ്രൻ അത്ര ശുഭനാണെന്നു കരുതാവുന്നതുമല്ല. സർപ്പനിഗളപാശദ്രേക്കാണങ്ങളിൽ നിൽക്കുന്ന ഗ്രഹങ്ങൾ ജയിൽവാസം നൽകുമെന്നു പ്രമാണവുമുണ്ട്. കർക്കടകരാശിയുടെ സർപ്പദ്രേക്കാണസ്വരൂപം, തലയിൽപത്മങ്ങൾ ധരിച്ച്, സർപ്പയുതയായി അരണ്യഗതയായി, പലാശിൻെറകൊമ്പിൽ പിടിച്ചുകൊണ്ടുനിന്നുകരയുന്ന ഒരു സ്ത്രീയുടേതായിട്ടാണ് വർണ്ണിക്കപ്പെട്ടിരിക്കുന്നതു:—

"പത്മാർച്ചിതാമൂർദ്ധനി, ഭോഗ യുക്താ
സ്ത്രീകർക്കശാരണ്യഗതാവിരൗതി
ശാഖാം പലാശസ്യസമാശ്രിതാച
മദ്ധ്യസ്ഥിതാ കർക്കടകസ്യരാശേഃ"

എന്നാണ് ശ്ലോകം. ഇവിടെ വ്യാഖ്യാനഭേദങ്ങൾ പലതും കാണുമാറുണ്ട്. തലയിൽതന്നെ പത്മവും പാമ്പും ഉണ്ടെന്നൊരുപക്ഷം. അതല്ല പത്മാർച്ചിതയെങ്കിലും, തലയിൽമാത്രം പാമ്പുള്ളവൾ എന്നു മററൊരുപക്ഷം. പക്ഷെ, ബന്ധനയോഗത്തിന്നു പററിയ വ്യാഖ്യാനം, ദേഹത്തിൽതന്നെ പാമ്പിനെ ചുററിയിരിക്കുന്നവൾ, എന്നതാണെന്നു തോന്നുന്നു. ബന്ധനം എങ്ങനെയുള്ളതാണെന്നു ചോദിച്ചാൽ, കർക്കടകലഗ്നമാകയാൽ ഗുഹയിൽ അടങ്ങുകയാണ് ഫലം എന്നു സമാധാനം പറയണം. ചുരുക്കത്തിൽ ശരിയായ ജയിൽവാസംതന്നെയാണ് പണ്ഡിററ്ജി അനുഭവിക്കേണ്ടതെന്നു മേൽപ്പറഞ്ഞതിൽനിന്നെല്ലാം വ്യക്തമാകുന്നു.

ഇതെല്ലാം കർക്കടകത്തിലെ ബലവാനായ ചന്ദ്രൻ എന്തുകൊണ്ടു ജയിൽവാസം നൽകി എന്നുള്ളതിന്നുമാത്രം സമാധാനമാണ്. എന്നാൽ പണ്ഡിററ്ജിയുടെജാതകത്തിൽ ഒന്നാംതരത്തിൽപെട്ട ബന്ധനയോഗം തന്നെയുണ്ടെന്നുള്ളതാണ് മറെറാരു വിശേഷത "വ്യയസുതധനധർമ്മഗ"ന്മാരായ അസൗമ്യന്മാരെപ്പററിയുള്ള പ്രമാണം ഇവിടെ പ്രസക്തമാണ്. അഥവാ, പന്ത്രണ്ട് (വ്യയം) അഞ്ച് (സുതൻ) ഒൻപത് (ധർമ്മം) രണ്ട് (ധനം) എന്നീ നാലുഭാവങ്ങളിൽ അസൗമ്യന്മാർ നിന്നാൽ ബന്ധനയോഗമായിത്തീരുമെന്നു സാരം. അസൗമ്യന്മാർ എന്നതിന്നു പാപന്മാരായ മന്ദരാഹുകേതുക്കളും, ക്രൂരന്മാരായ ആദിത്യകുജന്മാരും എന്നർത്ഥമാക്കണമല്ലോ. പണ്ഡിററ്ജിയുടെ പന്ത്രണ്ടാംഭാവത്തിൽ രാഹുവും, രണ്ടാംഭാവത്തിൽ ശനിയും, അഞ്ചാംഭാവത്തിൽ ആദിത്യനും നിൽക്കുന്നു. ധർമ്മസ്ഥാനമായ ഒൻപതാംഭാവത്തിൽ ആരുമില്ല. പക്ഷെ അവിടെ മൂന്നിൽ നിൽക്കുന്ന ചൊവ്വായുടെയും ഗുളികൻെറയും ദൃഷ്ടിപാതം ഉണ്ട്. ഇങ്ങനെ പണ്ഡിററ്ജിയുടെ ജാതകത്തിൽ ബന്ധനയോഗം പരിപൂർണ്ണമായുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ലഗ്നലഗ്നാധിപന്മാരുടെ ദ്രേക്കാണം ഏതായാലും ഈ യോഗംകൊണ്ടുതന്നെ ജാതകൻ ബന്ധനം അനുഭവിക്കേണ്ടതാണ്.

ശ്രീമാൻ ശ്രീനിവാസരാഘവയ്യങ്കാർ, പണ്ഡിററ്ജിയുടെ കുജദശയിലെ മന്ദാപഹാരം ആപൽക്കരമാണെന്നുള്ളതിൽ പണ്ഡിററ് ജയറാമിനോടു യോജിക്കുന്നുണ്ട്. ആറാംഭാവത്തിൽ സ്വക്ഷേത്രഗതനായി നിൽക്കുന്ന ഭാഗ്യാധിപനായ വ്യാഴത്തിൻെറ ദൃഷ്ടി പാപന്മാരിൽ പാപനായ ശനിയുടെ മാരകത്വം ഹനിക്കുന്നില്ലെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ശനി എല്ലാംകൊണ്ടും ദോഷിതന്നെ. അതിന്നു പണ്ഡിററ്ജിയെപ്പോലുള്ള ഒരാൾ വല്ലപരിഹാരവും ചെയ്യുമോ എന്നു സംശയമാണ്. ദീർഘായുസ്സിനെ ചെയ്യുന്നതായി പറയപ്പെടുന്ന പല യോഗങ്ങളും അങ്ങനെ ചെയ്കയില്ലെന്നും ശ്രീ അയ്യങ്കാർ തീർത്തു പറയുന്നു. അദ്ദേഹത്തിൻെറ പാണ്ഡിത്യത്തെ ചോദ്യം ചെയ്യാൻ ഞാനാളല്ല. ദുഷ്കാലപരിഹാരത്തിന്നുവേണ്ടി ഒരാൾ പ്രത്യേകകർമ്മമൊന്നും ചെയ്തില്ലെങ്കിൽതന്നെയും മററുള്ളവരുടെ പ്രാർത്ഥനകൾ മതിയാകുമെന്നുമാത്രമേ തൽക്കാലം സമാധാനപ്പെടേണ്ടതുള്ളൂ.

—o—



ബ്രിട്ടനിലെ മിനിസ്റ്റർ അഫ് പെൻഷൻസ് മി. ജെ. ബി. ഹൈൻഡ്. 1944 മുതൽ ഇദ്ദേഹം പാർലിമെൻറിൽ തൊഴിലാളിമെമ്പറായിരുന്നശേഷം 1945-ൽ ചാൻസലർ അഫ് ദി ഡച്ചി അഫ് ലങ്കാസ്റ്റർ ആയി നിയമിക്കപ്പെട്ടു. മി. ഹൈൻഡിന്നു 45 വയസ്സു പ്രായമുണ്ട്.

# *കർഷകരും ഭക്ഷ്യോല്പാദനവും

മി: പി. എം. നാടാർ (കൃഷി ഇൻസ്പെക്ടർ, തിരുവല്ലാ)

തിരുവിതാംകൂർ ഒരു കർഷകരാജ്യമാണെന്ന് അഭിമാനിക്കുന്നുണ്ടെങ്കിലും ആഹാരസാധനങ്ങൾക്കുവേണ്ടി നാം വിദേശരാജ്യങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. രണ്ടാംലോകമഹായുദ്ധത്തിനു മുമ്പ്, ബർമ്മാ, സയാം, തഞ്ചാവൂർ തുടങ്ങിയ സ്ഥലങ്ങളിൽനിന്നും ധാരാളം നെല്ലും അരിയും വന്നുകൊണ്ടിരുന്നു. അന്നു നമുക്ക് യാതൊരു ദാരിദ്ര്യവും ഉണ്ടായിരുന്നില്ല. കാർഷികവൃത്തികളിൽ അനാസ്ഥ കാണിച്ചു. വിദേശരാജ്യങ്ങളിൽ യുദ്ധം തുടങ്ങുകയും, അതു സാംക്രമികരോഗംപോലെ പടർന്നുപിടിക്കുകയും അങ്ങിനെ ഒന്നിനുപുറകേ ഒന്നായി രാജ്യങ്ങൾ യുദ്ധത്തിലേർപ്പെടുകയും ചെയ്തു. നമ്മുടെ ആഹാരസങ്കേതങ്ങളായിരുന്ന ബർമ്മാ, ഇൻഡ്യയുടെ മററുഭാഗങ്ങൾ ഇവിടെല്ലാം യുദ്ധം പൊട്ടിപ്പുറപ്പെട്ടു. നമ്മുടെ വിഭവങ്ങൾ യുദ്ധാവശ്യങ്ങൾക്കു കൊടുക്കേണ്ടതായും വന്നുകൂടി. സാധനങ്ങൾക്കു ക്രമാതീതമായി വിലവർദ്ധിച്ചു. അരി, നെല്ല്, മുതലായവ ഒരു രാജ്യത്തുനിന്നും മററു രാജ്യത്തേക്കു കൊണ്ടുപോകുന്നതിനുള്ള കഴിവുകൾ നഷ്ടപ്പെട്ടു. തന്മൂലം നമ്മുടെ രാജ്യം പട്ടിണിയോടു സമീപിച്ചു. കപ്പ, കിഴങ്ങുവർഗ്ഗങ്ങൾ, നാം ഒരിക്കലും ഉപയോഗിച്ചിട്ടില്ലാത്ത ചോളം, ബജിറാ, തുടങ്ങിയവയെങ്കിലും കിട്ടിയാൽമതി എന്ന മട്ടിലായിത്തീർന്നു. ഈ അവസ്ഥയെ തരണം ചെയ്യുന്നതിനുള്ള പ്രതിവിധിയെപ്പററി ചിന്തിക്കുവാൻ തുടങ്ങി. നമ്മുടെ ഭൂമികളിൽ ശാസ്ത്രീയസമ്പ്രദായത്തിൽ കൃഷിചെയ്താൽ നമ്മുടെ ആവശ്യങ്ങൾക്കുള്ള ആഹാരസാധനങ്ങൾ ലഭിക്കുമെന്നു ബോദ്ധ്യമായി. അങ്ങിനെ കർഷകർ കൃഷികാര്യങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും, ഉല്പന്നങ്ങളുടെ വിലവർദ്ധനവിനാൽ കർഷകർ ഉത്സാഹഭരിതരായിത്തീരുകയുംചെയ്തു.

ഈ സന്ദർഭത്തിൽ നാം ഉല്പാദിപ്പിക്കുന്ന ആഹാരസാധനങ്ങൾകൊണ്ട് നമുക്കു സ്വന്തംകാലിൽ നില്ക്കുന്നതിനുകഴിയുന്നില്ല. വിളവുവർദ്ധിപ്പിക്കുന്നതിനു നാം ശാസ്ത്രീയതത്വങ്ങളെയും, പ്രമാണങ്ങളേയും ആദരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പൂർവ്വികന്മാരിൽനിന്നു പാരമ്പര്യസിദ്ധമായ പരിചയം ഇക്കാലത്തുള്ള ശാസ്ത്രീയനിപുണന്മാരായ കൃഷിക്കാർക്കുപോലും ഒരനുഗ്രഹീത സമ്പത്താണെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ വെറും പരിചയത്തെ മാത്രം അടിസ്ഥാനപ്പെടുത്തി കൃഷിചെയ്തുവന്നകാലം വളരെ മുമ്പുതന്നെ കഴിഞ്ഞുപോയി. നമ്മുടെ പരിചയവും ശാസ്ത്രീയമായ മൂലതത്വങ്ങളും ചേർത്തു കൃഷിചെയ്യുന്നപക്ഷം നാം ഉദ്ദേശിക്കുന്നതിൽ കൂടുതൽ അഭിവൃദ്ധിയിൽ എത്തിച്ചേരാം.

എങ്ങിനെയാണു കൃഷിയെ അഭിവൃദ്ധിപ്പെടുത്തേണ്ടത്.? ഒന്നാമതായി ഉഴവിനെപ്പററി ചിന്തിക്കാം. വിത്തുപാകുന്നതിനുമുമ്പ് നിലംനല്ലതുപോലെ ഉഴണമെന്ന് കൃഷിക്കാർക്കെല്ലാം അറിയാം. പാറപൊടിഞ്ഞാണെല്ലാം മണ്ണുണ്ടാകുന്നത്. വെയിൽ, മഴ മുതലായ പ്രകൃതിശക്തികളുടെ പ്രവർത്തനമൂലം ഈ ജോലി സർവ്വദാ സംഭവിച്ചുകൊണ്ടിരിക്കുകയും, മണ്ണ് വിളവുകളുടെ വളർച്ചക്കാവശ്യമായ പോഷണസാധനമായി പരിണമിക്കയും ചെയ്യുന്നു. മണ്ണ് ഗുണകരവും ദോഷകരവുമായ അസംഖ്യം അണുകൃമികളുടെ കലവറയാണ്. ഇവയിൽ ഗുണകരങ്ങളായ അണുകൃമികളുടെ വളർച്ചക്കു മണ്ണിൽ ധാരാളം വായുസഞ്ചാരം ഉണ്ടായിരിക്കണം. മണ്ണ് മിനുസമായി പൊടിയുന്നതിനും, മണ്ണിൽ ധാരാളം വായു സഞ്ചരിക്കുന്നതിനും ഫലപുഷ്ടിക്ക് അവശ്യം വേണ്ടിയിരിക്കുന്ന അണുകൃമികൾ വർദ്ധിക്കുന്നതിനും നിലം ഉഴുമ്പോൾ മണ്ണ് നല്ലവണ്ണം മറിഞ്ഞുവീഴേണ്ടതാണ്.

ഉഴവുകൊണ്ടുള്ള ശരിയായ പ്രയോജനം ലഭിക്കുന്നതിനു നിലം ഉഴുവാൻ നമ്മൾ ചിരകാലമായി പൂജിച്ചുകൊണ്ടിരിക്കുന്ന നാടൻകലപ്പയെ ഉപേക്ഷിച്ച് പകരം ഇരിമ്പുകലപ്പയും, മററ് പരിഷ്കൃത കൃഷിആയുധങ്ങളും സ്വീകരിക്കണമെന്നു ഞാൻ നിങ്ങളെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

മണ്ണിന് പ്രധാനമായി രണ്ടുഗുണങ്ങളാണ് വേണ്ടത്. ൧. ഉലർച്ച ൨. ജലഗ്രഹണശക്തി സസ്യങ്ങളുടേയും, ജന്തുക്കളുടേയും അവശിഷ്ടങ്ങൾക്ക് "ഇന്ദ്രിയവസ്തു എന്ന് പറയുന്നു." അഥവാ Organic matter എന്നുപറയുന്നു. ഇന്ദ്രിയവസ്തു ഏറെക്കുറെ എല്ലാമണ്ണിലുംഉണ്ട്. ഇതു മണ്ണിൽ അധികമാകുംതോറും മണ്ണിന് ഉലർച്ചയും, ജലഗ്രഹണശക്തിയും, വളപുഷ്ടിയും വർദ്ധിച്ചുവരുന്നു.

അടുത്തതായി വളംചേർക്കലിനെപ്പററി ആലോചിക്കാം. വളം ചേർക്കുന്നതു ആദായകരമാണെന്ന് എല്ലാവർക്കും അറിയാം. നമ്മുടെ വിളവുകൾക്ക് വളംചേർക്കാൻ ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരു ഘടകമാണ്. ചാരം, ചാണകം, പച്ചില ഇവകൂടാതെ പിണ്ണാക്ക്, കൊഞ്ചുപൊടി മുതലായ നാട്ടുവളങ്ങളുടേയും നൈററ്റോളിയം, Putasiam Nitrate Am Phosphate, Sunphate മുതലായ കൃത്രിമവളങ്ങളുടേയും, പ്രയോജനത്തെപ്പററി ശാസ്ത്രീയമായ കൃഷി നമ്മെ പഠിപ്പിക്കുന്നുണ്ട്. ഒരു പ്രത്യേകതരം മണ്ണിൽ ഏതെല്ലാം സസ്യപോഷകങ്ങൾ ഉണ്ടെന്നും, മണ്ണിന് സ്വതേയുള്ള ദൂഷ്യങ്ങളെ വളം ചേർക്കുന്നതുകൊണ്ട് എങ്ങിനെ പരിഹരിക്കാമെന്നും നാം അറിഞ്ഞിരിക്കണം.

ഏതെങ്കിലും ഒരു സസ്യമെടുത്ത് രാസപരിശോധനടത്തിനോക്കിയാൽ അമ്ലജനകം, അബ്ജനകം, ഇംഗാലം, ഇരുമ്പ്, ഗന്ധകം, കുമ്മായം, മഗ്നീഷ്യം, പാക്യജനകം, ഭാവഹം, ക്ഷാരം എന്നു പത്തുപദാർത്ഥങ്ങൾ അടങ്ങിയിരിക്കുന്നതായി കാണാം. ഇവയിൽ ഏതെങ്കിലും ഒന്ന് കുറഞ്ഞുപോയാൽ ചെടിക്ക് പൂർണ്ണവളർച്ച കിട്ടുകയില്ല. ഇവയിൽ ആദ്യത്തെ മൂന്നും, വായു, വെള്ളം ഇവയിൽനിന്നും, അതിനടുത്ത നാലുസാധനങ്ങളും മണ്ണിൽനിന്നും കിട്ടുന്നു. ഒടുവിലത്തെ മൂന്നും സസ്യങ്ങൾക്ക് അത്യാവശ്യമായി വേണ്ടതും മണ്ണിൽ ദുർല്ലഭവും ആകയാൽ അവയെ നാം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. പാക്യജനകം എന്ന വളാംശം സസ്യങ്ങളെ നല്ലവണ്ണം തഴച്ചുവളരുവാൻ സഹായിക്കുന്നു. തന്നിമിത്തം തണ്ടുകളും, ഇലകളും ധാരാളമായി ഉണ്ടാകുന്നു. സസ്യങ്ങൾ വേഗം പൂക്കുകയും, ധാരാളം പൂവും കായും ഉണ്ടാകുകയും ചെയ്യുന്നതിനു സഹായിക്കുന്നതു 'ഭാവഹം' എന്ന അംശമാണ്. 'ക്ഷാരം' സസ്യങ്ങൾക്ക് നല്ല ഓജസ്സും, ആരോഗ്യവും, ഫലങ്ങൾക്കു സ്വാദും വലിപ്പവും ഉണ്ടാക്കുന്നു.

വളങ്ങളെ രണ്ടായി തിരിക്കാം. ൧. പൂർണ്ണവളങ്ങൾ. ഇവയിൽ പാക്യജനകം ഭാവഹം, ക്ഷാരം എന്നീ മൂന്നു വളാംശങ്ങൾ അടങ്ങിയിരിക്കുന്ന വളങ്ങളെ പൂർണ്ണവളങ്ങൾ അല്ലെങ്കിൽ സാധാരണ വളങ്ങൾ എന്നു പറയുന്നു. കന്നുകാലിവളം, മിശ്രവളം, (compost) പച്ചിലവളം ഇവ പൂർണ്ണവളങ്ങളാണ്. ഏതെങ്കിലും ഒരു അംശത്തെമാത്രം കൊടുക്കുന്ന വളങ്ങളെ ഒററവളങ്ങൾ (പ്രത്യേകവളങ്ങൾ) എന്നു പറയുന്നു. ഇവയിൽ മൂന്നു ജാതിയുണ്ട്.

1) പാക്യജനകവളങ്ങൾ (Nitrogenous Fertilisers) 1 Am: Sulphate 2 Sodium nitrate മുതലായവയും 2) ഭാവഹവളങ്ങൾ 1 Phosphatic Fert: Srpu Phost Basic Slag 3 ക്ഷാരവളങ്ങൾ (Potasic Fert) Potas: Chloride Kainite ചാരം. ഓരോകൃഷിക്കുമുള്ള വളങ്ങളുടെ തോതു് അവയുടെ ഗുരുലഘുത്വങ്ങളെ ആശ്രയിച്ചാണ് ഇരിക്കുന്നതു്. രാസായനവളങ്ങൾ ഏററവും ഗുരുത്വമുള്ളവയാകയാൽ അവ ഏററവും കുറച്ചേ ചേർക്കാൻ പാടുള്ളു.

നിലത്തിൽനിന്നും വിളവു വർദ്ധിപ്പിക്കുകയും, കൃഷിച്ചെലവു കഴിയുന്നതും ചുരുക്കുകയും ചെയ്യണമെന്നാണ് സകല കൃഷിക്കാരും ആഗ്രഹിക്കുന്നതു്. ഇതു സാധിക്കുന്നതിന് ചുരുങ്ങിയ സ്ഥലത്തുനിന്നും കൂടുതൽ വിളവ് എടുക്കാനുള്ള കൃഷിരീതി നടപ്പിലാക്കേണ്ടിയിരിക്കുന്നു. നാം ശേഖരിക്കുന്ന വളം ആവശ്യത്തിനു മതിയാകുന്നില്ല. മഴയും, വെയിലും, ഏൽക്കുന്നതുകൊണ്ട് കുണ്ടവളത്തിന്റെ സത്തായഭാഗം ഒട്ടുധാകം നഷ്ടമായിപ്പോകുന്നു. ചാണകത്തേക്കാൾ വിലയേറിയ മൂത്രം മുഴുവനും നഷ്ടപ്പെടുത്തിക്കളയുന്നു. അതുകൊണ്ടു നാം വളങ്ങൾ ശരിയായവിധത്തിൽ സൂക്ഷിക്കണം. കമ്പോസ്റ്റുവളങ്ങൾ ഓരോ വീടുകളിലും ഉണ്ടാക്കണം. അതാതു സ്ഥലങ്ങളിലെ കൃഷിഉദ്യോഗസ്ഥന്മാർ നൽകുന്ന നിർദ്ദേശങ്ങൾ കൈക്കൊള്ളണം. ഇപ്രകാരം നാം ഓരോരുത്തരും ആത്മാർത്ഥമായി പ്രവർത്തിച്ചാൽ കൃഷിയെ അഭിവൃദ്ധിപ്പെടുത്താവുന്നതാണ്.

വിത്തു തെരഞ്ഞെടുക്കുക, വിവിധജാതിവിത്തുകളുടെ ബീജസങ്കലനംകൊണ്ട് പുതിയതരംവിത്തുകൾ നിർമ്മിക്കുക, വിദേശങ്ങളിൽനിന്നു നല്ലയിനം വിത്തുകൾ വരുത്തി കൃഷിചെയ്തു പരീക്ഷിക്കുക ഇവ നല്ലകൃഷിക്കാരുടെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട പ്രാധാന്യമുള്ള സംഗതികളാണ്. ഒരു നിലത്തിലുള്ള ഒന്നാംതരം കതിരുകൾമാത്രം തെരഞ്ഞെടുത്തു വിത്തിനായി സൂക്ഷിക്കുന്നതു സാധാരണ കൃഷിക്കാർക്കുപോലും സാധിക്കാവുന്നതാണ്.

കൃഷിക്കാരിൽ ഓരോരുത്തരും ശാസ്ത്രീയമായ വിഷയങ്ങളെക്കുറിച്ചും, വിവിധകൃഷികൾക്കുള്ള വളങ്ങൾ, കൃഷികൾക്കുണ്ടാകുന്ന രോഗങ്ങൾ, കൃഷികളെ നശിപ്പിക്കുന്ന പ്രാണികൾ, അവയുടെ നിവാരണമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചും ഒരു സാമാന്യജ്ഞാനം സമ്പാദിച്ചിരിക്കേണ്ടതാണ്.


നമ്മുടെ ബഹു. ഗവർമ്മെന്റ് ഈ പരിതഃസ്ഥിതികളെ പാടേ മാററുന്നതിനായി പലതും ചെയ്യുന്നുണ്ട്. ജനങ്ങളുടെ ആവശ്യത്തിനു വളങ്ങൾ വില വളരെ കുറച്ചുകൊടുക്കുന്നുണ്ട്. ജലസേചനസൗകര്യങ്ങളും കരമാരിയെ തടുക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. നാം എല്ലാപേരും ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിനു സന്നദ്ധരായെങ്കിലേ എന്തെങ്കിലും പുരോഗതിയുണ്ടാകയുള്ളു. ഗവർമ്മെന്റു സൗജന്യങ്ങളെ പൂർണ്ണമായി അനുഭവിക്കുന്നതിന് ജനങ്ങൾ സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്.

അടിയിൽ കുറിക്കുന്ന പത്തു പ്രധാന സംഗതികളിലേക്കും കർഷകരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

1. പണം ഉണ്ടാക്കുന്നതിനുവേണ്ടി റബ്ബർ, കുരുമുളക്, ഇഞ്ചി മുതലായവമാത്രം കൃഷിചെയ്യുന്ന കൃഷിസ്ഥലങ്ങളെ എല്ലാം, നെല്ല്, സസ്യങ്ങൾ മുതലായ ആഹാരസാധനങ്ങൾക്കായി വിനിയോഗിക്കുക.
2. തരിശായ ഭൂമികളിൽ കൃഷിചെയ്യുക.
3. ഒരുപ്പൂനിലങ്ങളെ ജലസേചനപദ്ധതിമൂലം ഇരുപ്പൂകൃഷിസ്ഥലങ്ങളാക്കുക.
4. ആഹാരസാധനങ്ങൾ ക്രമത്തിനു ഉപയോഗിക്കുക.
5. തുണ്ടുതുണ്ടായ ഭൂവിഭാഗങ്ങളെ ചേർത്തു കൂട്ടുകൃഷിസമ്പ്രദായം നടപ്പിൽ വരുത്തുക.
6. കരമാരിയെ തടുക്കുക.

(ശേഷം നാലാംപേജിൽ)

* ഇലന്തൂർ വില്ലേജ്‌യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ അഗ്രിക്കൾച്ചറൽ കോൺഫറൻസിൽ പ്രസംഗിച്ചത്.



ഫലവൃക്ഷങ്ങളെ ബാധിക്കുന്ന പ്രാണികളെ നശിപ്പിക്കുന്നതിനുള്ള സ്പ്രേയർ വിസ്ലിയിൽ റായൽഹാർട്ടിക്കൾച്ചറൽസൊസൈററിയുടെ പ്രദർശനത്തിൽ ഉപയോഗിച്ചുകാണിക്കുകയുണ്ടായി.

ചെറുകഥ

# കള്ളന്റെ കള്ളൻ

ശാസ്തമംഗലം കെ. ശ്രീധരൻനായർ

I

"ചേട്ടം, എനിക്ക് ഇതൊന്നും മനസ്സിലാകുന്നില്ല. ചേട്ടൻ അയാളുടെ പക്കൽനിന്നു എത്രരൂപാ കടംവാങ്ങി?"

ദുർമ്മുഖത്തോടുകൂടി കസേരയിൽ ചുരുണ്ടുകിടന്നിരുന്ന തന്റെ സഹോദരനെ ശ്യാമള നോക്കി.

'ആയിരം,' അയാൾ വൈമനസ്യത്തോടുകൂടി പറഞ്ഞു, 'അയാൾ എഴുതിക്കൊണ്ടുവന്ന പ്രമാണത്തിൽ ഒപ്പിട്ടപ്പോൾ അതിൽ എന്തെല്ലാമാണ് എഴുതിയിരുന്നതെന്ന് നോക്കാനുള്ള ബുദ്ധി എനിക്കു അന്നുണ്ടായിരുന്നില്ല. പണം കടംവാങ്ങിയിട്ട് ആറുമാസമേ ആയിട്ടുള്ളു. അതിനുമുമ്പ് രണ്ടായിരമായെന്നാണ് അയാൾ പറയുന്നത്. ഇരുപത്തിയഞ്ചു ശതമാനമെന്നോ മറ്റോ ഞാൻ കണ്ടു. മാസത്തിൽ ഇരുപത്തിയഞ്ചുശതമാനമാണെന്ന് ഞാൻ ഊഹിച്ചില്ല. പണം ഇപ്പോൾതന്നെ കൊടുക്കണമെന്നു ആ ഏരപ്പാളി നിർബ്ബന്ധിക്കയുംചെയ്യുന്നു. ഇല്ലെങ്കിൽ—' അയാൾ അർദ്ധോക്തിയിൽ വിരമിച്ചു.

'ഇല്ലെങ്കിൽ?'

'സംഗതികളുടെ കിടപ്പ് അങ്ങിനെയാണ്. തുക ഇരട്ടിച്ചുഎന്നു അറിഞ്ഞപ്പോഴുണ്ടായ വിഷമത്തെ മറക്കുന്നതിനായി ഞാൻ ഉഡിപ്പിയിൽ കയറി. അവിടെവച്ചാണ് ഞാൻ അയാളെ കണ്ടതു്. നിന്നെ അയാൾ കണ്ടിട്ടുണ്ടെന്നു് പറഞ്ഞു. അയാൾ എന്നെ ചായകുടിക്കാൻ ക്ഷണിച്ചു. അയാൾ നല്ലവനാണെന്നു് എനിക്കു തോന്നി. എന്തിന്—ഞാൻ അയാളെ എന്റെ വിഷമങ്ങളെല്ലാം അറിയിച്ചു. അങ്ങിനെ തോന്നിയതു് എന്റെ ഭാഗ്യമായിപ്പോയി. ഈ ഭാസിക്കു് ആ ഷൈലോക്കിനെ അറിയാം. അയാൾ പറഞ്ഞു: 'ഛേ, അതു് ബുദ്ധിമോശമായിപ്പോയി. നിങ്ങൾക്കു മാത്രമല്ല ഈ അബദ്ധം പററിയിരിക്കുന്നതു്. പക്ഷേ സാരമില്ല. ഞാൻ മെസ്സേർസ് നായർ ആൻഡ് കമ്പനിക്കു്'—അവരാണ് എനിക്കു് പണംതന്ന മഹാശയന്മാർ—'ഒന്നെഴുതാം. ഒരുപക്ഷേ അവർ പലിശ കുറയ്ക്കുകയോ കാലാവധി നീട്ടിത്തരുകയോ ചെയ്തേക്കാം. അയാൾ എഴുതുതന്നു. നായർ ആൻഡ് കമ്പനിയുടെ പെരുമാററം പാടേ മാറി. മി. ഭാസിയുടെ സ്നേഹിതന്മാർ പ്രത്യേകഅവകാശങ്ങൾക്കു് അർഹരാണെന്നും മററും കാണിച്ചു് അവരും എഴുതി. എങ്ങിനെയാണ് ഇതിനു പ്രത്യുപകാരം ചെയ്യേണ്ടതെന്നു് ഞാൻ ഭാസിയോടു് ചോദിച്ചു. അപ്പോഴാണ് അയാൾ പറഞ്ഞതു്, അയാൾക്കു് നിന്നെ കണ്ടു പരിചയമുണ്ടെന്നു്.'

അയാൾ മന്ദം ചുമച്ചു് തന്റെ സഹോദരിയെ കടക്കണ്ണാൽ നോക്കി.

'അയാൾ അഭിപ്രായപ്പെട്ടു—നമ്മുടെ വീട്ടിൽ ഈ നാട്ടിൻപുറത്തു കുറച്ചുദിവസം വന്നു താമസിച്ചാൽ കൊള്ളാമെന്നു് അയാൾക്കു് ആഗ്രഹമുണ്ടെന്നു്.'

'ചേട്ടൻ അയാളെ അതിനു് ക്ഷണിച്ചു അല്ലേ?'

'ക്ഷണിക്കാതെ ഞാൻ എന്തുചെയ്യും? വളരെ നല്ലവനാണയാൾ. അയാൾ എനിക്കു് ചെയ്തുതന്ന ഉപകാരത്തെ ഓർത്തെങ്കിലും നീ അയാളോടു് മര്യാദയായി പെരുമാറണം. അച്ഛനെ ഇക്കാര്യമൊന്നും അറിയിക്കേണ്ട. അടുത്തതവണ കടവുംകൊണ്ടുവരുമ്പോൾ വീട്ടിനു പുറത്തെന്നാണ് പറഞ്ഞിരിക്കുന്നതു്.'

'നമുക്കു് അങ്ങോട്ടുചെല്ലാം. എന്റെ മര്യാദയായ പെരുമാററംകൊണ്ടുമാത്രം അയാൾ തൃപ്തനാണെങ്കിൽ എനിക്കു് വിഷമമൊന്നുമില്ല.' ശ്യാമള എഴുനേററു.

അവർ ഹാളിൽ എത്തിയപ്പോൾ അവരുടെ അച്ഛൻ ഭാസിയോടു് എന്തോ പറയുകയായിരുന്നു.

'എട്ടരമണിക്കു് തിരുവനന്തപുരത്തേയ്ക്കു് ഒരു വണ്ടിയുണ്ടു്. അതിൽ—'

'അച്ഛാ, മി. ഭാസിക്കു് ഇവിടെ രണ്ടു ദിവസം താമസിക്കണമെന്നു് പറഞ്ഞിരിക്കുകയാണ്. ശ്യാമളയും അതിനു സമ്മതിച്ചുകഴിഞ്ഞു.'

'അതേ അച്ഛാ. അദ്ദേഹം മൂന്നുനാലു ദിവസം ഇവിടെ താമസിച്ചു് നമ്മുടെ നാട്ടിൻപുറത്തെ കാര്യങ്ങളെല്ലാം മനസ്സിലാക്കട്ടെ.'

'ഓ, ശരി' വൃദ്ധൻ സമ്മതിച്ചു് അവിടെനിന്നും എഴുനേററു പോയി.

അതിഥി അവൾ വിചാരിച്ചിരുന്നതിലും യോഗ്യനായി കാണപ്പെട്ടു.

'കൊച്ചുന്നുജത്തി ഒരു വിഷമമെല്ലാം ഒഴിവാക്കി.' അലസമായ സ്വരത്തിൽ ഇതു പറഞ്ഞ യുവാവിനെ ശ്യാമള തിരിഞ്ഞു നോക്കി.

'ആരു്, വിശ്വംചേട്ടനോ? അച്ഛന്റെ സ്വഭാവം അങ്ങിനെയാണു്. ഇവിടെ അധികമാളുകൾ വരുന്നതു് അച്ഛനു് വിരോധമാണ്.'

'ഭാസിയുടെ ആക്രമണം ഇതുപെട്ടെന്നു് ഉണ്ടാകാൻ കാരണം?' മി: വിശ്വനാഥൻ ചോദിച്ചു.

'എന്തുകൊണ്ടു് ഉണ്ടായിക്കൂടാ?' ആ ചോദ്യം രസിക്കാതെ ശ്യാമള പറഞ്ഞു. 'എന്റെ സഹോദരന്റെ സ്നേഹിതന്മാർക്കു് ഇവിടെ വരുന്നതിനും പോകുന്നതിനും സ്വാതന്ത്ര്യമുണ്ടു്. ഇല്ലെങ്കിൽ നിങ്ങളെ ഇവിടെ കാണാൻ ഇടവരികയില്ലായിരുന്നല്ലോ'

'എനിക്കുപററിയ തെററു് ക്ഷമിക്കണം. സോമനും ഭാസിയും പരിചയക്കാരായിട്ടു് എത്രനാളായി.'

എനിക്കറിഞ്ഞുകൂടാ' അവൾ തിരിഞ്ഞുനടന്നു. അയാളുടെ മുഖത്തു പ്രത്യക്ഷമായ ഭാവഭേദം അവൾ കണ്ടില്ല.

'കൊച്ചുന്നജത്തിയ്ക്കും ഒരു തെററുപററിയെന്നാണ് തോന്നുന്നതു്'

'അതായതു്, സോമൻചേട്ടനു് പററിയെന്നോ?'

'അതു് സ്പഷ്ടമാണു്.' അയാൾ സഗൗരവം പറഞ്ഞു. 'പോരെങ്കിൽ എനിക്കു് വിശദവിവരങ്ങൾ അറിയുകയും ചെയ്യാം'

'ഭാസിയെ നിങ്ങൾക്കു് അറിയാമോ?'

'ഞങ്ങൾതമ്മിൽ മുമ്പേതന്നെ പരിചയക്കാരാണു്"

'എന്നിട്ടു: അയാൾ നിങ്ങളെ അറിഞ്ഞില്ലല്ലോ.'

'ശരിതന്നെ. ഒരുകാര്യം അനുജത്തി ചെയ്യണം. എനിക്കു് അയാളെ അറിയാമെന്നകാര്യം വെളിയിൽ പറയരുതു്. എന്നുമാത്രമല്ല, നമ്മുടെ ബഹുമാന്യനായ അതിഥി ഇവിടം വിട്ടുന്നതുവരെ ഇവിടെ താമസിക്കാൻ ഞാൻ തീർച്ചപ്പെടുത്തിയിരിക്കുകയുമാണു്.'

'അതിനു് വിഷമമൊന്നുമില്ല. പെട്ടെന്നു് പോകണമെന്നായിരുന്നോ നേരത്തേ നിശ്ചയിച്ചിരുന്നതു്'

'നാളെ പോകണമെന്നായിരുന്നു.'

'എന്താ ഇത്രധിറുതി? ഇവിടം മുഷിഞ്ഞോ?'

'ലോകത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചിട്ടുള്ള എന്റെ ജീവിതകാലത്തിനിടയ്ക്കു് ഇത്രയും ആനന്ദപ്രദമായ ഒരുഘട്ടം ഇതുവരെ ഉണ്ടായിട്ടില്ല. ജീവിതം എങ്ങനെ ആയിത്തീരാംഎന്നു് എനിയ്ക്കു്കാണാൻ കഴിഞ്ഞു—ജീവിതം എങ്ങിനെ ആയിരുന്നു എന്നതു് നേരേമറിച്ചു് ആയിരുന്നു എങ്കിൽ!—ശ്യാമളേ, നിനക്കു് കൂടുതൽ ലോകപരിചയമുണ്ടാകുമ്പോൾ മനുഷ്യർ നാം കാണുന്നതുപോലെ സന്തുഷ്ടരോ നല്ലവരോ അല്ല എന്നു് മനസിലാകും. മൂടുപടങ്ങൾ—വെറും മൂടുപടങ്ങൾ. അവയ്ക്കിടയിൽ—ദൈവത്തിനും ആ വ്യക്തിക്കും മാത്രം അറിവുള്ള കാര്യങ്ങൾ.'

അയാൾ പെട്ടെന്നു് എഴുനേററു് വെളിയിലേക്കു്നടന്നു. വിട്ടൊഴിയാത്ത ഒരലസഭാവം അയാളിൽ എപ്പോഴും കാണാമായിരുന്നു. ശ്യാമള ഒരാനന്ദമൂർഛയിൽ ആണ്ടുപോയി. 'ശ്യാമളേ' എന്നല്ലേ അദ്ദേഹം വിളിച്ചതു്? അതുമതി, അതുമാത്രംമതി. മററുകാര്യങ്ങൾ എങ്ങനെയെങ്കിലുമാകട്ടെ.

II

പിറേറദിവസം രാവിലെ ഉദ്യാനത്തിൽ വച്ചു് ശ്യാമളയും ഭാസിയും കണ്ടുമുട്ടി. അയാളോടു്തനിക്കു് ഒരു കടപ്പാടുണ്ടെന്ന ബോദ്ധ്യം അവളെ കുഴക്കിയെങ്കിലും ലോകത്തിനു് കുറവുവരുത്തരുതെന്നു് ആ ബുദ്ധിമതി തീരുമാനിച്ചു.

'സോമൻചേട്ടൻ എന്നോടു് കാര്യമെല്ലാം പറഞ്ഞു. അങ്ങു് വലിയ ഉപകാരമാണു് ചേട്ടനു് ചെയ്തുകൊടുത്തതു്'

'ഓ, സാരമില്ല. എന്റെ സ്ഥാനത്തു് മറെറാരാളായിരുന്നു എങ്കിൽ ഇതുതന്നെ ചെയ്യുമായിരുന്നു. പക്ഷെ—എന്തിനു് മറയ്ക്കുന്നു—നാം എന്തെങ്കിലും ചെയ്തില്ലെങ്കിൽ ഉടനടി ചെയ്തില്ലെങ്കിൽ—എല്ലാം കുഴപ്പത്തിലാകും.

അവളുടെമുഖം മ്ലാനമായി. 'ചേട്ടൻ എന്നോടു് പറഞ്ഞതു് അങ്ങു് കാര്യമെല്ലാം ശരിപ്പെടുത്തി എന്നാണല്ലോ?'

'ഞാൻ എന്തൊക്കെ ശരിപ്പെടുത്തി. മെ: നായർ ആൻഡ് കമ്പനിയ്ക്കു് പല ബിസിനസ്സുണ്ടു്. പണം കടംകൊടുക്കുക എന്നതു് അതിൽ ഒന്നുമാത്രമാണ്. എനിയ്ക്കു് അവരുമായി ചില്ലറ ഇടപാടുകളെല്ലാമുണ്ടു്—വജ്റവ്യാപാരം. അതുകൊണ്ടു് അവർ എന്നോടു് കുറച്ചു് കാര്യവുമാണ്. പലിശ കുറവുചെയ്യാമെന്നും കാലാവധി നീട്ടാമെന്നും അവർ സമ്മതിച്ചതു് അതുകൊണ്ടാണ്. പക്ഷെ മറോസംഗതിയിലാണ് കുഴപ്പമെല്ലാം.'

'ഏതുസംഗതി?'

'സോമൻ പറഞ്ഞില്ലേ? എന്നാൽ ഞാനതു പറഞ്ഞതു് അബദ്ധമായല്ലോ'

'ഒരബദ്ധവുമില്ല. എന്താണെന്നു് കേൾക്കട്ടേ.'

അയാൾ ഒന്നറച്ചു—ഒരു പ്രഗത്ഭനടന്റെ തന്മയത്വത്തോടുകൂടി.

'ഞാനാൽ പറയാം. സോമൻ എന്നോടും അതു പറഞ്ഞില്ല. നായർ ആൻഡ് കമ്പനിയിലെ ഒരാളിൽനിന്നാണ് ഞാനറിഞ്ഞതു്. ഒരുമാസത്തിനുമുമ്പു് സോമൻ ഒരു രത്നമാല വാങ്ങി, ഒരു പ്രസിദ്ധ കമ്പനിയിൽനിന്നു്. വാങ്ങി എന്നു പറയുന്നതു് അത്രശരിയല്ല. പണം താമസിയാതെകൊടുക്കാം എന്നകരാറിന്മേൽവാങ്ങി. നിങ്ങളുടെ അച്ഛനെ ആ വ്യാപാരികൾക്കു് അറിയാമായിരുന്നതുകൊണ്ടു് അവർ കൊടുത്തു. വില എണ്ണൂറുരൂപാ. സോമൻ ഒരു മായത്തരം കാണിച്ചു. അയാൾ അതിനെ പണയം വച്ചു, നായർ ആൻഡ് കമ്പനിയിൽ. അതു കൊടുത്ത വ്യാപാരികൾ ഈ വിവരം അറിഞ്ഞില്ലായിരുന്നു വെങ്കിൽ കുഴപ്പമില്ലായിരുന്നു. കുറച്ചുദിവസം കഴിഞ്ഞു് അതു് പണയത്തിനു വാങ്ങിയ കമ്പനിയിൽ അതിന്റെ ഉടമസ്ഥരിൽ ഒരാൾ ആ രത്നമാല കാണാൻ ഇടയായി. എന്തുചെയ്യാം!"

"അപ്പോൾ ചേട്ടൻ ജയിലിൽ പോകേണ്ടതായിവരും. അല്ലേ?"

"അതേ. നാം എന്തെങ്കിലും പെട്ടെന്നു് ചെയ്തില്ലെങ്കിൽ ന്യൂട്രേഡേർസ്—രത്നമാല കൊടുത്തവർ—വല്ലാത്ത കൂട്ടരാണ്."

"അങ്ങേയ്ക്കു് അവരോടു് ഒരു ശുപാർശ ചെയ്യാൻ കഴികയില്ലേ?"

"എന്റെ കഴിവുകൾ പരിമിതങ്ങളാണ്. പണത്തിനു് ആവശ്യം വന്നപ്പോൾ നിങ്ങളുടെ സഹോദരൻ ശിക്ഷാർഹമായ ഒരു കുററം ചെയ്തു. അതിൽ നാമെന്തുചെയ്യാനാണ്" "എങ്കിലും ആശയ്ക്കു് അവകാശമില്ലേ?" അവൾ ഉൽകണ്ഠാകുലയായി ചോദിച്ചു.

അവരുടെ പുറകിലുള്ള ചെടിക്കൂട്ടത്തിൽ എന്തോ ശബ്ദം കേട്ടു.

ഭാസി അതുകേട്ടില്ല. ആറുമാസം മുൻപു് സിനിമാഹാളിൽവച്ചു് കണ്ട ആ വിശ്വമോഹിനി തന്റെ സമീപത്തു നിൽക്കുന്നു എന്ന ചിന്തയിൽ അയാൾ മതിമറന്നുപോയി. അതോടൊപ്പം അയാളിലെ മനുഷ്യത്വം എങ്ങോ പോയൊളിച്ചു. "ഒരു പ്രധാനകാര്യം പറയാനുണ്ടു്" അയാൾ എങ്ങിനെയോ പറഞ്ഞു. "ഞാൻ അതു് ഇത്ര പെട്ടെന്നു് പറയുന്നതിൽ നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. നിങ്ങളുടെ സഹോദരന്റെ ചുററുപാടുകളെ മുൻനിർത്തി ഞാൻ അതു പറയാൻ പ്രേരിതനാണ്. ഞാൻ ന്യൂട്രേഡേർസിലെ മാനേജരോടു്, രത്നമാലയെസംബന്ധിച്ചു് കേസുമാകാതെ അതു് എന്നെ വ്യക്തിപരമായി സ്പർശിക്കുമെന്നു് പറയുകയാണെങ്കിൽ ഒരു പക്ഷേ അവർ വ്യവഹാരപ്പെടുകയില്ല."

"വ്യക്തിപരമായി സ്പർശിക്കുമെന്നോ?"

"അതായതു് കുടുംബസംബന്ധമായ കാരണങ്ങളാൽ ഒരു വ്യവഹാരം എന്നെ സാരമായി സ്പർശിക്കുമെന്നു് ഞാൻ അവരോടു പറയുകയാണെങ്കിൽ അവർ എന്നോടു് തീർച്ചയായും അനായത്രപത്തി[illegible]" [illegible] തന്റെ ഉദ്ദേശം നഗ്നരൂപത്തിൽ വെളിവാക്കി. "ഞാൻ ഈ കുടുംബത്തിലെ ഒരു കുട്ടിയെ വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്നുഎന്നു് പറഞ്ഞാൽ അവർ ഇക്കാര്യത്തിൽ നമുക്കു് പ്രതികൂലമായ നയം തീർച്ചയായും കൈക്കൊള്ളുകയില്ല."

"നിങ്ങൾ എന്നെ വിവാഹം ചെയ്യുകയോ?' അവളുടെ സ്വരത്തിൽ സ്ഫുരിച്ച അവജ്ഞ അയാളെ രോഷാകുലനാക്കി. 'അതേ, ഞാൻ നിന്നെ വിവാഹം ചെയ്യുകയാണെങ്കിൽ. ഒന്നുകിൽ നീ അതിനു സമ്മതിക്കണം അല്ലെങ്കിൽ നിന്റെ സഹോദരനെ നാശഗത്തത്തിലേയ്ക്കു് തള്ളണം. പണം അയാളെ രക്ഷിക്കുകയില്ല. നിന്റെ അച്ഛനെ സമീപിച്ചതുകൊണ്ടു് പ്രയോജനമില്ല. നായർ ആൻഡ് കമ്പനിയ്ക്കു് പണം മതിയാകുമാറാവരുടെ കാര്യത്തിൽ അതുപോരാ," അയാളുടെ സ്വരം മാറി. "എന്തുകൊണ്ടു് അതു പാടില്ല? ഞാൻ നിനക്കുവേണ്ടി ജീവിക്കുകയാണ്. എനിയ്ക്കു് വേണ്ടുവോളം പണമുണ്ടു്. നമുക്കിരുവർക്കും——" കൈകൾ നീട്ടിക്കൊണ്ടു് അയാൾ അവളെ സമീപിച്ചു. അവൾ പുറകോട്ടു് ഒഴിഞ്ഞുമാറി. അയാൾ വീണ്ടും അടുത്തു.

ഭാസിയുടെ പുറകിലുള്ള ചെടിക്കൂട്ടത്തിനിടയിൽ ഒരനക്കംകേട്ടു. അതിനെത്തുടർന്നു് കണ്ണു തിരുമ്മി. കോട്ടുവാവിട്ടുകൊണ്ടു് വിശ്വനാഥൻ പ്രത്യക്ഷനായി.

(ശേഷം അഞ്ചാംപേജിൽ)

(മൂന്നാംപേജിൽനിന്നും തുടർച്ച)

7. നല്ല കൃഷിആയുധങ്ങൾകൊണ്ടു ഉഴവു നടത്തുക.

8. നല്ലതും ധാരാളം അനുഭവം ഉള്ളതുമായ വിത്തുകൾ കൃഷിചെയ്യുക.

9. ധാരാളം വളം ഉപയോഗിക്കുക.

10. Compost വളം ധാരാളമായി ഉണ്ടാക്കുക.

ഈ ഘട്ടത്തിൽ നമ്മുടെ ഇപ്പോഴത്തെ നിസ്സാരതോതിലുള്ള വിളവിനെ വർദ്ധിപ്പിക്കുകയെന്നൊന്നല്ലാതെ ഇന്നു നിലവിലിരിക്കുന്ന ഗൗരവാവഹമായ ഭക്ഷ്യദൌർല്ലഭ്യത്തെ തരണംചെയ്യാൻ വേറേ മാർഗ്ഗമില്ല. ഈ വിഷയത്തിൽ ഗവമെന്റിൽനിന്നും പലവിധത്തിലുള്ള പ്രായോഗികനടപടികളും സ്വീകരിച്ചിട്ടുണ്ടു്. അടുത്ത എട്ടുമാസക്കാലത്തിനകം വിളവെടുക്കാവുന്ന ധാന്യങ്ങൾ, കിഴങ്ങുകൾ, സസ്യങ്ങൾ മുതലായവ തരിശുഭൂമികളിൽ കൃഷിചെയ്യുന്ന ഓരോകർഷകനും ഏക്കറൊന്നിനു് പത്തും, ഇരുപതും രൂപാവീതം കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും ബോണസ്സു നൽകുക, നെൽകൃഷിക്കു സഹായകമായ പൊതുകുളങ്ങളെ ഇഞ്ചിനീയറിംഗുവകുപ്പിൽനിന്നും മുൻഗണനനൽകി നന്നാക്കുക, കൃഷിക്കുപയുക്തമായ പുതിയ കിണറുകൾ കുഴിപ്പിക്കുന്നവർക്കു 400 രൂപാവരെ സഹായധനം കൊടുക്കുക, രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വളംഡിപ്പോകൾ സ്ഥാപിച്ചു് അവിടെനിന്നും വളങ്ങൾ സൗജന്യനിരക്കിൽ കൃഷിക്കാർക്കു കൊടുക്കുക, നഗരശുചീകരണത്തിൽനിന്നും ലഭിക്കുന്ന പാഴ്‌സാധനങ്ങൾകൊണ്ടു് കമ്പോസ്റ്റുവളം തയാറാക്കുക, മൺവെട്ടി, തൂമ്പാ വെട്ടുകത്തി മുതലായ കൃഷിആയുധങ്ങൾ പ്രചരിപ്പിക്കുക. ഇപ്രകാരമുള്ള ഫലപ്രദമായ ജോലികൾ Grone more food composition-ന്റെ ചുമതലയിൽ ചെയ്തുവരുന്നുണ്ടു്. ഇന്നത്തെ പരിതഃസ്ഥിതിയെ മനസ്സിലാക്കി നാം ഭക്ഷ്യോല്പാദനവിഷയത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്.

—o—

(നാലാംപേജിൽനിന്നും തുടർച്ച)

"ആരു്. കൊച്ചനുജത്തിയോ? ഞാൻ ഒന്നു മയങ്ങിപ്പോയി. ഇന്നലെ രാത്രി ഉറക്കം അത്ര ശരിയായില്ല. രാവിലെ വെളിയിലിറങ്ങി ഇളം വെയിൽ കൊണ്ടപ്പോൾ ഒരു മന്ദതതോന്നി. ഇളംവെയിലത്തു് അത്ര പാററിയതല്ല. അല്ലേ ഭാസി."

മന്ദഹസിച്ചുകൊണ്ടു് ഭാസിയെ നോക്കി വിശ്വനാഥൻ തൻെറ കണ്ണട ശരിപ്പെടുത്തിവച്ചു.

"ശബ്ദമുണ്ടാക്കാതെ ഉറങ്ങാൻ നിങ്ങൾ സമർത്ഥനാണെന്നു തോന്നുന്നു." സഗർവ്വം ഭാസി പറഞ്ഞു.

"അതെതെ. എൻെറ അമ്മ പറയാറുണ്ടു് വിശ്വം ഉറങ്ങുമ്പോൾ മാത്രം ഒരു ശബ്ദവും കേൾക്കുകയില്ലെന്നു്. കൂർക്കം വലിക്കുന്നതു് ശ്രോതാക്കൾക്കു് അസുഖകരമാണു്!!

ഭാസി ശ്യാമളയോടു് തിരിഞ്ഞു. "എൻെറ അഭിപ്രായത്തിനു് ഒരു മറുപടി നാളെത്തന്നെ പറയണം. രാവിലെ ഉറങ്ങുന്ന കൂട്ടരുടെ ശല്യം ഇല്ലാത്ത സ്ഥലത്തു് ഞാൻ നടക്കാൻ പോകുകയാണു്" അയാൾ നടന്നു.

"സരസൻ തന്നെ, അല്ലേ?" വിശ്വം ചോദിച്ചു.

'മൃഗം—വെറും മൃഗം' അവൾ മന്ത്രിച്ചു.

'ഈ അഭിമുഖസംഭാഷണം കൊച്ചനുജത്തിയിൽ ആ അഭിപ്രായം ഉളവാക്കുമെന്നു ഞാൻ ഊഹിക്കാതിരുന്നില്ല."

'ഞങ്ങളുടെ സംഭാഷണം നിങ്ങൾ കേട്ടോ?'

എല്ലാം കേട്ടു. അതിനാണു ഞാൻ ഒളിച്ചിരുന്നതു്.'

'നിങ്ങൾ എന്നാൽ നേരത്തെ വെളിയിൽ വരാഞ്ഞതെന്തു്?'

'അയാൾക്കു പറയാനുള്ളതു മുഴുവൻ എനിക്കു കേൾക്കണമായിരുന്നു.'

'എന്തിനു്?'

അതു പറയാൻ സമയമായില്ല, ദയ ചെയ്തു് പൊന്നനുജത്തി അയാളുമായി നാളെ ഒരു സായാഹ്നസവാരിക്കു് പോകണം—അയാളോടു അനുകൂലഭാവം കാണിക്കണം.'

'എനിക്കതിനു സമ്മതമില്ല.'

'എന്നുമാത്രമല്ല' പ്രതിഷേധം കേൾക്കാതെ മട്ടിൽ അയാൾ സാവധാനത്തിൽ പറഞ്ഞു.' അയാളെ ഇവിടെനിന്നു വെളിയിൽ അയയ്ക്കുകയും പാടില്ല.'

'എന്തിനാണു് ഇതെല്ലാം ചെയ്യുന്നതു്?'

അയാൾ നാളെയും മറെറന്നാളും ഇവിടെനിന്നു വെളിയിൽ പോകാൻ ഇടകൊടുത്താൽ സർവ്വവും തെററി.'

'എനിക്കൊന്നും മനസ്സിലാകുന്നില്ല.'

'വഴിയേ മനസിലാകും.' ക്ഷീണസ്വരത്തിൽ അയാൾ പറഞ്ഞു.

'ഞാൻ പറഞ്ഞപോലെ ശ്യാമള ചെയ്യുകയില്ലേ?'

'ചെയ്യാം, അങ്ങു് പോകുകയാണോ?'

'നാളെ രാവിലെ കഴിയുന്നതും വേഗം മടങ്ങിവരാം.'

III

അടുത്തദിവസം രാവിലെ പത്തുമണിക്കു പാശ്ചാത്യരീതിയിൽ വസ്ത്രധാരണം ചെയ്ത ഒരാൾ ന്യൂട്രേഡേർസിൻെറ ആഫീസിൽ എത്തി.

മി: മോഹൻ ഇവിടെയുണ്ടോ?'

'നിങ്ങൾക്കു അദ്ദേഹത്തെ കാണേണ്ട ആവശ്യം?' ആഫീസിലെ ക്ലാർക്ക് ചോദിച്ചു.

'തന്നെ ഒരു ബാർബർഷാപ്പിലേക്കു് അയയ്ക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നു പറയാൻ.' ആഗതൻ ഗർജ്ജിച്ചു, 'താൻ ആഫീസിനു ഒരലങ്കാരമാണെന്നു പറയാൻ യാതൊരു നിവൃത്തിയുമില്ല. പോണം മിസ്റ്റർ, പോയി പറയണം, ഭാസിയുടെ സന്ദേശവുംകൊണ്ടു് ഒരാൾ വന്നിരിക്കുന്നു എന്നു്.'

ക്ലാർക്ക് ഉടൻപോയി മാനേജരുമായി മടങ്ങിവന്നു.

'ങ്, എന്തുവിശേഷം?' മോഹൻ ചോദിച്ചു.

'ഭാസി എല്ലാം ഭംഗിയായി നിർവ്വഹിച്ചു. ഇപ്പോൾ അയാൾ തൻെറ ഹൃദയനാഥയുമായി സൈ്വരസല്ലാപം ചെയ്യുകയാണു്.'

'ആഹാ, ഭേഷ്!'

'അതുകൊണ്ടാണു് എന്നെ ഇങ്ങോട്ടയച്ചതു്. ഞാൻ നായർ ആൻഡ് കമ്പനിയിലെ ആളാണ്. അവൾക്കു് ഒരു സമ്മാനം കൊടുക്കണമെന്നാണു് ഭാസിയുടെ ആഗ്രഹം. അതെവിടെ?' അയാൾ പാക്കററിൽ തപ്പിനോക്കി—'ഇതാ—കാണാൻകൊണ്ടുപോയ രത്നമാല തിരിയെ പാററിയിരിക്കുന്നു എന്നു കാണിച്ചു് ഒരു രസീതുംകൂടി തരണമെന്നു് ഭാസി പറഞ്ഞു.' അയാൾ കണ്ണിറുക്കി ഭാസിയുടെ മനസ്സു അഗാധമാണു്.

'സംശയമില്ല. വളരെ അഗാധം' മി മോഹൻ രത്നമാല മേശപ്പുറത്തു നിക്ഷേപിച്ചു. എന്നിട്ടു ക്ലാർക്കിനോടു 'പോയി ഒരു രസീതുഫാറം കൊണ്ടുവരു.'

'മററെ കടലാസു് എവിടെ?' രസീതിൽ ഒപ്പുവച്ചുകൊണ്ടു് മോഹൻ ചോദിച്ചു, ആഗതൻ പാക്കററിൽനിന്നു് മററൊരു കടലാസു് എടുത്തുകൊടുത്തു. 'ഇതാ രണ്ടുംകൂടി ഒരു കവറിൽ ഇട്ടു് ഭാസിയുടെ മേൽവിലാസം എഴുതി ഇങ്ങോട്ടു തന്നേച്ചാൽമതി ഞാൻ ഇതാപോകുകയായി. പോകുന്നവഴി അഞ്ചലിൽ ഇട്ടേക്കാം.'

കവറും വാങ്ങി അടുത്ത നിമിഷത്തിൽ ആഗതൻ അവിടെനിന്നും ഇറങ്ങി വീഥിയിലെ ജനക്കൂട്ടത്തിനിടയിൽ അപ്രത്യക്ഷനായി.

അന്നു വൈകുന്നേരത്തെ പത്രം കണ്ടപ്പോൾ മി: മോഹൻ അത്ഭുതപരതന്ത്രനായി സ്തംഭിച്ചുനിന്നുപോയി. അയാൾ ഇങ്ങനെ വായിച്ചു:—

## നഗരത്തിലെ വമ്പിച്ച കൊള്ള

തിരു.—, നഗരത്തിലെ സുപ്രസിദ്ധവ്യാപാരികളായ മെ: നായർ ആൻഡ് കമ്പനിയിൽ ഇന്നലെ രാത്രിയിൽ ഏതോ അജ്ഞാതതസ്കരൻ പ്രവേശിച്ചു് വലിയ കൊള്ള നടത്തിയിരിക്കുന്നു. കമ്പനിയിലെ വാച്ചർ ഇന്നുരാവിലെ ഒരു തൂണിൽ ബന്ധിതനായി കാണപ്പെട്ടു. അന്വേഷണത്തിൽ വിലയേറിയ പല സാധനങ്ങൾ വച്ചിരുന്ന ഇരുമ്പുപെട്ടി തുറന്നിരിക്കുന്നതായും അകത്തിരുന്ന അനേകം രത്നമാലകൾ അപ്രത്യക്ഷമായിരിക്കുന്നതായും അറിയുന്നു. പോലീസു് ഊർജ്ജിതമായ അന്വേഷണം നടത്തുന്നു.'

മി: മോഹൻ പത്രംനോക്കി തുറിച്ചുനിന്ന സമയത്തുതന്നെ എക്സ്പ്രസ്സ് കോച്ചിൻെറ ഒരു കോണിൽ മെലിഞ്ഞു് അലസഭാവത്തോടുകൂടിയ ഒരാൾ ആ പത്രത്തിൻെറ പ്രതിതന്നെ വായിക്കുകയായിരുന്നു.

'ഊർജ്ജിതമായ അന്വേഷണം!' അയാൾ മന്ത്രിച്ചു, 'ആരറിഞ്ഞു? ആത്മപ്രശംസയാണെങ്കിലും, അതു ഭംഗിയായി'

ഇതു് പരിഷ്കൃതരീതിയിൽ വസ്ത്രധാരണംചെയ്ത ഒരാൾക്കു യോജിച്ച ആത്മഗതമല്ലെന്നു് നാം വിചാരിച്ചേക്കാം. അങ്ങിനെയാണെങ്കിൽ, അന്നത്തെ അഞ്ചൽവണ്ടിയിൽ ഒരു മെയിൽബാഗിനകത്തു് ഒരു വിസ്മയകരമായ മാററം സംഭവിച്ചിരിക്കുന്നു എന്നു് നാം അറിയുകയാണെങ്കിലോ? എന്തുകൊണ്ടെന്നോ? രണ്ടു പ്രമാണങ്ങൾ ഉള്ളടക്കംചെയ്തു് മി: ഭാസിയുടെ മേൽവിലാസത്തിൽ അയച്ചിരുന്ന ഒരെഴുത്തു് മൂന്നു പ്രമാണങ്ങൾ ഉള്ളടക്കംചെയ്തു് ശ്രീമതി ശ്യാമളാദേവിയുടെ മേൽവിലാസത്തിലുള്ള ഒന്നായി രൂപാന്തരപ്പെട്ടിരിക്കുന്നു.

IV

'ഭാസി; നമസ്തേ! വിശേഷമൊന്നുമില്ലല്ലോ?'

വിശ്വം ഉത്സാഹഭരിതനായി ഹാളിൽ കടന്നു.

'എന്താണു് ഇന്നു് മൌനിയായി കാണപ്പെടുന്നതു്? എന്തുപററി?' പക്ഷേ ഭാസി സംഭാഷണോൽസുകനായി കാണപ്പെട്ടില്ല. കുറച്ചുമുൻപു് കിട്ടിയ ഒരു കമ്പിസന്ദേശം അയാളെ അസ്വസ്ഥനാക്കിയിരിക്കുന്നു.

'ആ പത്രം ഇങ്ങോട്ടു തരൂ, ഞാനൊന്നുനോക്കട്ടെ.' ഭാസി അതിൽ കടന്നുപിടിക്കാൻ ശ്രമിച്ചു.

'ഹേയ്! എന്താ ഇത്ര തിടുക്കം? ഒരു മര്യാദയൊക്കെവേണ്ടേ? അകലെ ശ്യാമള നിൽക്കുന്നതുകണ്ടു് 'പേപ്പർ ഇതാ. വെളിയിലെവിടെയെങ്കിലും കൊണ്ടുപോയി വായിക്കൂ.'

വിശ്വം ശ്യാമളയുടെ സമീപത്തേയ്ക്കു നടന്നു.

'എന്താ വിശേഷം?'

'ഉള്ളതെല്ലാം വിശേഷംതന്നെ.' അയാൾ പറഞ്ഞു, 'പ്രധാനമായി അനർഹനായ ഒരു പാപി! അതിസുന്ദരിയായ ഒരു പെൺകൊടിയെ പ്രാണനു പ്രാണനായി സ്നേഹിക്കുന്നു. രണ്ടാമതു്, ആ പെൺകൊടിക്കു് ഇന്നത്തെ അഞ്ചലിൽ നീളമുള്ള ഒരു കവർ കിട്ടും, തിരുവനന്തപുരം മുദ്രയുള്ളതു്. ആ പെൺകൊടി എൻെറ മുൻപിൽവച്ചു അതു പൊട്ടിക്കാവൂ എന്നു് എനിക്കു് ഒരു നിർബന്ധം. മനസ്സിലായോ?'

'മനസ്സിലായി.'

'നിങ്ങൾ ഇതു വായിച്ചില്ലേ?' രോഷാകുലനായി ഓടിവന്ന ഭാസി ചോദിച്ചു.

'ഏതു്?' കടലാസു് വാങ്ങി വിശ്വം അതു വായിച്ചു. 'തിരുവനന്തപുരത്തു് നടന്ന കൊള്ള—നായർ ആൻഡ് കമ്പനിയിൽ—ഇരുമ്പുപെട്ടി തുറന്നു് അതിലിരുന്നതെല്ലാം തട്ടിക്കൊണ്ടുപോയിരിക്കുന്നു. തസ്കരൻ സമർത്ഥൻതന്നെ. ഇതുപോലെ എത്ര കൊള്ളകൾ തെളിയാതെ പോയിരിക്കുന്നു! അതിനു നിങ്ങൾക്കെന്താണിത്ര ആവേശം? നായർ ആൻഡ് കമ്പനിക്കല്ലേ നഷ്ടം നേരിട്ടിരിക്കുന്നതു്?'

'നിങ്ങളെ ഞാൻ എവിടെവച്ചോ കണ്ടിട്ടുള്ളതായി തോന്നുന്നു' ഭാസി തല ചൊറിഞ്ഞുകൊണ്ടു് പറഞ്ഞു.

'ഒരിക്കലും അതിനിടയില്ല' വിശ്വം മന്ത്രിച്ചു.' നാം പരസ്പരം കണ്ടിരുന്നെങ്കിൽ നിങ്ങളുടെ അഴകൊഴുകുന്ന മുഖം എൻെറ സ്മൃതിപഥത്തിൽ എന്നും നിലനിൽക്കുമായിരുന്നു—അതാ അഞ്ചൽശിപായി വരുന്നു.'

അയാൾ എഴനേററു് എഴുത്തുകൾ വാങ്ങി. 'കൊച്ചനുജത്തിക്കു് ഇതാ, ഒരെണ്ണം. പൊട്ടിച്ചു് വായിക്കു, കേൾക്കട്ടെ'

ശ്യാമള കവർ പൊട്ടിച്ചു. അതിലെ ഉള്ളടക്കങ്ങൾ കണ്ടപ്പോൾ ഭാസി മുന്നോട്ടു കുതിച്ചു, ഉത്തരക്ഷണത്തിൽ ഒരു ലോഹഹസ്തം അയാളെ പുറകോട്ടു മാററി.

'എന്താ ഇത്ര ധിറുതി?' വിശ്വം ചോദിച്ചു.

'ഇതെല്ലാമെന്താണു്?' ശ്യാമള അമ്പരപ്പോടുകൂടി ചോദിച്ചു. 'എനിക്കു് ഒന്നും മനസ്സിലാകുന്നില്ല.'

'ഇങ്ങോട്ടുതരൂ, ഞാൻ ഒന്നുനോക്കട്ടെ' വിശ്വം അതു വാങ്ങിനോക്കി.' ഇതിൽ ഒന്നു് ന്യൂട്രേഡേർസിൻെറ രസീതാണു്—ശ്യാമളയുടെ സഹോദരൻ ആരെയോ കാണിക്കാൻ വാങ്ങിക്കൊണ്ടുപോയ വജ്രമാല തിരിയെ പാററിയിരിക്കുന്നതായുള്ള രസീതു്.'

'പക്ഷേ ഭാസി പറഞ്ഞല്ലോ, ചേട്ടൻ അതു പണയംവച്ചു എന്നു്' ശ്യാമള ഭാസിയെ നോക്കി.

'ഇതു് ഒരു കള്ളപ്രമാണമാണു്' ഭാസി ശഠിച്ചു.

'ങാഹാ! ഇതു് മി: മോഹൻെറ ഒപ്പല്ലേ? ഇതെഴുതിയിരിക്കുന്ന പേപ്പർ ന്യൂട്രേഡേർസിൻെറയല്ലേ? അവർക്കു മാല കിട്ടി എന്നതിനു് ഇതിൽക്കൂടുതൽ എന്തു തെളിവാണു വേണ്ടതു്?'

"സംശയമില്ല. ഇന്നലെ രാത്രിയിൽ അതു മോഷ്ടിച്ചു..." ഭാസി ക്രോധാകുലനായി വിശ്വനാഥനെ നോക്കി. അയാളുടെ മുഖത്തു് പെട്ടെന്നു ഒരു മാററമുണ്ടായി "നീ...നീ..." "ഞാൻ? ഒന്നുകൂടി ഓർമ്മിച്ചുനോക്കു്. അതിനിടയ്ക്കു് എഴുത്തിലെ മററു രണ്ടു കടലാസുകളും എന്താണെന്നു നമുക്കു നോക്കാം. ഇതാ ഇതു് നായർ ആൻറു കമ്പനിയിൽനിന്നു് മാസത്തിൽ ൨൫ ശതമാനം പലിശയ്ക്കു പണം കടംവാങ്ങിയതിനു് സോമൻ എഴുതിക്കൊടുത്ത പ്രോനോട്ടു് ൨൫ ശതമാനം! ഭാസി, അവർ ഇത്ര ചോരകുടിയന്മാരാണോ?"

ഭാസി അതു കേട്ടില്ല. വിശ്വനാഥനെ അയാൾ അറിഞ്ഞുകഴിഞ്ഞു. "അങ്ങിനെ വരട്ടെ!" അയാൾ ചിരിച്ചു. "എടാ പൂച്ചരാഘവം നീ ഇനിയും എങ്ങനെ രക്ഷപെടും? പിടികിട്ടാതെ കിടന്ന പൂച്ചരാഘവനെ കാണുമ്പോൾ പോലീസ് എന്തുചെയ്യുമെന്നു് എനിയ്ക്കറിയണം".

"അയ്യോ! ഇയാൾ എന്താണു പറയുന്നതു്?" ശ്യാമള ചോദിച്ചു.

"വിശ്വനാഥൻ എന്ന പേരോടുകൂടി ഈ നിൽക്കുന്നവൻ രണ്ടുമൂന്നു രാജ്യങ്ങളിൽ കേൾവികേട്ട ഒരു തസ്കരനാണു്. പോലീസുകാർ ഇവനെ സസന്തോഷം സ്വീകരിക്കുന്നതു് നമുക്കു് ഇപ്പോൾ കാണാം."

## General Knowledge Quiz
### Answers

[Questions on page 2]

1 (c); 2 (a); 3 (c); 4 (b); 5 (a); 6 (b); 7 (c); 8 (a); 9 (c); 10 (b); 11 (a); 12 (c); 13 (b); 14 (a).

---

അയാൾ വേഗത്തിൽ വെളിയിലേക്കു ഇറങ്ങാൻ ഭാവിച്ചു. "അത്ര ധിറുതികൂട്ടേണ്ട എന്നാണു് എനിക്കു തോന്നുന്നതു്. ഈ എഴുത്തയച്ച അജ്ഞാതമനുഷ്യൻ ഇതാ, വേറൊരു കടലാസുകൂടി ഇതിൽ വച്ചിരിക്കുന്നു. മെ. നായർ ആൻറു കമ്പനി നിയമവിരുദ്ധമായ വജ്രവ്യാപാരത്തിൽ ഏർപ്പെട്ടുന്നുണ്ടെന്നുള്ളതിനു് തെളിവുകൾ ഇതിലുണ്ടു്."

അവരിരുവരും പരസ്പരം നോക്കി. വിശ്വം വീണ്ടും പറഞ്ഞു:—"ഈ മൂന്നുപ്രമാണങ്ങളും എൻെറ പക്കൽതന്നെയിരിക്കട്ടെ—നിരൻെറ പ്രവൃത്തികളെ നിയന്ത്രിക്കാൻ. സോമൻ, സമ്മതമുള്ളപക്ഷം, വാങ്ങിയപണം തിരിയെകൊടുക്കട്ടെ, അയാളെ വിവരമെല്ലാം ഞാൻ അറിയിച്ചുകൊള്ളാം. വജ്രമാലയുടെ കാര്യത്തിൽ നീ വല്ലകുഴപ്പവും ഉണ്ടാക്കുകയാണെങ്കിൽ—അതു മോഷ്ടിച്ചതു് പൂച്ചരാഘവനാണെന്നു് വെളിയിൽ അറിയുകയാണെങ്കിൽ—നിനക്കു് കഷ്ടകാലം അടുത്തു എന്നു് കരുതിക്കൊള്ളണം. പോലീസ്സധികൃതർക്കു് ഈ കടലാസു് രസകരമായി തോന്നാനിടയുണ്ടു്."

രണ്ടു ഹസ്തങ്ങൾ ഭാസിയുടെ തോളിൽ പതിച്ചു. "എടാ—പോകുന്നു തെമ്മാടികൾ ധാരാളമുണ്ടു്. പക്ഷേ നിന്നെപ്പോലെ ഒരെണ്ണം മറെറാരിടത്തുമില്ല. കടക്കു് പുറത്തു്! വേഗം! തിരുവനന്തപുരത്തേക്കു് ഇപ്പോൾ ഒരഞ്ചൽവണ്ടിയുണ്ടു്. പോടാ!" "നീ കരുതിക്കോ! എൻെറ പുളിച്ചിയും പൂക്കും!" "അപ്പോൾ നമ്മുടെ സംഭാഷണം തുടരാം." ഇപ്പോൾ—പോകുന്നോ ഇല്ലയോ? '

V

"അതേ, അയാൾ പറഞ്ഞതു ശരിയാണു്"

അവൾക്കു അതു് എങ്ങിനെയോ മനസ്സിലായി. എങ്കിലും എന്തോ തെററുപററിയിരിക്കണം എന്ന ആശയായിരുന്നു അവൾക്കു ഉണ്ടായിരുന്നതു്. പക്ഷേ ഹൃദയനാഥനും താനും മാത്രമായപ്പോൾ ആ ആശയും അസ്തമിച്ചു. അയാൾ ആ പഴയ അലസമന്ദസ്മിതത്തോടുകൂടി അവളെ നോക്കി—വേദനയും വിഷാദവും തുളുമ്പിനിന്ന ഒരു നോട്ടം.

"അതേ, ഞാൻ പൂച്ചരാഘവൻതന്നെ. നായർ ആൻറു കമ്പനിയിലെ ഇരുമ്പുപെട്ടി തുറന്നതു് ഞാനാണു്; ന്യൂട്രേഡേർസിൽനിന്നു് രസീതുവാങ്ങിയതും. ഞാൻ അവൻെറ തന്ത്രങ്ങളെല്ലാം നേരത്തേതന്നെ അറിഞ്ഞിരുന്നു. വാസ്തവത്തിൽ ഭാസിയാണു് നായർ ആൻറു കമ്പനി. ഒരൊററ ഉദ്ദേശത്തോടുകൂടിയാണു് അയാൾ ഈ ഉപായങ്ങളെല്ലാം പ്രയോഗിച്ചതു്."

ദീർഘമായി ഒന്നു നിശ്വസിച്ചു് അയാൾ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. "ഒരു വെറും കള്ളൻ. അയാൾക്കു് ഒരു സമാധാനമേയുള്ളു, ഒരു സുന്ദരിയായ യുവതിയെ ആപത്തിൽനിന്നു രക്ഷിച്ചു എന്നു്. അനുജത്തി കരയരുതു. ആ കണ്ണുകളിലെ ഒരുതുള്ളി കണ്ണുനീരിനുപോലും ഈ പാപി അർഹനല്ല. നിന്നെ സ്നേഹിച്ച ധിക്കാരത്തിനു് നീ അയാൾക്കു മാപ്പുകൊടുക്കണം. അയാൾക്കു് സ്നേഹിക്കാതിരിക്കാൻ സാധിച്ചില്ല എന്നതാണു് അയാൾക്കുള്ള സമാധാനം. ഒരുപക്ഷേ കാലാന്തരത്തിൽ ആ പെൺകൊടി, ചിലക്കു് വിശ്വനാഥനെന്നും മററുചിലക്കു് പൂച്ചരാഘവനെന്നും അയാൾക്കുതന്നെ—അതുപോകട്ടെ—അറിയപ്പെടുന്ന ഒരുത്തനെപ്പററി വല്ലപ്പോഴുമെങ്കിലും ഓർമ്മിക്കുമായിരിക്കും."

അയാൾപൊയ്ക്കഴിഞ്ഞു. "അയ്യോ, അങ്ങു പോകണ്ടാ, ഞാനും—" ശ്യാമളയുടെ അപേക്ഷ കേട്ടതായിഅയാൾഭാവിച്ചില്ല.

ഒരു പാതകി, അവസാനംവരെ പാതകിയായിത്തന്നെ കഴിഞ്ഞുകൂടണമെന്നും ജീവിതയാത്ര തനിച്ചു നിർവ്വഹിക്കണമെന്നുമായിരുന്നു അയാളുടെ പ്രമാണം.

—o—

# എ. ഐ. സി. സി. സമ്മേളന നടപടികൾ

## ബ്രി: പദ്ധതി സ്വീകരിച്ചു കൊണ്ടുള്ള പ്രമേയം പാസായി

### നാട്ടുരാജ്യങ്ങളുടെ സ്വാതന്ത്ര്യപദവി അംഗീകരിക്കയില്ലെന്ന പ്രമേയം പാസാക്കപ്പെട്ടു

(എ. പി. ഐ.)

ന്യൂഡെൽഹി, ജൂൺ ൧൫—ഇന്നുച്ചയ്ക്കു ശേഷം ൧൪-ാം-നു എ. ഐ. സി. സി. സമ്മേളനം വീണ്ടുമാരംഭിച്ചു. ജൂൺ ൩-ാം നു-ലത്തെ എച്ച്. എം. ജി-യുടെ പദ്ധതി അംഗീകരിച്ചുകൊണ്ടുള്ള പ്രവർത്തക സമിതിയുടെ പ്രമേയത്തെക്കുറിച്ചുള്ള വാദപ്രതിവാദം തുടർന്നു. പ്രമേയത്തെ എതിർത്തുകൊണ്ട് രാജ്യത്തിന്റെ വിഭജനത്തിൽ ഒരിക്കലും കോൺഗ്രസ് പങ്കാളിയായിരിക്കയില്ലെന്നും ഇഷ്ടമില്ലാത്ത പ്രദേശത്തെ യൂണിയനിൽ നിർത്തുവാൻ നിർബ്ബന്ധിക്കയില്ലെന്നും കോൺഗ്രസ്സ് എപ്പോഴും പറഞ്ഞിട്ടുണ്ടെന്നു ബീഹാർനേതാവായ സ്വാമി സഹജാനന്ദൻ പ്രസ്താവിച്ചു. ഇപ്പോഴത്തെ പ്രമേയം വിഭജനത്തിനു പ്രോത്സാഹനം നൽകുന്നു. ബ്രിട്ടീഷുകാർക്ക് അവർ ഇഷ്ടപ്പെടുന്നതെന്തായാലും അതു ചെയ്യുവാൻ കഴിയും. പക്ഷേ കോൺഗ്രസ്സിനു ഒരു സജീവവസ്തുവിനെ വെട്ടിമുറിക്കുവാൻ സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ ഇന്ത്യ ഇപ്പോഴും മൃതയായിട്ടില്ല. ബംഗാളിൽ നിന്നുള്ള ഒരു അംഗം പ്രമേയത്തെ പിൻതാങ്ങി. ഒരു ബംഗാളിയെന്ന നിലയിൽ അദ്ദേഹം ബംഗാൾ മുഴുവൻ ബീ ഗ്രൂപ്പിൽ വന്നു ചേരുവാനിടയാകുമായിരുന്ന മേ ൧൬-ാം-യിലത്തെ പ്രസ്താവനയെക്കാൾ ഇപ്പോഴത്തെ പദ്ധതി ഗുണകരമാണെന്നു പ്രസ്താവിച്ചു. അതുകൊണ്ടദ്ദേഹം ജൂൺ ൩-ാംനു-യിലത്തെ പ്രസ്താവനയെ അംഗീകരിച്ചു. ൨൯ വോട്ടുകൾക്കെതിരായി ൧൫൭ വോട്ടുകളോടെ ജൂൺ ൩-ാംനു-യിലത്തെ ബ്രി: പ്രസ്താവനയെ അംഗീകരിച്ചുകൊണ്ടുള്ള പ്രമേയം എ. ഐ. സി. സി. പാസാക്കി. ൨൧൮ അംഗങ്ങൾ സന്നിഹിതരായിരുന്നുവെങ്കിലും ൩൨ പേർ വോട്ടുചെയ്തില്ല. എട്ടുമണിക്കൂർ നീണ്ടുനിന്ന പ്രമേയത്തെപ്പററിയുള്ള വാദപ്രതിവാദങ്ങളിൽ പണ്ഡിതനെഹ്റുവും സർദാർ പട്ടേലും ഉജ്ജ്വലമായി പങ്കെടുത്തു. കമ്മിററിക്കു ചെയ്യാവുന്നതു് വിഭജനത്തെ അംഗീകരിക്കയോ അല്ലാത്തപക്ഷം പരിപൂർണ്ണമായ ശിഥിലീകരണത്തെയും അരാജകത്വത്തെയും അഭിമുഖീകരിക്കയോ ആണെന്നു പണ്ഡിതനെഹ്റുവും സർദാർ പട്ടേലും ഉറപ്പിച്ചുപ്രസ്താവിച്ചു. ഇന്നു സമാധാനം പരിപാലിക്കുവാൻ അധികാരികളായി ആരുംതന്നെയില്ലെന്നു പണ്ഡിതനെഹ്റുവും പട്ടേലും പ്രഖ്യാപിച്ചു. സമാധാനത്തെ സംജാതമാക്കുന്ന ഒരുറച്ച ഗവർമ്മെന്റ് ഇന്ത്യയിൽ സ്ഥാപിക്കുകയെന്നുള്ളതാണ് അവരുടെ പ്രഥമകർത്തവ്യം. രാത്രി എട്ടുമണിക്കു് എ. ഐ. സി. സി. സമ്മേളനം അവസാനിച്ചു.

നാട്ടുരാജ്യങ്ങൾക്കു സ്വാതന്ത്ര്യം പ്രഖ്യാപനംചെയ്യാനും ഇന്ത്യയുടെ മററു പ്രദേശങ്ങളിൽനിന്നു മാറിനില്ക്കുവാനുമുള്ള അവകാശത്തെ നിരാകരിച്ചുകൊണ്ടുള്ള പ്രമേയം എ. ഐ. സി. സി. ഐകകണ്ഠ്യേന പാസ്സാക്കി. നാട്ടുരാജ്യങ്ങളെക്കുറിച്ചുള്ള പ്രമേയത്തെ പരാമർശിച്ചു് പണ്ഡിതനെഹ്റു ഇപ്രകാരം പ്രസംഗിച്ചു:—ഇന്ത്യയിലെ ഒരു നാട്ടുരാജ്യത്തിന്റെയും സ്വാതന്ത്ര്യപദവിയെ നാം അംഗീകരിക്കയില്ല. കൂടാതെ ഏതെങ്കിലും വിദേശശക്തി അങ്ങിനെയുള്ള നാട്ടുരാജ്യങ്ങളുടെ സ്വാതന്ത്ര്യപദവി അംഗീകരിക്കുന്നപക്ഷം അതു് ഒരു സൌഹാർദ്ദരഹിതമായ പ്രവൃത്തിയായി ഗണിക്കപ്പെടുന്നതുമാണ്. ഇന്ത്യയിൽ ബ്രി: പരമാധികാരം ഉയർന്നുവന്നതു് ചില പ്രത്യേകസാഹചര്യങ്ങളിൽക്കൂടിയാണ്. അതിന്റെ ചരിത്രത്തിലേക്കു ഞാൻ കടക്കണമെന്നാഗ്രഹിക്കുന്നില്ല. അതു് ക്രമസ്ഥിതി, ചരിത്രം പ്രതിരോധം (ഡിഫൻസ്) രക്ഷ തുടങ്ങിയവയെ ആശ്രയിച്ചിരിക്കുന്നു. അങ്ങിനെയുള്ള ബ്രി: പരമാധികാരം അവർ പറയുന്നതുപോലെ പിൻവലിക്കപ്പെടുന്നപക്ഷം പിന്നീട് എന്താണുണ്ടാകുന്നതു്? നമ്മെ സംബന്ധിച്ചിടത്തോളം പരമാധികാരത്തോട്ട് വിശേഷിച്ചും കഴിഞ്ഞ ൧൦-൨൦ വർഷത്തോളമായി ബ്രിട്ടീഷുകാർ പറയുന്നതുപോലെയുള്ള പരമാധികാര സിദ്ധാന്തത്തോടു നാം അനുകൂലിക്കുന്നില്ല. ഒരു പന്ത്രണ്ടു വർഷത്തിനുമുൻപാണ് സിംഹാസനപ്രതിനിധികളെ ഏർപ്പെടുത്തുന്ന സമ്പ്രദായം നടപ്പിൽവന്നതെന്നു നിങ്ങൾ ഓർക്കുമല്ലോ.



ഇന്ത്യയിൽ ബ്രിട്ടീഷുകാർ ഒരു പ്രധാനശക്തിയായിതീർന്നതിനുശേഷം ആദ്യമായി ഈസ്റ്റിൻഡ്യാകമ്പനിയും പിന്നീടു ഇന്ത്യാഗവർമ്മെന്റുമാണ് ഈ അധികാരംപ്രയോഗിച്ചുപോന്നതു് ചക്രവർത്തിത്വം അതിന്റെ പിന്നിലുണ്ടായിരുന്നുവെന്നതു് തീർച്ചതന്നെ.

നാട്ടുരാജ്യങ്ങളുടെ കാര്യം കൈകാര്യം ചെയ്യുന്നതെന്നും മററു ഭാഗങ്ങളുടെ കാര്യം കൈകാര്യംചെയ്യുന്നതെന്നും ഉള്ള അർത്ഥത്തിൽ ഇൻഡ്യാഗവർമ്മെന്റിൽ യാതൊരു വിഭജനവും ഉണ്ടായിരുന്നില്ല. ഇൻഡ്യാഗവർമ്മെന്റുമുഴുവനായിതന്നെ നാട്ടുരാജ്യങ്ങളുടെ കാര്യം കൈകാര്യംചെയ്തുപോന്നു. പന്ത്രണ്ടുകൊല്ലംമുമ്പ് 1935-ലെ ആക്ടോടുകൂടിയാണ് ഈ ദ്വിത്വം വന്നതു്. ഇൻഡ്യയിൽ ഒരു ഫെഡറേഷനുണ്ടാകുന്നതുസംബന്ധിച്ച് വർത്തമാനം ഉണ്ടായപ്പോൾ ബട്ട്ളർകമ്മിററിയും മററും ഒരു പുതിയകാര്യമെന്ന നിലയിൽ അധീശാധികാരം ബ്രിട്ടീഷ്സിംഹാസനത്തിൽ സ്ഥിതിചെയ്യുന്നതായി പറഞ്ഞുതുടങ്ങി. അതിനോടു നാം യോജിച്ചില്ല. എന്നാൽ ആ കാര്യത്തിലേക്കു ഞാൻ ഇപ്പോൾ കടക്കുന്നില്ല. അധീശാധികാരം ബ്രിട്ടീഷ്സിംഹാസനത്തിൽ സ്ഥിതിചെയ്യുന്നിടത്തോളം ബ്രിട്ടീഷ് സിംഹാസനം അതു വിനിയോഗിക്കാതെ വരുമ്പോൾ അതില്ലാതാകുകയോ അഥവാ നാട്ടുരാജ്യങ്ങളിലേക്കുതന്നെ തിരിച്ചുചേരുകയോ ചെയ്യുന്നു. എന്നാൽ ഇൻഡ്യാഗവർമ്മെന്റിൽ സ്വതസിദ്ധമായി ഒരധീശാധികാരം ഉണ്ട്. അതു് ഇല്ലാതായിത്തീരുന്നില്ല. അതു ഇല്ലാതായിപ്പോകുമെന്നാരെങ്കിലും കരുതുന്നെങ്കിൽ അവർതന്നെ അതിനെ സൃഷ്ടിക്കുകയാണുചെയ്യുന്നതു്. ഒന്നുകിൽ അതു നിലവിലുണ്ടായിരിക്കും അല്ലാത്തപക്ഷം ഇൻഡ്യയിലെ വിവിധ നാട്ടുരാജ്യങ്ങൾ ഗ്രൂപ്പുകളായോ മററും ഇൻഡ്യൻ യൂണിയൻ ഫെഡറേഷനിൽ ചേരണം. അങ്ങനെ വരുമ്പോൾ തീർച്ചയായും അധീശാധികാരം എന്ന പ്രശ്നമേ ഇല്ല. എന്തെന്നാൽ അവ ആ യൂണിയനിൽ തുല്യ സ്വയംഭരണഘടകങ്ങളായിട്ടാണ് ചേരുന്നതു്. യൂണിയൻ നിയമസഭയിലും യൂണിയൻ എക്സിക്യൂട്ടീവിലും അവർ പങ്കെടുക്കുകയും ചെയ്യുന്നു.

നാളെ ഉച്ചയ്ക്കുശേഷം രണ്ടരമണിയ്ക്കു് ഭങ്കികാളണിയിൽവച്ചു് കോൺഗ്രസ്സ് പ്രവർത്തകസമിതി സമ്മേളിക്കുന്നതാണ്.

—o—

## അഖിലേന്ത്യാനാട്ടുരാജ്യ പ്രജാസമ്മേളനം

—o—

### തിരുവിതാംകൂറിനെപ്പററി പാസാക്കിയ പ്രമേയം

—o—

ന്യൂഡെൽഹി ജൂൺ ൧൩—അഖിലേന്ത്യാനാട്ടുരാജ്യപ്രജാസമ്മേളനം സ്റ്റാൻറിംഗ് കമ്മിററി തിരുവിതാംകൂറിനെപ്പററി പാസാക്കിയ പ്രമേയത്തിന്റെ പൂർണ്ണരൂപം താഴെചേർക്കുന്നു:—തിരുവിതാംകൂർ സംസ്ഥാനത്തു ഈയിടെ ഉണ്ടായ സംഭവവികാസങ്ങൾ അവിടുത്തെ ഗവർമ്മെന്റിന്റെ ഉത്തരവാദിത്വമില്ലായ്മയെ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനഗവർമ്മെന്റ് അതിന്റെ ദിവാൻമുഖാന്തിരം തിരുവിതാംകൂർ ഇന്ത്യൻകാൺസംബ്ലിയിൽ ചേരുമെന്നു അടിക്കടി പ്രസ്താവിച്ചിട്ടുണ്ട്. നെഗോഷ്യേറിംഗ് കമ്മിററികളും ദിവാൻ ഈ പ്രസ്താവനകൾ ചെയ്തിട്ടുണ്ട്. നാലുപേരെയോ ആറുപേരെയോ നിയമസഭ തിരഞ്ഞെടുക്കുമെന്നും പ്രസ്താവിക്കപ്പെട്ടിരുന്നു. ഈ ഉറപ്പുകളും ഉടമ്പാടുകളും ചെയ്തിട്ടു സംസ്ഥാനഗവർമ്മെന്റ കാൺസംബ്ലിയിൽ ചേരുകമാത്രമല്ല നിയമസഭമുഖാന്തിരം തിരഞ്ഞെടുപ്പുകൾ അസാദ്ധ്യമാക്കിത്തീർക്കത്തക്കവിധം ആ നിയമസഭയെ പെട്ടെന്നു പിരിച്ചുവിടുകകൂടി ചെയ്തു. ദിവാൻമുഖാന്തിരമുള്ള സംസ്ഥാനഗവർമ്മെന്റിന്റെ ഈ പ്രവൃത്തി കാൺസ്റ്റിററ്യുവന്റ് അസംബ്ലിയുടെ നേർക്കും അസംബ്ലിയിൽ ചേരാൻ അനുകൂലിക്കുന്ന ജനങ്ങളുടെ നേർക്കുമുള്ള ഒരു ഭർത്സനമാണ്. ദിവാൻ സംസ്ഥാനത്തിന്റെ ഏകാധിപതിയായും ഫാസിസ്റ്റുകളും നാസികളും ചെയ്തിട്ടുള്ള പ്രവൃത്തികളെ അനുസ്മരിപ്പിക്കത്തക്കവിധത്തിലും പ്രവർത്തിച്ചുവരികയാണ്. ഈയിടെ സ്വാധികാരമായി അദ്ദേഹം തിരുവിതാംകൂർ സ്വതന്ത്രമായിരിക്കുമെന്നു പ്രസ്താവിച്ചു. ജനകീയഭരണത്തിന്റെ തത്വങ്ങളും ന്യായവും കൂട്ടാക്കാതെ ദിവാൻ തുടർന്നു പ്രവർത്തിക്കുമെന്നു ഇതുകൊണ്ടർത്ഥമാക്കേണ്ടിയിരിക്കുന്നു. ഇതിനിടയ്ക്കു ദിവാൻ ജനങ്ങളുമായി ആലോചിക്കാതെ മററു രാഷ്ട്രീയവും ധനപരവുമായ ഉടമ്പാടുകൾ നടത്തിവരുന്നുണ്ട്. തിരു: സ്റ്റേറ്റുകോൺഗ്രസ്സ് ഇതിനെതിരായി പ്രതിഷേധിച്ചിട്ടുണ്ട്. നിയമസഭ പിരിച്ചുവിട്ടതുകൊണ്ടു ഇത്തരം പ്രവൃത്തികൾ തടയാൻ ഒരു മാർഗ്ഗവുമില്ല. നിയമസഭ ഇല്ലാതാക്കിക്കൊണ്ടു ദിവാൻ, ജനകീയവിരുദ്ധവും പ്രതിലോമപരവുമെന്നു ഇന്ത്യ ഒട്ടുക്കു ആക്ഷേപിച്ചിട്ടുള്ളതും സ്വീകാര്യമല്ലാത്തതുമായ അദ്ദേഹത്തിന്റെ ഭരണപരിഷ്കാരപദ്ധതി നടപ്പിലാക്കുവാൻ തിടുക്കം കാണിക്കുന്നു. ജനങ്ങളുടെ മൌലികാവകാശങ്ങളുടെ പടിപടിയായുള്ള ഈ ധ്വംസനവും ജനങ്ങളുടെ അഭിമാനത്തിനുണ്ടാകുന്ന അപമാനവും സഹിക്കത്തക്കതല്ലെന്നുള്ള തിരു: സ്റ്റേററ് കോൺഗ്രസ്സിന്റെ അഭിപ്രായത്തോടു സ്റ്റാൻറിംഗ് കമ്മിററി യോജിക്കുന്നു. ജനേച്ഛയെപ്പററി ദിവാനു് എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഇന്ത്യൻ കാൺസംബ്ലിയിലും ഇന്ത്യൻ യൂണിയനിലും ചേരുന്ന പ്രശ്നത്തെപ്പററി ഒരു റഫറണ്ടം എടുക്കുവാൻ ഈ കമ്മിററി അദ്ദേഹത്തെ ക്ഷണിക്കുന്നു. തിരു: സംസ്ഥാനഗവ: അതിന്റെ ഇന്നത്തെ വിനാശകരവും പ്രതിലോമപരവുമായ നയം തുടരുവാൻ നിർബന്ധം പിടിക്കുകയില്ലെന്നു് ഈ കമ്മിററി വിശ്വസിക്കുന്നു. അങ്ങിനെയായാൽ ശാഠ്യബുദ്ധി തുടരുന്നതായാൽ ഇന്ത്യൻ യൂണിയനിൽ ചേരുകയും സംസ്ഥാനത്തു് ഉത്തരവാദഭരണം ഏർപ്പെടുത്തുകയും ചെയ്യുന്നതു സംബന്ധിച്ചുള്ള തങ്ങളുടെ അധിഷ്ഠാനാവകാശങ്ങളെ നഷ്ടപ്പെടുത്തുന്നതിനെ നിയമാനുസൃതവും അക്രമരഹിതവുമായ എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ചു് തിരുവിതാംകൂറിലെ ജനങ്ങൾ എതിർക്കുന്നതിനിടവരുന്നതാണ്:— (എ. പി)

—

## തിരുവിതാംകൂറിനെപ്പററി ഗാന്ധിജി

—o—

ന്യൂഡൽഹി ജൂൺ ൧൪-ഇന്നത്തെ പ്രാർത്ഥനാനന്തരയോഗത്തിൽ പ്രസംഗിച്ചുകൊണ്ടു് മഹാത്മാഗാന്ധി പ്രസ്താവിച്ചു



തു് തിരുവിതാംകൂറിൽ ഒരു ഹിതപരിശോധന നടത്തപ്പെടുന്നപക്ഷം തിരുവിതാംകൂറിലെ ക്രിസ്ത്യാനികളും അധഃകൃതരെ ഒഴിവാക്കാതെതന്നെ ഹിന്ദുക്കളും "ബ്രിട്ടീഷുകാരുടെ മേൽക്കോയ്മയെ താലോലിക്കയും" ഇൻഡ്യൻ ജനങ്ങളുടെ യൂണിയന്റെ മേൽക്കോയ്മയെ തള്ളിക്കളയുകയും ചെയ്യുന്ന സർ സി. പി. രാമസ്വാമിഅയ്യരുടെ "സ്വതന്ത്രതിരുവിതാംകൂർ എന്ന വിചിത്രമായ ആശയ"ത്തിനെതിരായി വോട്ടുചെയ്യുമെന്നാണ്. തന്റെ അഭ്യർത്ഥനയും വാദവും വിലമതിക്കുവാൻ സർ സി. പി. രാമസ്വാമിഅയ്യർക്കു സാദ്ധ്യമല്ലെങ്കിൽ നാട്ടുരാജ്യപ്രജകളുൾപ്പെടെയുള്ള ഇൻഡ്യൻ ജനങ്ങളോടു യോജിക്കുന്നതിന്റെ വിവേകം മററു നാട്ടുരാജാക്കന്മാർ ഗ്രഹിക്കുമെന്നു് ഗാന്ധിജി ആശിക്കുന്നു. സർ സി. പി. യിൽനിന്നു് ലഭിച്ച കമ്പിസന്ദേശത്തെ പരാമർശിച്ചു ഗാന്ധിജി പ്രധാനപ്രശ്നത്തിൽ കൂടുതൽ അറിവുലഭിക്കാത്തതിൽ ഖേദം പ്രകടിപ്പിച്ചു. കമ്പിയിൽ ഒരു കാര്യം വിട്ടിരിക്കുന്നതു് ഗൗനിക്കാതിരിക്കാൻ തരമില്ല. സ്റ്റേററ് പീപ്പിൾസ് കാൺഗ്രസ്സിന്റെമേൽനിരോധനമുണ്ടോ? ഉണ്ടെങ്കിലെന്തിനു്?

വിഭജനം ഇല്ലാതിരുന്നെങ്കിൽ അഥവാ യൂണിയനിൽനിന്നു വിട്ടുപോകൽ ഇല്ലാതിരുന്നുവെങ്കിൽ തിരുവിതാംകൂർ ചേരുമായിരുന്നെന്നുവരികിൽ വിട്ടുപോകൽ ഇൻഡ്യയുടെ ശിഥിലീകരണത്തിനുള്ള മാർഗ്ഗസൂചനയായി ആ രാജ്യം കരുതാൻപാടില്ല. രാഷ്ട്രീയമായ ഏകീകൃത ഇൻഡ്യ ഇല്ലാതിരുന്നകാലത്തു് തിരുവിതാംകൂർ സ്വതന്ത്രമായിരുന്നു. തികച്ചും മതപരമായ കാരണത്താൽ വിട്ടുപോകൽ വന്നുവെന്നുകരുതി അഖിലേന്ത്യാ മുസ്ലീംലീഗു പ്രദർശിപ്പിച്ച പിഴച്ച മാതൃക തികച്ചും തെററായി എടുത്തുകാണിക്കാതിരിക്കുവാൻ സർ സി.പി. രാമസ്വാമി അയ്യരെ പോലെയുള്ള ഒരാൾ തിരുവിതാംകൂർ മഹാരാജാവിനെ ഉപദേശിക്കുമെന്നു മഹാത്മജി കരുതിയിരുന്നു. (എ-പി)

—o—

## ഭാരതകേസരി നിരോധിച്ചു

—o—

തിരു: ജൂൺ ൧൫—ഭാരതകേസരിയുടെ ൧൯൪൭ ജൂൺ ൭-ാംനു-യിലെ ലക്കത്തിൽ വിദ്വേഷകരമായ റിപ്പോർട്ടുകൾ അടങ്ങിയിരിക്കുന്നുവെന്നു ഗവർമ്മെന്റിനു ബോദ്ധ്യമായിരിക്കുന്നതിനാൽ ൧൧൨൨-ലെ തിരുവിതാംകൂർ അടിയന്തിരാധികാരനിയമം ൨-ാംവകുപ്പനുസരിച്ചു് അതിന്റെ മേലാലുള്ള പ്രസിദ്ധീകരണവും വില്പനയും വിതരണവും നിരോധിച്ചിരിക്കുന്നു.

(എ. പി)

—o—

# ഏററവും മഹാനായ നാടുവാഴിയുടെ പിന്നിൽ അണിനിരക്കാനാഹ്വാനം

—o—

## കാൺഗ്രസ്സിൻെറ വെല്ലുവിളിയ്ക്കു മറുപടി

## സർ സി. പി. രാമസ്വാമിഅയ്യരുടെ പ്രസ്താവന

(എ. പി. ഐ.)

തിരുവനന്തപുരം മിഥുനം ൧—തിരുവിതാംകൂർദിവാൻ സചിവോത്തമ സർ സി. പി. രാമസ്വാമിഅയ്യർ ഒരു പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു:—ബി. ബി. സി. ലേഖകൻ ,ന്യൂഡെൽഹിയിൽവച്ചു ഇന്നു ചൂണ്ടിക്കാണിച്ചതുപോലെ തിരുവിതാംകൂറിനെയും നാട്ടുരാജ്യങ്ങളെ പൊതുവെയും സംബന്ധിച്ചിടത്തോളം ഇതു് പരിതപ്രധാനമായ ഒരു വ്യതിയാനഘട്ടമാണു്. കാൺഗ്രസ്സ് ഒരു വെല്ലുവിളി നടത്തിയിരിക്കുന്നു. നിർല്ലിഷ്ടമായ സ്വതന്ത്ര പദവിയെയും മേൽക്കോയ്മയ്ക്കു തുല്യമായ അധികാരങ്ങൾ എല്ലാം നാട്ടുരാജ്യങ്ങളുടേയുംമേൽ കാൺഗ്രസ്സ് ഡൊമിനിയനുണ്ടായിരിക്കണമെന്നു് ചില കാൺഗ്രസ്സുകാരും അവരുടെ ഏജൻറന്മാരും പുറപ്പെട്ടുവിക്കുന്ന വാദങ്ങളെയും പരിഗണിച്ചു ഈ നാട്ടിലെ ജനങ്ങൾ ആ വെല്ലുവിളി സ്വീകരിക്കണം. ഈ അവകാശവാദം സമ്മതിച്ചുകൊടുക്കാത്ത സംസ്ഥാനങ്ങളെ കീഴടക്കാമെന്നുപോലും ഒരാൾ പറയുന്നുണ്ടു്. കാൺഗ്രസ്സ് നെഗോഷിയേററിംഗു കമ്മിററി നൽകിയ ഉറപ്പുകൾ വിശ്വസിച്ചു കാൺസ്റ്റിററുവൻറ് അസംബ്ളിയിൽ പ്രവേശിച്ചുകഴിഞ്ഞ സംസ്ഥാനങ്ങൾ ഈ പ്രശ്നത്തെപ്പററി നല്ലവണ്ണം ചിന്തിച്ചു കാര്യങ്ങൾ പുനരാലോചന ചെയ്യേണ്ടതാണു്. അതിനുംപുറമെ ജനങ്ങൾക്കു വിപ്ലവംനടത്താൻ അവകാശമുണ്ടെന്നു് ഒന്നോ രണ്ടോ ആളുകൾ ഊന്നിപ്പറയുകയും കാൺഗ്രസ്സ് പ്രസിഡൻറ ആ വസ്തുത സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ഇവരാരുംതന്നെ അവർ പുറപ്പെടുവിക്കുന്ന പ്രസ്താവനകളുടെ ആന്തരാർത്ഥം മനസ്സിലാക്കുന്നില്ലെന്നു മാത്രമല്ല വിപൽക്കരമായ ഈ സിദ്ധാന്തം ഭാവിഡൊമിനിയനിലെ കമ്മ്യൂണിസ്ററുകളേയും അതുപോലെ ആശയങ്ങൾ പുലർത്തുന്ന മററു വിഭാഗക്കാരെയും ബാധിക്കുമെന്ന വസ്തുത വിസ്മരിക്കയും ചെയ്യുന്നു.

എന്നെപ്പോലെ ബ്രിട്ടീഷ് ഇൻഡ്യാക്കാരനായ ചിലർ ഞങ്ങളുടെ അറിവിനനുസരണമായും നാട്ടുരാജ്യങ്ങളുടെ ഉത്തമതാല്പര്യങ്ങൾക്കു് അനുഗുണമെന്നു് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്ന രീതിയിലും പ്രവർത്തിക്കുന്നതിൽ ചില കാൺഗ്രസ്സുനേതാക്കന്മാർ ഞങ്ങളെ കുററപ്പെടുത്തുന്നു. സംസ്ഥാനത്തോടും ഭരണാധിപനോടും ഉള്ള കടപ്പാടുകളെ സംസ്ഥാനത്തിൻെറ മേൽ നിയന്ത്രണം സ്ഥാപിക്കാൻ ശ്രമിക്കുന്ന ഒരു രാഷ്ട്രീയസംഘടനയുടെ ആജ്ഞകൾക്കു് വിധേയമാക്കണമെന്നു് പരോക്ഷമായി ഞങ്ങളോടാവശ്യപ്പെടുന്നു. ഒരു ഇൻഡ്യൻസംസ്ഥാനത്തിൽ ഉദ്യോഗം വഹിക്കുന്ന ബ്രിട്ടീഷ് ഇൻഡ്യാക്കാരനായ ഏതെങ്കിലും ഒരാൾ അയാളുടെ കടപ്പാടു് മുഖ്യമായും കാൺഗ്രസ്സിനോടും കാലാകാലത്തിൽ കാൺഗ്രസ്സ് പ്രഖ്യാപനം ചെയ്യുന്ന നയത്തോടും ആണെന്നു വിശ്വസിക്കുന്നപക്ഷം ചെയ്യേണ്ടതു് സംസ്ഥാനസർവ്വീസിൽനിന്നു് രാജിവച്ചു സർ എൻ. ഗോപാലസ്വാമിഅയ്യങ്കാർ അക്ഷീണനായി പ്രവർത്തിക്കുന്നതുപോലെ പൊതുജനസേവനത്തിനും കാൺഗ്രസ്സ് പ്രചരണത്തിനുമായി തുനിഞ്ഞിറങ്ങുകയാണു്. എൻെറ വ്യക്തിപരമായ അഭിപ്രായം ഞാൻ നമ്മുടെ മഹാരാജാവുതിരുമനസ്സിലെ സർവ്വീസിലിരിക്കുന്നിടത്തോളംകാലം എൻെറ കടപ്പാടു് മുഖ്യമായും തിരുമനസ്സിനോടും സംസ്ഥാനത്തോടും ആണെന്നാണു്. അല്ലാതെ അതു കാൺഗ്രസ്സിനോടായിരിക്കയില്ല. കാൺഗ്രസ്സിലെയും ഹോം റൂൾലീഗിലെയും മെമ്പറെന്ന നിലയിൽ അനേകവർഷങ്ങൾക്കുമുമ്പു് ഞാൻ പുത്രികാര്യപദവിക്കുവേണ്ടി വാദിച്ചിരുന്നു. ലിബറൽപാർട്ടിനേതാക്കന്മാരുടെവാദങ്ങൾ മഹാത്മാഗാന്ധിയും അദ്ദേഹത്തിൻെറ അനുയായികളും ഇപ്പോൾ ഫലത്തിൽ അംഗീകരിച്ചു എന്നു കാണുന്നതിൽ എനിക്കു് സന്തോഷമുണ്ടു്. നിരുപാധികം



പൂർവ്വം നിഷേധിക്കപ്പെട്ടതു് ഇപ്പോൾ പ്രയോജനകരമായ ഒരു സിദ്ധാന്തമായിത്തീർന്നിരിക്കുന്നു. ഏതാനും വാരങ്ങൾക്കുമുമ്പു് കാൺസ്റ്റിററുവൻറ് അസംബ്ലി അംഗീകരിച്ച ലക്ഷ്യപ്രഖ്യാപനപ്രമേയം എന്തുതന്നെയായിരുന്നാലും മേൽപറഞ്ഞ സിദ്ധാന്തം വേഗംതന്നെ ഒരു യഥാർത്ഥ്യമായി ഭവിക്കയും ചെയ്യും. അങ്ങനെ നിശ്ചായകരൂപം പ്രാപിക്കുന്ന കാര്യങ്ങൾ ഇല്ലായ്മചെയ്യുവാൻ പ്രയാസമാണെന്നു് നമുക്കേവർക്കും അറിവുള്ളതാണല്ലോ. ലക്ഷ്യപ്രഖ്യാപനപ്രമേയം ഭേദഗതിചെയ്യേണ്ടതാവശ്യമാണെന്നു് കാൺഗ്രസ്സിനു് ഇപ്പോൾ തോന്നുന്നു എന്നു് കാര്യങ്ങൾ നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ള ഹിന്ദുവിൻെറ ന്യൂഡെൽഹി ലേഖകനിൽനിന്നറിയുന്നതിൽ എനിക്കു സന്തോഷമുണ്ടു്. സന്ദർഭോചിതം മനോഗതിമാററുന്നതിൽ കാൺഗ്രസ്സുനേതാക്കൾ അനുമോദനാർഹരാണു്.

മഹാരാജാവു തിരുമനസ്സിലെ നേരേ വലതായ കടപ്പാടുകളുള്ള പിന്നാക്കസമുദായക്കാർ സുസംഘടിതരായ ഈഴവസമുദായം എന്നിവരും സംസ്ഥാനത്തെ ക്രിസ്ത്യാനികളിലും മുസ്ലീങ്ങളിലും ഭൂരിഭാഗവും സ്വാതന്ത്ര്യലക്ഷ്യത്തെ അനുകൂലിക്കുന്നവരാണെന്നു് വേണ്ടതു തെളിവു് നൽകിയിരിക്കുന്നു. അവർ മഹാരാജാവു തിരുമനസ്സിൻെറ പിന്നിൽ ഉറച്ചു നിൽക്കുമെന്നു് എനിക്കു നല്ലവിശ്വാസമുണ്ടു്. മി. മള്ളൂർഗോവിന്ദപ്പിള്ളയെപ്പോലെ ചില നായർപ്രമാണികളും പരസ്യമായി മുന്നോട്ടുവന്നിട്ടുണ്ടു്. എന്നാൽ എല്ലാം സമുദായങ്ങളിലുംപെട്ട ഒട്ടധികംപേർ സന്ദേഹിച്ചുനില്ക്കുകയാണു്. ഭാവിയിലെ കാൺഗ്രസ്സ് ഡൊമിനിയൻ മഹാത്മാഗാന്ധി ഉപദേശിക്കുന്ന അക്രമരാഹിത്യം പ്രയോഗക്ഷമമാക്കുമെന്നു് വിശ്വാസമില്ലാത്തതായിരിക്കും അതിനു കാരണം. സ്റ്റേററു കാൺഗ്രസ്സ്, കാൺഗ്രസ്സ് ഡൊമിനിയൻെറ നേതൃത്വം സ്വീകരിച്ചിരിക്കയാണു്. നാട്ടുരാജ്യങ്ങളെ കീഴടക്കാൻ ബ്രിട്ടീഷ് സിംഹാസനത്തിൻെറ സഹായം പുതിയ ഡൊമിനിയനു നൽകണമെന്നു് സർ എൻ. ഗോപാലസ്വാമിഅയ്യങ്കാർ അഭ്യർത്ഥിക്കയും ചെയ്യുന്നു.

വെളിയിൽനിന്നുള്ള ആജ്ഞയ്ക്കു കീഴടങ്ങുകയോ അഭിമാനകരവും സഹകരണാധിഷ്ഠിതവുമായ സ്വാതന്ത്ര്യത്തെ പുലർത്തുന്നതിനുവേണ്ടി ഒരുമിച്ചുനില്ക്കുകയോ ഏതാണു തങ്ങൾക്കു സ്വീകാര്യമെന്നുള്ളതാണു് ഈ പരീക്ഷണഘട്ടത്തിൽ ഭരണാധിപനും ജനങ്ങളും തീരുമാനംചെയ്യേണ്ട ഏകപ്രശ്നം. ഈ ഘട്ടത്തിൽ നമ്മോടൊരുമിച്ചു നില്ക്കാത്തവർ നമ്മുടെ എതിരാളികളാണു്. രണ്ടിനുംമദ്ധ്യേ ഒരു നില സാദ്ധ്യമല്ല. വ്യക്തിപരമോ വർഗ്ഗീയമോ ആയ ഭിന്നതകളും ന്യായമായ സങ്കടങ്ങളും ഉണ്ടായിരുന്നു എന്നും ഇപ്പോഴും ഉണ്ടെന്നും വരാം. എന്നാൽ അവയെല്ലാം ഇപ്പോൾ മറക്കണം. അവ എളുപ്പത്തിൽ പരിഹരിക്കപ്പെടാവുന്നവയാണു്, പരിഹരിക്കപ്പെടുകയും ചെയ്യും.

തിരുവിതാംകൂറിൽ ഇന്നുവരെ ലഭിച്ചിട്ടുള്ളതിൽ ഏററവും മഹാനായ നാടുവാഴിയുടെ പിന്നിൽ അണിനിരക്കുന്നതിനും ഈ രാജ്യത്തെ കാര്യങ്ങൾ തങ്ങൾതന്നെ നോക്കുന്നതിനുമുള്ള ശ്രമത്തിൽ മഹാരാജാവും ജനങ്ങളും ഏകമനസ്സരാണെന്നും എന്നാൽ അതേസമയംതന്നെ പൊതുലക്ഷ്യങ്ങൾ പ്രാപിക്കുന്നതിനു് ഇൻഡ്യയുടെ മറേറതൊരുഭാഗവുമായും പൂർണ്ണമനസ്സോടെ സന്തോഷസമേതം യോജിച്ചുപ്രവർത്തിക്കാൻ സന്നദ്ധരാണെന്നു തെളിയിക്കുന്നതിനും സംസ്ഥാനത്തെ സർവ്വജനങ്ങളോടും മഹാരാജാവുതിരുമനസ്സിലെ ഗവൺമെൻറ് അഭ്യർത്ഥിക്കുന്നു. അടിമത്വമോ വിധേയത്വമോ കൂടാതെ ഇൻഡ്യയ്ക്കു പൊതുവായും തിരുവിതാംകൂറിനു പ്രത്യേകമായുമുള്ള താല്പര്യങ്ങൾക്കുവേണ്ടി സഹർഷപൂർവ്വം സഹകരിക്കയെന്നതാണു് നമ്മുടെ പ്രഖ്യാപിതമായ ലക്ഷ്യവും പ്രത്യാശയും.

—o—

### തിരിച്ചെഴുന്നള്ളി

—o—

### തിരുമേനിമാർ

തിരു: ജൂൺ ൧൫—മഹാരാജാവുതിരുമനസ്സുകൊണ്ടു് അമ്മമഹാറാണിതിരുമനസ്സുമൊരുമിച്ചു കോട്ടഗിരിയിൽനിന്നും ഇന്നുച്ചയ്ക്കു ഇവിടെ തിരിച്ചെഴുന്നള്ളിയിരിക്കുന്നു. തിരുമേനിമാർ കോയമ്പത്തൂരിൽനിന്നു തിരുവിതാംകൂർ ഡക്കോട്ടാവിമാനത്തിലാണു് രാജധാനിയിലേയ്ക്കു പുറപ്പെട്ടതു്. വിമാനത്താവളത്തിൽവച്ചു തിരുമേനിമാരെ സ്വീകരിക്കുവാൻ റെസിഡൻറ് ലെ: കേ: എഡ്വേർഡ്സും പത്നിയും ദിവാൻജിയും പ്രമുഖ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരും സന്നിഹിതരായിരുന്നു. ഒന്നാംമുറതമ്പുരാട്ടിയും മററു രാജകുടുംബാംഗങ്ങളും ഒടേയിൻമാർഗ്ഗം നാളെ വൈകുന്നേരം തിരിച്ചെഴുന്നള്ളുന്നതാണു്. (എ. പി.)

### മൈസൂർ കാൺസ്സംബ്ളിയിൽ ചേരുന്നു

ബാംഗ്ളൂർ ജൂൺ ൧൫—പല കാരണങ്ങളാൽ മൈസൂർരാജ്യം കാൺസ്റ്റിററുവൻറ് അസംബ്ളിയിൽ ചേരുവാൻ തീരുമാനിച്ചിരിക്കുന്നു എന്നറിയുന്നതായി ഇൻഡ്യൻ എക്സ്പ്രസ്സിൻെറ ബാംഗ്ളൂർ ലേഖകൻ എഴുതുന്നു. ഇതുസംബന്ധിച്ചു ഔദ്യോഗികപ്രഖ്യാപനം താമസിയാതെ ഉണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

ഡെൽഹിയിൽനിന്നു് തിരിച്ചെത്തിയ മൈസൂർ ദിവാൻ സർ ഏ. രാമസ്വാമിമുതലിയാർ ഇന്നലെ എക്സിക്യൂട്ടീവ് കൗൺസിലിൻെറ ഒരു യോഗം നടത്തി. ഇന്നു് അദ്ദേഹം ബ്രിട്ടീഷ് റെസിഡൻറിനെ സന്ദർശിച്ചു. മഹാരാജാവിനെ കാണുവാൻ അദ്ദേഹം മൈസൂറിലേക്കു പോകുന്നതാണു്.

—o—

### വൈസ്രായി

ന്യൂഡെൽഹി, ജൂൺ ൧൫. വൈസ്രായിയും ലേഡി മൗണ്ട്ബാററനും ഇന്നുച്ചകഴിഞ്ഞു സിംലായിലേക്കു പോയിരിക്കുന്നു.

—o—

### മഹാത്മജിയുടെ സന്ദർശകർ

ന്യൂഡെൽഹി ജൂൺ ൧൫—ഇന്നരാവിലെ ഭങ്കികാളണിയിൽവച്ചു് പണ്ഡിത നെഹ്റു, ഡാക്ടർ രാജേന്ദ്രപ്രസാദ്, മി. ഏ. എൻ. സിൻഹാ, മി. ബി. ജി. ഖെർ, മി. മൊറാർജിദേശായി, മി. ജി. ഡി. ബർളാ എന്നിവർ മഹാത്മജിയെ സന്ദർശിച്ചു. (എ. പി.)

## ടാക്കീസ്

**കൊല്ലം S. M. P. പാലസ്സിൽ**
അവസാനദിനം
ശാന്താ ആപ്റ്റേ, പഹാരിസന്യാൽ
മുതലായവർ അഭിനയിച്ച
**മുഹബത്ത്**
അടുത്ത ചിത്രം
കിംഗ് കോങ്

**കൊല്ലം ബേബിടാക്കീസിൽ**
അവസാനദിനം
വൈ. വി. റാവു, ഭാനുമതി, കമലാകൊട്നീസ്, നാരായണറാവു, ബാലിജപ്പള്ളി
മുതലായവർ അഭിനയിച്ച ഉന്നത സാമുദായിക തെലുങ്കുചിത്രം
**തഹശീൽദാർ**
അടുത്തചിത്രം
അംബികാപതി

**കൊല്ലം ലക്ഷ്മിടാക്കീസിൽ**
കാഞ്ചനമാല, പുഷ്പവല്ലി, ബല്ലാറിലളിത, സുബ്ബറാവു, നാഗേശ്വരറാവു അഭിനയിച്ച
ജമിനി
**ബാലനാഗമ്മ**
എന്ന ഉന്നത തെലുങ്കുചിത്രം

**ചവറ കെ. സി. ടാക്കീസിൽ**
ഹൊന്നപ്പാഭാഗവതർ, ചെറുകുളത്തൂർ ശാമ, കെ. എൽ. വി. വസന്ത
മുതലായർ അഭിനയിച്ച
**— സുഭദ്രാ —**
കള്ളർപടം പ്രദർശിപ്പിക്കുന്നു

കരുനാഗപ്പള്ളി
**ശ്രീ വിദ്യാധിരാജ് ടാക്കീസിൽ**
ഹൊന്നപ്പാഭാഗവതർ, യു. ആർ ജീവരത്നം, ചെറുകുളത്തൂർ ശാമ, എൻ. എസ്സ്. കൃഷ്ണൻ, ററി. ഏ. മധുരം
മുതലായവർ അഭിനയിച്ച
**"അരുന്ധതി"**

**അമ്പലപ്പുഴ ഗോപിടാക്കീസിൽ**
എൻ. കൃഷ്ണമൂർത്തി, ടി. ബാലസുബ്രഹ്മണ്യം, യു. ആർ. ജീവരത്നം, ബേബികമല, മുതലായവർ അഭിനയിച്ച
**എൻമകൻ**
തമിഴ് ചിത്രം

**ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ**
ഫേ റേ, റാബർട്ട് ആംസ്ട്രോങ്ങ്, ബ്രൂസ് കാബട്ട് അഭിനയിച്ച
**"കിങ്ങ് കോങ്ങ്"**
**KING KONG**
എന്ന വനചിത്രം

**ചേർത്തല ശ്രീ ലക്ഷ്മിടാക്കീസിൽ**
ററി. ആർ. രാമചന്ദ്രൻ, കാളി എൻ രത്നം കെ. കെ. പെരുമാൾ മുതലായവർ
അഭിനയിച്ച
**"ദിവാൻ ബഹദൂർ"**

**ഹരിപ്പാട്ട് ജയലക്ഷ്മിയിൽ**
27 10-22 മുതൽ രണ്ടാമത്തെവാരം
ററി. ആർ. മഹാലിംഗം, കുമാരി രുഗ്മിണി, നാഗർകോവിൽ മഹാദേവൻ, ബേബി കമല, എൻ. എസ്സ്. കൃഷ്ണൻ, ററി. ഏ. മധുരംമുതലായവർ അഭിനയിച്ച
**— ശ്രീവള്ളി —**

ഗ്രന്ഥവിഹാരം

# പ്രതീക്ഷകൾ

ഗ്രന്ഥകർത്താ
തകഴി, ശിവശങ്കരപ്പിള്ള
പ്രസാധകൻ
തോമസ്പാപ്പി വേലങ്കുളം
വില രൂ. ൧. അ. ൮.

ശ്രീ. തകഴിയുടെ പ്രതീക്ഷകൾ, തെളിഞ്ഞ യാഥാർത്ഥ്യത്തിൻെറയും തികഞ്ഞ തന്മയീഭാവത്തിൻെറയും നിറകതിരായിട്ടു നിലകൊള്ളുന്നു. സന്താനനിയന്ത്രണത്തിനു നിലവിളി കൂട്ടിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു, സന്താനമില്ലാതെ സതിക്കഭിക്കാം സന്താപഭാരവും ചിന്താശതക്ഷുഭിതത്വും ഭാവനചെയ്യുവാനാണ് അദ്ദേഹം ഉദ്യമിക്കുന്നതു്. ഒരു വ്യത്യസ്തകോടിയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന തൂലിക അക്ഷുണ്ണമായ സ്വഭാവഗതിയെ സൃഷ്ടിച്ചിരിക്കുകയല്ല ഇതിൽ. അപുത്രമിത്രകാന്താരം പുക്കനത്ഥഗർത്തത്തിൽ വീണ ഒരു ഗൃഹണിയുടെ ൨൦ കൊല്ലക്കാലം നീണ്ടൊഴുകുന്ന അന്തർബാഷ്പപ്രവാഹത്തിൽ പ്രതീക്ഷകളാകുന്ന നീർക്കുമിളകൾ അനുനിമിഷം പൊട്ടിത്തകരുന്ന ആ ദയനീയമായ കാഴ്ച, അനുഭാവപൂർവ്വം ഗ്രന്ഥകാരൻ നമ്മെ അനുഭവപ്പെടുത്തുന്നു. ഈ വികാരച്ചൂടിനെ മാററുന്നതിനുള്ള മാർഗ്ഗങ്ങളൊന്നും തേടാതെ ആ കഥാനായികയെ പ്രതീക്ഷാഭരയായി നിലകൊള്ളിച്ചിരിക്കുന്നത് ശ്രീ തകഴിയെ സംബന്ധിച്ചിടത്തോളം നമുക്കു അതിശയമായിത്തോന്നാം.

നിയമവും നീതിയും, പോലീസുഡിപ്പാർട്ടുമെൻറിലെ കീഴ് സിൽബന്ധികൾവഴി ന്യായാധിപസ്ഥാനത്തു എത്തി വിധി സമ്പാദിക്കുന്നവിധം ഒരു കഥകൊണ്ടു സരസമായി ചിത്രീകരിക്കുന്നു. പോലീസുഡിപ്പാർട്ടുമെൻറിൽ ചില പ്രത്യേക വിശേഷപ്പേരുകൾകൊണ്ടു പ്രസിദ്ധന്മാരായിട്ടുള്ള ആളുകൾ അപൂർവ്വമല്ല. അത്തരക്കാരുടെ വിക്രിയാസാഹസങ്ങളെപ്പററിയുള്ള കഥകളും കുറവല്ല. കുറച്ചു മരുന്നുകൂടി ഉള്ളിൽ ചെന്നാൽ ഇതിനേക്കാൾനിഷ്ഠുരമായകഥകൾവീരവാദമായി അക്കൂട്ടർതന്നെ പറയാതിരിക്കുകയുമില്ല.

കള്ളഷാപ്പിൽ എന്ന അടുത്ത കഥ, അതു പ്രത്യേക കഥയായി പ്രസിദ്ധീകരിച്ച കാലത്തുതന്നെ ഒരു പ്രത്യേകത അനുഭവപ്പെടാതിരുന്നില്ല. ആദ്യമായി കള്ളഷാപ്പിൽ പ്രവേശിക്കുന്ന, അതേവരെ നിയന്ത്രണത്തിലും ശിക്ഷണത്തിലും വളന്ന ഒരാളിൻെറ ആത്മകഥാകഥനമെന്ന നിലക്കതിൽ സമഗ്രമായി പ്രതിഫലിച്ചുകാണാം. അതാണതിനുള്ള വിശേഷം. കള്ളഷാപ്പിനകത്തുള്ള പൊടിപൂരവും കൂട്ടാൻകാരിയായ മാതവിയുടെ......... എല്ലാംകൂടിച്ചേർന്നുണ്ടാകുന്ന ഒരു കോലാഹലം ഇത്ര തന്മയത്വമായി വണ്ണിച്ചു നമ്മെ ആരും അനുഭവപ്പെടുത്തിയിട്ടില്ലെന്നു സമ്മതിച്ചുപോകും. കള്ളഷാപ്പിനകത്തു ഇത്രവലിയ നേരംപോക്കുകളും കൊഴാമറിച്ചിലുകളും കൂട്ടിച്ചേർത്തു ആളുകളെ അങ്ങോട്ടാകർഷിക്കുന്നതിനു പരോക്ഷമായ പ്രേരണ നൽകുകയല്ലേ എന്നുകൂടി തോന്നിപ്പോകും. അത്രമാത്രം അദ്ദേഹം ആ രംഗത്തു ഭംഗിയായി അഭിനയിക്കുന്നുണ്ടു്.

അടുത്തതു് ഒരു സാഹസ കഥയാണ്. താൻ എടുത്തുവളത്തിയ പെൺകുട്ടി പ്രായമായപ്പോൾ പെട്ടെന്നു ഒരു ഭ്രമം തോന്നിപ്പോകാവുന്നതേയുള്ളു. ആ ഭ്രമം ഇളക്കിവിടത്തക്ക സന്ദർഭങ്ങളും സൌകര്യങ്ങളും ആനുകൂല്യങ്ങളും ഒത്തുവന്നപ്പോൾ ഗ്രന്ഥകാരൻെറ ഭാഷയിൽ പറയുകയാണെങ്കിൽ, ഒന്നു സാധിക്കണം, എന്നു തോന്നിപ്പോകാവുന്നതുമേയുള്ളു. അങ്ങനെ ഒരു തനി റീയലിസ്റ്റായി, അനിയന്ത്രിതമായ് ചിലപ്പോഴ്മനമോടാത്തകാഴ്ച്ചമില്ലെന്നു, അങ്ങനെ ആ കാഴ്ചത്തെ വെട്ടിത്തുറന്നു കാണിക്കുന്നു. എന്നാൽ വളരെക്കെ പാടുകഴിച്ചു, വളരെക്കെ ചിന്തിച്ചുറപ്പിച്ചു പുരമുറിയിൽ ചാടിവീണു, ശയ്യാഗാരെ സലളിതമിരുന്നുണ്ണനീലിമിരുത്തി—നിജകരതലേ കാന്തതൻ കയ്യുമേന്തി അങ്ങനെഇരുന്നു നേരം വെളുപ്പിച്ചു. അങ്ങനെ ഒരു ആദർശം പുലത്തൽ കഥയുള്ളതായി ആരും വകവെയ്ക്കുമെന്നു തോന്നുന്നില്ല.

കഷായാംബരപരിവേഷ്ടിതനായ സന്യാസിയും പള്ളിയിലെ പട്ടക്കാരനും കന്യാസ്ത്രീയും, ആലപ്പുഴ കല്യാണിയും എന്തിനു തെരുവിൻതിണ്ണയിൽ അന്ധാപട്ടിണിക്കാരനായി മരവിച്ചുപോയ കൊച്ചേക്കനും എല്ലാം ഒരേ ഒരു ലക്ഷ്യത്തിലേക്കു പോകുന്നവരാണെന്നു ലോകംതന്നെ അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ലൈംഗികമായ ഒരേ ഒരു ചിന്തയിൽ അതിനുള്ളതരം പാർത്തുകഴികയാണെന്നു അങ്ങനെ ഈ സത്യാന്വേഷകൻ ഒരു പുതിയ സത്യത്തിൻെറ അപ്പോസ്തലനായി തീന്നിരിക്കുന്നുവെന്നു അഭിമാനിക്കുന്നുണ്ടായിരിക്കാം. മാക്സിംഗോർക്കിയുടെ ആ രാത്രി എന്ന പോക്കിറച്ചി മലയാളരുചിക്കൊത്തു പാകപ്പെടുത്തി ആ പേരുപറയാതെ തൻെറപ്പുള്ള രാത്രിയിലിറക്കിവയ്ക്കുന്നു. അതുചിലർക്കെങ്കിലും മനംമറിപ്പും ദാക്കാനവും ഉണ്ടാക്കുമെന്നു അദ്ദേഹം വിചാരിക്കുന്നില്ല. ശ്രീ തകഴിയുടെ ലോകം മൃഗീയതയിൽ.

"പുള്ളിമാന്മിഴിയാളെക്കൂടെ രസിക്കണം പ്രകടിക്കണം കള്ളുമൊട്ടുകുടിക്കണം" എന്നുള്ളതിൽ കവിഞ്ഞു മനുഷ്യത്വത്തിൽ അദ്ദേഹത്തിനു മറെറാന്നും ദർശിക്കാൻ കഴിയുകയില്ല. അഥവാ കഴിയുന്നില്ല. നേരംപോക്കിനിടയിൽ ചിലർ തട്ടിവിടാറുള്ള തമാശകൾ നാടൻഭാഷയിൽ ശ്രീ തകഴി പറഞ്ഞുപോകുന്നു. അതിനു സ്വാഭാവികത നല്ലപോലെ പ്രകാശിക്കുന്നുമുണ്ടു്. പക്ഷേ, അതുകേട്ടുകൊണ്ടിരിക്കണമെങ്കിൽ തൊലിക്കല്പം കട്ടികൂടുതൽ വേണമെന്നേയുള്ളു. അദ്ദേഹത്തിൻെറ പ്രതീക്ഷ അക്കൂട്ടരെ ഉദ്ദേശിച്ചായിരിക്കാം.

(സി. എം. പി.)

# മറവിയിലേക്ക്

അയിരൂർ

ഞാൻ മറക്കണമെന്നാണക്കുറിപ്പരുളുന്ന
മൗനശാസനം, അതു സ്നേഹഹസ്തത്തിൻദാനം
നിഷ്കളങ്കത നെടുനാളായിസൂക്ഷിക്കുന്ന
നിഷ്കൂടത്തിങ്കൽ നിന്നാ ദീയപശ്രുതിഘോഷം
കേവലമപവാദഭീതിയാൽ, സ്നേഹം വെറും
ഭാവനയാക്കി, പുറംകുപ്പയിലെറിഞ്ഞേക്കൂ
മാനസത്തോടുപററിപ്പിടിച്ചുപോയശുദ്ധ
ഭാവന,ഹൃദയത്തോടുരുകിച്ചേർന്നുപോയ
ഭാവന, കണ്ണീരിനോ മരണത്തിനോഃപാലു
മാവതില്ലതിൽ നിന്നുമെന്നെവേർപെടുത്തുവാൻ.
ലോകയാത്രയിലിടയ്ക്കായ്പൊഴിഞ്ഞിഹവീഴ
മായുണക്കിലകണ്ടു പേടിക്കാൻ തുടങ്ങിയാൽ
ആയതാണപഹാസ്യം, അതിനാലകംനൊന്തു
നീയിന്നു ചുടുകണ്ണീർ ചാലൊഴുക്കയോകഷ്ടം!
ആവതും സുഖിക്കുവാൻ, രസിക്കാനാനന്ദിക്കാ-
നീവെറുംസ്വപ്നംകാണൽനിന്നെവഞ്ചിച്ചുവെന്നാൽ
ഭാവിനിന്നൊരുക്കിന പൂമ്പുകൾനിലാവിലീ
ഭ്രുവാകെ കോരിത്തരിപ്പെട്ടുക്കെ, രസം ചേക്കേ,
ആ കലാരസികതയിങ്കൽനിന്നലിഞ്ഞുരം
ശ്രീകരംചേതോഹര വാങ്മയമധുപുരം
നാകദുർല്ലഭം, അതിന്നായിനാമെല്ലാവിധ
ശോകവുംഒളിയമ്പും സഹിക്കയത്രേകാമ്യം
അല്ലല്ല മൽച്ചിന്തയാണാപത്തിൻവിത്തുപാകി
യുള്ളത്തിലെന്നാണഭിപ്രായമെന്നാകിൽ കേൾക്കൂ
ആയണിവീണയിങ്കലിനിമേലൊരിക്കലും
ഞാനായിട്ടപശ്രുതിക്കൂട്ടില്ല ക്ഷമിച്ചേക്കൂ
ചന്ദനക്കുളിരിളം തെന്നലിൻപിടിയിലാ
സുന്ദരതരമായ പൂങ്കുലകുലുങ്ങിയും
ചെന്തളിരിളകവേ പൂമധുതുളുമ്പിയും
ഹന്തമോഹനമാകുമാരാമലതികയും
താരകാനികരവുംവാനവും മനോഹര
നീരലർച്ചിറകളുംപൂമണൽപ്പൊൻതിടമ്പും
കണ്ടുകണ്ടുമന്നിതിലാലയിച്ചായുശ്ശേഷം
താണ്ടുവാനുറച്ചുഞാൻ ശാന്തമായേകാന്തമായ്
പ്രകൃതിദേവിയുടെ പൂമ്മടുവക്ഷസ്സിൽഞാൻ
സുകൃതിയായിത്തന്നെ വിശ്രമസൗഖ്യംതേടും
പൂവുപോൽമൃദുലമാം നിൻെറഹൃത്തിനുതാങ്ങാ-
നാവില്ലെന്നറിവുഞാനായപവാദഭാരം
ആകയാൽമറവിയിലേക്കുനീ സ്വയംമാഞ്ഞു
പോകുക, മാരിവിൽപോൽ ചപലപ്രകൃതിയിൽ.


# ഒളശ ധന്വന്തരിവിലാസം
# ആയുർവ്വേദ വൈദ്യശാല

ഹെഡാഫീസ് ഒളശ്ശ, കൊല്ലം—ബ്രാഞ്ച്

തിരുവിതാംകൂർ Ex. ആണററി ആയുർവേദഡയറക്ടർ, അഷ്ടവൈദ്യപ്രധാനി ധന്വന്തരിദാസ്, ഒളശ്ശ ബ്രഹ്മശ്രീ ചീരട്ടമൺ സി. എൻ. നാരായണൻമൂസ്സ് തിരുമനസ്സിലെ പ്രത്യേക മേൽനോട്ടത്തിൽ, ഒളശ്ശയിൽ നടത്തപ്പെടുന്ന ഒളശ്ശ ധന്വന്തരിവിലാസം വൈദ്യശാലയുടെ ഒരു ബ്രാഞ്ച്, കൊല്ലം ടൗണിൽ ശ്രീരാമവിലാസം പ്രസ്സിനുതെക്കുവശമുള്ള ഒരു കെട്ടിടത്തിൽ തുറന്നു പ്രവർത്തനമാരംഭിച്ചിരിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു. ഇവിടെ ആയുർവേദവിധിപ്രകാരം ഒളശ്ശയിൽതന്നെ പാകപ്പെടുത്തിയിട്ടുള്ള, എല്ലാം ഔഷധങ്ങളും തയ്യാറുണ്ടു്.

മാനേജർ

# വില്പനയ്ക്കു് തയ്യാർ

ബ്രഹ്മശ്രീ പുലിയൂർ പുരുഷോത്തമൻനമ്പൂതിരി അവർകളാൽ ഗണിക്കപ്പെട്ട
കൊല്ലം എസ്സ്. ററി. റെഡ്യാർ & സൺസ്
വിദ്യാഭിവർദ്ധിനി പ്രസ്സുവക

# 1123-ാമാണ്ടത്തെ
# പഞ്ചാംഗങ്ങൾ

• വില്പനയ്ക്കു തയ്യാർ.

ഉടനെ ആവശ്യപ്പെടുക.

മാനേജർ, എസ്. ററി. റെഡ്യാർ & സൺസ്,
വി. വി. പ്രസ്സ്, കൊല്ലം.


# വിജ്ഞാപനം

മദ്രാസ് സിവിൽ ലേബർ യൂണിററുകളിൽ ജോലിചെയ്തിരുന്നവരോ അവരുടെ ആൾക്കാരോ ടി യൂണിററിൽനിന്നും, അപകടമോ മരണമോ മൂലമുള്ള പ്രതിഫലം ഒഴിച്ചു മററേതെങ്കിലും അവകാശങ്ങൾ കിട്ടാനുള്ളപക്ഷം ആയതു് "അസിസ്റ്റൻറ് റെക്കാർഡ് ആഫീസർ, മദ്രാസ് സിവിൽ ലേബർ യൂണിററ്സ്, ഫോർട്ട്സെൻറ് ജോർജ്ജ്, മദ്രാസ്" എന്ന മേൽവിലാസത്തിൽ താഴെപ്പറയുന്ന തീയതികൾക്കു മുൻപായി അയയ്ക്കേണ്ടതാണ്. നിശ്ചിതതീയതികൾക്കു ശേഷം കിട്ടുന്ന അവകാശങ്ങളെപ്പററി ഗൌനിക്കുന്നതല്ലാ.

| | | |
|---|---|---|
| യൂണിററ നമ്പരുകൾ. | 27, 37, 40 എം. സി. എൽ. യു. എസ്. | 30-6-1947. |
| ,, | 29 & 31. എം. സി. എൽ. യു. എസ്. | 31-7-1947. |
| ,, | 33 എം. സി. എൽ. യു. | 31-8-1947. |
| ,, | 36. എം. സി. എൽ. യു. | 29-2-1948. |
| ,, | 35, 38 & 44 എം. സി. എൽ. യു. എസ്. | 31-3-1948. |

ഫോർട്ട്സെൻറജോർജ്ജ്, മദ്രാസ്
1947 ജൂൺ 9.

പി. ആർ. നാരായണയ്യർ
അസിസ്റ്റൻറ് റിക്കാർഡ് ആഫീസർ.





ആഴ്ചയിൽ 500 രൂപായിൽ കവിയാതെ, ദിവസം എത്ര തവണ വേണമെങ്കിലും പണം തിരിച്ചെടുക്കാം. ബ്രാഞ്ചു മാനേജരോടു ചോദിച്ച് കൂടുതൽ വിവരങ്ങൾ ഗ്രഹിക്കുക.

പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്.

കൊല്ലം

തിരുവിതാംകൂറിലെല്ലായിടത്തും ബ്രാഞ്ചുകൾ.

# * ഗ്രാമജീവിതം സമൃദ്ധവും സമ്പൂർണ്ണവും ആക്കുക

## ഗ്രാമസ്വരാജിലേയ്ക്കുള്ള മാർഗ്ഗം

കെ. മാധവക്കുറുപ്പു് എം. എ (സഹകരണസംഘം രജിസ്ട്രാർ, തിരുവിതാംകൂർ)

ഈ സംസ്ഥാനത്തു പ്രവർത്തനത്തിലിരിക്കുന്ന ഗ്രാമപ്പഞ്ചായത്തുകളുടേയും യൂണിയനുകളുടെയും പ്രതിനിധികളെ ക്ഷണിച്ചുവരുത്തി ഒരു സമ്മേളനം നടത്തുന്നതിനും ഗ്രാമജീവിതത്തിനെ പരിഷ്കൃതവും ശ്രേയസ്കരവുമാക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്ന നിയമസൃഷ്ടങ്ങളായ ഈ ജനകീയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ വിവിധവശങ്ങളെ പുരസ്കരിച്ചു പ്രത്യേക യോഗങ്ങൾ കൂട്ടുന്നതിനും നിശ്ചയിച്ചതു് ഒരു സന്തോഷപ്രദമായ ആശയമാണു്. നാം ഇന്നു ഒരു സമ്മേളനയുഗത്തിലാണു ജീവിക്കുന്നതെന്നു് തോന്നുന്നു. ഈ ദിവസങ്ങളിൽതന്നെ ലോകത്തിന്റെ നാനാഭാഗങ്ങളിലും പല അന്തർദ്ദേശീയസമ്മേളനങ്ങൾ നടക്കുന്നുണ്ടു്. ഐക്യരാഷ്ട്രസംഘടനയുടെ ഒരു വിഭാഗത്തിന്റെ, അതായതു് ഭക്ഷ്യത്തേയും കൃഷിയേയും പരാമർശിക്കുന്ന വിഭാഗത്തിന്റെ സജ്ജീകരണസമിതി ഈ നഗരത്തിൽതന്നെ ഒരു യോഗം ചേർന്നിരിക്കുകയുമാണു്. കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ ഇവിടെത്തന്നെ ധനപരിപോഷണ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു ഗ്രാമോദ്ധാരണസമ്മേളനം കഴിഞ്ഞതേയുള്ളു. വില്ലേജ് യൂണിയനുകളുടെ പരിപോഷണ വിഷയത്തിൽ, പൊതുജനാരോഗ്യവകുപ്പദ്ധ്യക്ഷൻ ആണെങ്കിലും, സാംക്രമികമാണെന്നു തോന്നിക്കുന്ന അത്യുത്സാഹത്തോടുകൂടിയ എന്റെ ഉത്തമസ്നേഹിതനായ രാജ്യസേവനനിരതഃ ഡാക്ടർ ഗോപാലപിള്ള എന്നെ ഈ യോഗത്തിൽ അഗ്രാസനം ഏൽക്കുവാൻ ക്ഷണിച്ചതിൽ ഞാൻ അദ്ദേഹത്തോടു അതീവ കൃതജ്ഞനാകുന്നു. ഗ്രാമീണ ജീവിതത്തിലും, സാമ്പത്തികാവസ്ഥയിലും ഉള്ള പ്രാധാന്യം നോക്കുമ്പോൾ പ്രത്യേകംതന്നെ ഓരോ ശാഖായോഗങ്ങൾ അർഹിക്കുന്ന മൂന്നു വിഷയങ്ങൾ—അതായതു് സഹകരണം, കൃഷി, പൊതുജനാരോഗ്യം—ആണു് നമ്മുടെ ഇന്നത്തെ വിചാരങ്ങൾക്കു് വിധേയമായിത്തീർന്നിട്ടുള്ളതു്. ഇപ്രകാരമുള്ള ഒരു സങ്കലനത്തിനു ഇടയാക്കിയ സമ്മർദ്ദം ഇല്ലായിരുന്നെങ്കിൽ ഡാക്ടർ ഗോപാലപിള്ള ഓരോന്നിനും പ്രത്യേക വിദഗ്ദ്ധന്മാരെ അദ്ധ്യക്ഷസ്ഥാനത്തേക്കു സമ്പാദിക്കുമായിരുന്നു. സഹകരണസംഘം രജിസ്ട്രാറെന്ന നിലയിൽ എന്റെ കർത്തവ്യമായി സഹകരണപ്രശസ്തിയെ പ്രകീർത്തിക്കുകയും സംഘങ്ങൾക്കു നിങ്ങളുടെ പ്രയത്നങ്ങളിൽ ഭാഗഭാക്കായി എങ്ങിനെ സഹായിക്കാൻ കഴിയുമെന്നു സൂചിപ്പിക്കുകയും എനിക്കു ചെയ്യാം. കൃഷിയുമായി എനിക്കുള്ള പരിചയം ഏതാനും രാഷൻധാന്യങ്ങളും രേഷനിൽ ഉൾപ്പെട്ടിട്ടില്ലാത്ത ചില സാധനങ്ങളും ആയ കാർഷികോൽപ്പന്നങ്ങളുടെ ഉപഭോക്തൃത്വംകൊണ്ടു് ആരംഭിക്കയും അവസാനിക്കയും കഴിഞ്ഞു. പൊതുജനാരോഗ്യ വിഷയകമായി എന്റെ പരിജ്ഞാനം, ആ വകുപ്പിലെ പ്രചാരകന്മാരുടെ പക്ഷത്തിൽ ഇത്രയും അശുദ്ധമായ പൃഥിവി, അപ്പ്, വായു ഇവയുടെ ഇടയിൽ എങ്ങിനെ മനുഷ്യൻ ജീവിച്ചിരിക്കുന്നു എന്നുള്ള വിസ്മയം മാത്രമാകത്തക്കവിധത്തിൽ, അത്ര പ്രാഥമികമാണു്.

കാര്യനിബിഡമായ ഒരു ദിവസത്തിന്റെ പരിണാമക്ഷീണത്തിനിടയ്ക്കു വില്ലേജ്‌യൂണിയനു് എങ്ങനെ കൃഷിയെ അഭിവൃദ്ധിപ്പെടുത്താമെന്നോ സഹകരണത്തിനു് പൊതുജനാരോഗ്യത്തെ എപ്രകാരം നന്നാക്കാമെന്നോ എന്നുള്ളവയെപ്പററി ദീർഘമായി ഉപന്യസിക്കണമെന്നുദ്ദേശിക്കുന്നില്ല. ഇപ്പോഴത്തെ നൂറു വില്ലേജു പഞ്ചായത്തുകളിലും യൂണിയനുകളിലും എനിക്കു നൂറ് ഇൻസ്പെക്ടറന്മാരുള്ളതിൽ നൂറു പേർ അംഗങ്ങളാണു്. എല്ലാ യോഗങ്ങളിലും അവർ സംബന്ധിച്ചുകൊള്ളണമെന്നു ഞാൻ അവർക്കു നിഷ്കർഷയായി സർക്കുലർ അയച്ചിട്ടും ഉണ്ടു്. യഥാകാലം അവർക്കു യോഗങ്ങളുടെ വിജ്ഞാപനം കിട്ടാറില്ലെന്നും അവരുടെ സാന്നിധ്യംകൊണ്ടുപോലും പലപ്പോഴും "കോറം" തികയാറില്ലെന്നും എനിക്കു പരാതികളും ലഭിച്ചിട്ടുണ്ടു്.

൧൧൦൦-ലെ ൭-ാം ആക്ടായ വില്ലേജു പഞ്ചായത്തു ആക്ടിന്റെ പ്രസ്താവിതോദ്ദേശം ഗ്രാമങ്ങളിൽ പ്രാദേശിക സ്വയംഭരണത്തെ സംരക്ഷിച്ചു വളർത്തുന്നതിനും, ൧൧൧൯-ലെ ഒമ്പതാം ആക്ടായ വില്ലേജു യൂണിയൻ ആക്ടു ഗ്രാമീണാഭിവൃദ്ധിയെ സംരക്ഷിക്കുന്നതിനും ആയിരുന്നു. പതിനഞ്ചു കൊല്ലങ്ങൾകൊണ്ടു പ്രാദേശികസ്വയംഭരണം ശീലിപ്പിക്കുന്നതിൽനിന്നും വളർന്നു ഗ്രാമോദ്ധാരണത്തെ പരിപോഷിപ്പിക്കണമെന്നുണ്ടായ ഉദ്ദേശവ്യത്യാസം പ്രത്യേകം ശ്രദ്ധേയമാകുന്നു. മഹാത്മാഗാന്ധിയുടെ മഹനീയമായ പ്രചോദനംകൊണ്ടു ഗ്രാമങ്ങളെ നന്നാക്കുകയും ഗ്രാമീണന്റെ ജീവിതം കുറേക്കൂടി സമൃദ്ധവും സമ്പൂർണ്ണവും ആക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പററി നാം ബോധ്യപ്പെട്ടുകഴിഞ്ഞു. ഇതിലേക്കുവേണ്ടി ഒരു ഭാഗത്തു ആധുനികങ്ങളായ സൌകര്യങ്ങൾ നൽകി ഗ്രാമീണന്റെ ജീവിതം സുഖകരവും ആകർഷകവും ആക്കുകയും, മറെറാരു വശത്തുകൂടി ഗ്രാമങ്ങളെ സ്വയം പര്യാപ്തമാക്കുകയും—അതായതു് ഗ്രാമീണസ്വയംഭരണത്തെ (ഗ്രാമസ്വരാജ്) സ്ഥാപിക്കുകയും വേണ്ടിയിരിക്കുന്നു.

ഗ്രാമങ്ങളെ ഉന്നമിപ്പിക്കുകയും അവിടത്തെ ജീവിതം സഫലമാക്കുകയും ചെയ്യുവാൻ ആഗ്രഹിക്കുന്നെങ്കിൽ സ്വന്തം ആവശ്യങ്ങൾക്കും സൌകര്യങ്ങൾക്കും ഗ്രാമീണർതന്നെ ചിലവഴിക്കുവാനും, ചിന്തിക്കുവാനും, സംവിധാനം ചെയ്യുവാനും, പ്രയത്നിക്കുവാനും സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. കാര്യങ്ങൾ നിർവ്വഹിക്കുന്നതിനു നിരന്തരമായും അശ്രാന്തമായും പ്രവർത്തിക്കുന്ന സംഘമോ സംഘങ്ങളോ ഉണ്ടായി മനഃപൂർവ്വം ഉദാര ശ്രമിക്കാതെ ഗ്രാമീണ സമ്പൽസ്ഥിതിയിൽ ഗണ്യമായും സ്ഥിരമായും ഉള്ള ഒരു അഭിവൃദ്ധിയും ഉണ്ടാകുന്നതല്ല. അങ്ങനെയുള്ള ഒരു സംഘം അതിൽ ചേരുകയോ തിരഞ്ഞെടുപ്പു നടത്തുകയോ ചെയ്യുന്ന ഗ്രാമീണരുടെ സ്വന്തമായിരിക്കണം. അതിനു ധനം ശേഖരിക്കുന്നതിനും, ഗ്രാമീണരുടെ ഗാർഹികവും പൊതുവുമായ ജീവിതാഭ്യുന്നതിയ്ക്കു അവരുടെ സേവനങ്ങളെ സംഘടിപ്പിച്ചു നിയന്ത്രിക്കുന്നതിനും അധികാരമുണ്ടായിരിക്കും. ഒരു കേന്ദ്രഗവർമ്മെന്റിനെ ആശ്രയിച്ചുമാത്രം നന്നായിക്കൊള്ളാമെന്നു ഒരു ഗ്രാമം വിചാരിച്ചിരിക്കാവുന്ന കാലം കഴിഞ്ഞു. സുവ്യക്തമായ അധികാരങ്ങളുള്ളതും നിയമസൃഷ്ടവുമായ ഒരു സ്ഥാപനമാകയാൽ പഞ്ചായത്തോ, യൂണിയനോ ആണു ഒരു ഗ്രാമത്തിന്റെ ഭരണസമിതിയായിരിക്കാൻ ഉത്തമമായിട്ടുള്ളതു്. അസംഖ്യം ഗ്രാമങ്ങൾക്കു ആവശ്യമായി നിരവധി സംഗതികൾ നടപ്പിലാക്കുന്നതിനു ഒരു കേന്ദ്രഗവർമ്മെന്റിനു് കഴിവോ, ശേഷിയോ കാണുകയില്ല. ഗ്രാമീണപ്രവർത്തനത്തിൽ വേണ്ട സാർവ്വത്രികമായ നിയമം, ഗ്രാമത്തിലെ പ്രാധാന്യവരങ്ങൾക്കു ഗ്രാമീണർതന്നെ പണിയെടുക്കുകയോ പണം കൊടുക്കുകയോ ചെയ്യേണ്ടതാണെന്നുള്ളതത്രേ.

ഗ്രാമീണപ്രവർത്തനങ്ങൾക്കു് പററിയ സമിതികളിൽ രണ്ടാമത്തേതാണു് ഗ്രാമീണസഹകരണസംഘം. വില്ലേജുയൂണിയനും ഗ്രാമീണസഹകരണസംഘവുംകൂടി ഒത്തുചേർന്നു പ്രവർത്തിക്കുന്നപക്ഷം ഉൾനാട്ടിൽ വിസ്മയാവഹങ്ങളായ ഫലങ്ങൾ ഉണ്ടാക്കാം. അവർക്കു കൃഷി പുഷ്ടിപ്പെടുത്തുകയും പൊതുജനാരോഗ്യം വർദ്ധിപ്പിക്കുകയും ചെയ്യാം. ഒരു പദ്ധതിയനുസരിച്ചു് ജോലിചെയ്യും പൊതുജനങ്ങളുടെ കഴിവുകളേയും ഉത്സാഹത്തേയും സംഘടിപ്പിച്ചും ഒരു ഗ്രാമത്തിലെ ഐശ്വര്യവും ജീവിതരീതിയും ഉന്നമിപ്പിക്കുന്നതനും അവർക്കു കഴിയും.

സ്വയം സേവനത്തിന്റെ ഏററവും ഉത്തമമായ മാതൃക സഹകരണസംഘമാണു്. എന്തുകൊണ്ടെന്നാൽ, അതു അന്യോന്യസഹായംകൂടി അനുശാസിക്കുന്നു. ഇതിനും പുറമേ അതിന്റെ തത്വം "സ്വമേധ"യാകുന്നു എന്നതന്നെയല്ല അതു സംഘടനാപരിശീലനം നൽകുകയും, ക്രമമായ സ്വഭാവങ്ങൾ രൂപീകരിക്കുകയും, സ്വാശ്രയവും പരസ്പരവിശ്വാസവും ജനിപ്പിക്കുകയും ചെയ്യുന്നു. സ്വല്പഭൂസ്വത്തുകാരുടെ ഒരു കർഷകരാജ്യത്തിനു അതൊരു ആദർശനീതിതന്നെയാണു്. ഈ നാട്ടിൽ അതിനു വേണ്ടുവോളം വിജയം വന്നിട്ടില്ലെങ്കിൽ അതിന്റെ കാരണം അതുൾക്കൊള്ളുന്ന തത്വങ്ങളുടെ തെററല്ല. പക്ഷെ, ഗ്രാമപ്രമാണികൾ അതിൽ ചേർന്നു സജീവമായി പണി എടുക്കായ്കകൊണ്ടും, പരിചയമുള്ള പ്രവർത്തകന്മാരുടെ കുറവുകൊണ്ടും നാട്ടുകാരുടെതന്നെ ചില സ്വഭാവവൈകല്യങ്ങൾകൊണ്ടുമാണു്.

നിയമംകൊണ്ടു് യൂണിയന്റെ പ്രവർത്തനപരിധികൾ നിയന്ത്രിതങ്ങളാകയാൽ അതിനു കഴിയാത്ത പല കാര്യങ്ങളും ഗ്രാമസഹകരണസംഘത്തിനു നടത്താം. പര്യാപ്തമായ പ്രാതിനിധ്യം ഉണ്ടെങ്കിൽ സംഘത്തിനു യൂണിയന്റെ നിർവ്വഹണസമിതിയായി പലതിലും പ്രവർത്തിക്കുവാൻ സാധ്യമാണു്.

ഒരു സാമ്പത്തികപശ്ചാത്തലവും ഒരു ആത്മീയോദ്ദേശവും ഉണ്ടെങ്കിലും പ്രധാനമായി സഹകരണം ഒരു സാമ്പത്തികസമ്പ്രദായമാണു്. വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തിയാൽ കൃഷിയിലും പൊതുജനാരോഗ്യത്തിലും മാത്രമല്ല എല്ലാ മണ്ഡലങ്ങളിലും സഹകരണസംഘത്തിനു പ്രവർത്തനസംഭാവനകൾ നൽകുവാൻ കഴിയും. എന്തെന്നാൽ ഇപ്പോൾ സഹകരണം പ്രവേശിക്കാത്തതായ മനുഷ്യോദ്യമങ്ങൾ ഒന്നുംതന്നെ ശേഷിച്ചിട്ടില്ലെന്നു പറയാം. സഹകരണസംഘത്തിന്റെ സഹായംകൂടാതെ ഒരു ഗ്രാമനന്മയ്ക്കുദ്ദേശിക്കുന്ന പലകൂട്ടം കാര്യങ്ങളും ഒരു യൂണിയനു ചെയ്യുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഞാൻ ചില സംഗതികൾ സൂചിപ്പിക്കാം. ആദ്യമായി ഒരു കൃഷീവലനു വേണ്ടിയിരുന്നതും, വേണ്ടതും എപ്പോഴും വേണ്ടിവരുന്നതും 'വായ്പ' സഹായമാണു്. ഒരു വില്ലേജ് യൂണിയനു ഉത്തമർണ്ണനായി പ്രവർത്തിക്കാൻ കഴിവില്ല. എന്നാൽ ഒരു സഹകരണസംഘം കാര്യത്തിൽ ബാങ്കുതന്നെയാകാം. ഒരു യൂണിയനു് സ്വതേ വ്യാപാരംചെയ്യാൻ പാടില്ല (ചിലതു നിയന്ത്രിതസാധനങ്ങൾ കൈകാര്യംചെയ്യുന്നുണ്ടെന്നു ഞാൻ കേട്ടു) എന്നാൽ ഒരു സ്റ്റോർ സംഘത്തിനു ഗ്രാമോൽപ്പന്നങ്ങളെ ശേഖരിച്ചു് സൂക്ഷിക്കാം. ഒരു വിതരണ (ഉപഭോക്തൃ) സംഘമായിരിക്കുകയും ആകാം. യൂണിയനേക്കാൾ പ്രയോജനകരമായി പ്രചരണജോലി സഹകരണസംഘത്തിനു ഏൽക്കാം. യൂണിയനു ഒരു കന്നുകാലി 'പൌണ്ടു്' ഉണ്ടായിരിക്കാമെ

(ശേഷം പത്താംപേജിൽ)



[illegible] ൧൯൪൭-ലെ ഗ്രാന്റ് നാഷണൽ പന്തയത്തിൽ ജയിച്ചതു "കാസ്കൂ" എന്ന ഐറിഷ് കുതിരയായിരുന്നു. ഉടമസ്ഥൻ മ. ജെ. മാക ഡൌവലും, സവാരിചെയ്തതു് ഇ. ഡെംപ്സിയുമായിരുന്നു. ചിത്രത്തിൽ മുമ്പിൽ കാണുന്ന 'ലൌഫ് കോൺ' എന്ന കുതിരയ്ക്കു രണ്ടാംസ്ഥാനമാണു് കിട്ടിയതു്.

* ൧൩-൧൦-൧൧൨൨-ൽ തിരുവനന്തപുരത്തുവച്ചു കൂടിയ സമസ്ത തിരുവിതാംകൂർ യൂണിയനും പഞ്ചായത്തും മഹാസമ്മേളനത്തിലെ (സഹകരണം, പൊതുജനാരോഗ്യം, കൃഷി) അദ്ധ്യക്ഷപ്രസംഗം.

(ഒൻപതാംപേജിൽനിന്നും തുടർച്ച)

ങ്കിലും പാൽവിതരണത്തിനു മാർഗ്ഗമില്ല. ഓരോ ഗ്രാമത്തിനും സ്വന്തമായ ഏതെങ്കിലും ഒരു ചെറുവ്യവസായമോ കൈത്തൊഴിലോ കാണും. സംസ്കൃതസാധനങ്ങൾ വാങ്ങിക്കൊടുത്തും, ജോലിക്കാരെ സംഘടിപ്പിച്ചും നിർമ്മിതസാധനങ്ങളെ വിററഴിച്ചും അവയെ പുനരുദ്ധരിക്കുന്നതിനു ഏററവും പററിയ ഉപാധി സംഘമാണ്. ഒരു സ്റ്റോർ സംഘത്തിനു വിത്തും വളവും കൃഷിഉപകരണങ്ങളും ചേർത്തു സൂക്ഷിക്കാം. യൂണിയൻ ഗ്രാമത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്തുകൾ സംഘങ്ങൾക്കു് കൺട്രാക്റ്റുകൊടുത്തു ചെയ്യുതീർക്കാം. പൊതുജനാരോഗ്യപരിശീലനവും ഒരു 'ശുചിത്വ' ധർമ്മബോധവും ഗ്രാമജനങ്ങളുടെ ഇടയിൽ നൽകുവാനും സംഘത്തിനു കൂടുതൽ ശേഷിയുണ്ട്.

ഇവിടെ സന്നിധാനം ചെയ്തിരിക്കുന്ന നിങ്ങൾ വിവിധപ്രദേശങ്ങളിലെ ഗ്രാമീണഭരണത്തിന്റെ പ്രതിനിധികളാണ്. നിങ്ങളുടെ സ്ഥലങ്ങളിൽ വിജയത്തോടുകൂടിയോ അല്ലാതെയോ ഏതെങ്കിലുംമാതിരി ഒരു സഹകരണസംഘം പ്രവർത്തിക്കുന്നുണ്ടെന്നു എനിക്കു തീർത്തുപറയാം. ഗ്രാമോദ്ധാരണമഹായത്നത്തിൽ ഏർപ്പെട്ടിരിക്കുന്ന നിങ്ങളോടും നിങ്ങളിൽകൂടി നിങ്ങൾ പ്രതിനിധീകരിക്കുന്ന പഞ്ചായത്തുകളോടും യൂണിയനുകളോടും എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു് സഹകരണസംഘങ്ങളെ കൂടുതൽ ഉപയോഗിക്കണമെന്നുള്ളതാണ്. സംസ്ഥാനത്തിന്റെ എല്ലാഭാഗങ്ങളിലും സ്റ്റോർ മുതലായ ധനേതര പ്രവർത്തനങ്ങളുടെ വിജയകരമായ പ്രവർത്തനത്തോടുകൂടി സഹകരണത്തിന്റെ ശത്രുക്കൾ വർദ്ധിച്ചുവന്നിട്ടുണ്ട്. വിതരണത്തെ കുത്തകയായി ഉൽപാദകനെ ചൂഷണം ചെയ്കയും ഉപഭോക്താവിനെ ഊററിയെടുക്കുകയും ചെയ്യുന്ന പണിയിൽ ഏർപ്പെട്ടിരിക്കുന്ന ദല്ലാളിയെ അകററിനിർത്താനാണ് സഹകരണത്തിന്റെ ശ്രമമെന്നുള്ളതു് മറച്ചുവയ്ക്കുവാനുള്ള കാര്യമല്ല. ഉല്പാദകന്റേയും ഉപഭോക്താവിന്റേയും വിലകളുടെ അന്തരം കുറച്ചു് അതിന്റെ ഗുണഫലങ്ങൾ ഇരുകൂട്ടർക്കുമായി ഭാഗിച്ചു കൊടുക്കുവാനാണ് സഹകാരിയുടെ ഉദ്ദേശം. ഗ്രാമീണന്റെ ജീവിതത്തിനു് ഐശ്വര്യവും സന്തോഷവും ഉണ്ടാക്കുന്ന പരമോദ്ദേശത്തിൽ സമാനഗതികളായ മാർഗ്ഗങ്ങളിൽകൂടി കുറച്ചുകൂടി വിഷമകരങ്ങളായ പന്ഥാവിൽ മറെറാരു നിയമാവലിക്കു വിധേയമായി പ്രവർത്തിക്കുന്ന ഒരു ബന്ധുവായിട്ടാണ് പഞ്ചായത്തുകളും യൂണിയനുകളും സഹകരണത്തെ വീക്ഷണം ചെയ്യേണ്ടതു്. നിങ്ങളുടെ സ്ഥലത്തുള്ള സംഘമോ സംഘങ്ങളോ ശരിയായി നടക്കുന്നില്ലെങ്കിൽ അതിൽചേർന്നു് അതിനെ ശരിയാക്കുകയും ശുദ്ധമാക്കുകയും ചെയ്യേണ്ടതു് നിങ്ങളുടെ അവകാശവും കർത്തവ്യവുമാണ്. കുററവും കുറവും പറയാൻ എളുപ്പമാണ്. നിങ്ങൾ മതിയായ സ്വാതന്ത്ര്യാഭിമാനത്താൽ സംപ്രേരിതരും, ഗ്രാമങ്ങളെ നന്നാക്കുന്നതിൽ യഥാർത്ഥവിശ്വാസികളും ആണെങ്കിൽ വെളിയിൽനിൽക്കുന്ന നിരൂപകരോ അവജ്ഞയുള്ള പ്രേക്ഷകരോ ആയി മാത്രം ഇരിക്കാതെ സഹകരണത്തിൽ സജീവപ്രവർത്തകന്മാരായിത്തീരേണ്ട കാലമായിരിക്കുന്നു. ഒരു ഗ്രാമീണന്റെ ജീവിതം അറകളായി തിരിച്ചുവച്ചിട്ടില്ല. ആയതിനാൽ ഒരേസമയത്തു് എല്ലാപ്രശ്നങ്ങളേയും അഭിമുഖീകരിക്കുകയും സർവ്വതോമുഖമായി പ്രവർത്തിക്കുകയും ചെയ്യാത്തപക്ഷം വാസ്തവത്തിൽ ഒരു ഗുണവും സിദ്ധിക്കുകയില്ലതന്നെ. ഒരു വില്ലേജ് യൂണിയൻ ഒരുകൊല്ലം ഒരു ആഫീസ് പണിഞ്ഞുതീർക്കയും അടുത്തകൊല്ലം കുറെ വിളക്കുകൾ സ്ഥാപിക്കുകയും, പിന്നീട് ഒരു കിണർ കുഴിക്കുകയും ചെയ്താൽ അതിന്റെ ചുമതലകൾ നിർവ്വഹിച്ചുകഴിഞ്ഞുഎന്നു് തൃപ്തിയടഞ്ഞാൽ അതു് സങ്കുചിതവും അബദ്ധവുമായ ഒരു നിലയാണ്. നിങ്ങളുടെ കൃത്യം അതിലും എത്രയോ മഹത്താണ്. ഗ്രാമീണന്റെ ജീവിതം സർവ്വവിധമായി നന്നാക്കുകയും ജീവിതരീതി സമുന്നതമാക്കുകയുമാണ് സാധിക്കേണ്ടതു്. മിക്കവാറും അതതുസ്ഥലങ്ങളിലെ സഹകരണഇൻസ്പെക്ടറന്മാർ നിങ്ങളുടെ യൂണിയൻ അംഗങ്ങൾകൂടിയാണ്. വലുതും ചെറുതുമായ എല്ലാകാര്യങ്ങളിലും, സഹകരണത്തിന്റേയും ഉദ്ദേശം നിങ്ങൾക്കുള്ളതിൽനിന്നും വിഭിന്നമല്ലായ്കയാൽ അവരുടെ സേവനങ്ങൾ എപ്പോഴും നിങ്ങൾക്കു വിധേയമായിത്തന്നെ ഇരിക്കുമെന്നു് എനിക്കു ഉറപ്പുപറയാം.

എനിക്കു് നിങ്ങളോടു് ഒന്നുമാത്രമേ ഉൽബോധനം ചെയ്യേണ്ടതുള്ളൂ. ഇന്ത്യൻ ജനത ഗ്രാമവാസികളാണെന്നു് കേട്ടുതുടങ്ങിയിട്ടു് വളരെനാളായി. ഗ്രാമീണസ്വയംഭരണം അഭ്യസിപ്പിക്കാൻ തുടങ്ങിയതു് റിപ്പൺപ്രഭുവിന്റെ കാലംമുതൽക്കാണ്. നമ്മുടെ ഗ്രാമസമ്പ്രദായങ്ങളെ നിശ്ശേഷം നശിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും, പ്രാദേശികസ്വയംഭരണപഠനം ഇതുവരെ നടന്നിട്ടുണ്ടെങ്കിലും ഗ്രാമങ്ങളുടെസ്ഥിതിക്കു് വലിയ അഭിവൃദ്ധി വന്നിട്ടില്ല. മുൻപറഞ്ഞതുപോലെ, ഗ്രാമങ്ങൾ ഗവമെന്റിനേയോ ഉദ്യോഗസ്ഥന്മാരേയോ ഡിപ്പാർട്ടുമെന്റുകളേയോ എത്രതന്നെ ഔദാര്യമുണ്ടെങ്കിലും വൈദേശികസ്ഥാപനങ്ങളേയോ ആശ്രയിച്ചുമാത്രം നന്നാകാമെന്നു് ആഗ്രഹിക്കുന്നതു മൗഢ്യമാണ്. സ്വാശ്രയവും സ്വയംപര്യാപ്തതയും നിങ്ങളുടെ നിരപേക്ഷിതമായ സ്വന്തം പരിശ്രമങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തിയിരിക്കും. ഈ ഉദ്ദേശത്തിൽ നിങ്ങളുടെ പ്രവർത്തനങ്ങൾക്കു് ഉതകുന്ന രണ്ടു് ഉപാധികൾ മാത്രമാണ് വില്ലേജ് യൂണിയനുകളും സഹകരണസംഘങ്ങളും. സഹകരണത്തിന്റെ വിപുലമായ സാദ്ധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തി വില്ലേജുയൂണിയനുകളും പഞ്ചായത്തുകളും സംഘങ്ങളുമായി ഏകോപിച്ചു് ദേശീയവ്യക്തിയായ ഗ്രാമീണന്റെ ജീവിതം ഭാസുരവും ഗ്രാമങ്ങൾ ഐശ്വര്യസംപൂർണ്ണവും ആയിത്തീരുവാൻ ഞാൻ ആശംസിച്ചുകൊള്ളുന്നു.

—൦—




SOLD EVERYWHERE
Distributors for
Travancore & Cochin
A. KUMARAN, ALWAYE.







Ad. No. S. 8.

## LATE SRI. S. VENKITAKRISHNA IYER

The Grand Old Man of Quilon Mr. Venkitakrishna Iyer has passed away. A link with the old galaxy of great men has been snapped. A noble soul has flown off its cage, to soar aloft in regions celestial. May it have its haven in Heaven. Ofcourse a light has been extinguished but to shine the brighter in the heavenly firmament and be a beacon-light to the erring souls left behind.

Having been spared a span of purposeful fourscore years in this Terra Firma, Sri Venkitakrishna Iyer has been removed by the relentless, inexorable hand of Death. A void has been created—hard to fill. With a tragical certainty and grimness all its own, a solemn lesson has been bequeathed to us in that Life is to be lived not here alone but in the Hereafter also, untrammelled by earthly bonds.

A self-made man right through, he belongs to the group of those that can stand by the less fortunately placed brethren with the ready and helping hand informed by a touch of intimate understanding of tribulations of life — a product of his twin love, Religion & Charity. He was the very soul of love. A student of life, he lived it full well; a humanitarian in outlook he helped all; a lover of Fine Arts he left life the richer. A doyen of the Bar in Quilon he easily topped the list and ranked well with the late Sri Krishnan Pandalai and E Ramier. To him belongs the credit of being the Founder-President of the Quilon Bar Association. The present Rama Varma Club and the Town Hall owe much to him.

Gentleman to the fingertips, genial of temperament, affable and suave of manners, radiating youthful vigour even at the ripe old age of 80, his was a life devoted to the enrichment of humanity. Above all he was intensely religious and deeply spiritual, spending every moment of his life at his Sanctum, the Sri. Chakra being the presiding Deity.

His was a life which was eternally young and we with an inside knowledge of his life can proudly say that he kept growing young Gods have taken him up; for those whom Gods love die young. May his Soul rest in peace.

ശ്രീ വിദ്യാപൂജാധുരന്ധരഃ സർവ്വജന-
പ്രിയവചനഃ
ന്യായസ്ഥല വാഗ്വാദപടുഃ
ആന്ധ്രതിലകഃ
ഉദാരഗുണസമ്പന്ന വെങ്കടകൃഷ്ണശർമ്മ
പരശുരാമക്ഷേത്രി ബ്രഹ്മപദമഗമത്.

9-6-'47. Dharni Sita Ramiah.

**BEN-HUR**

Stationery Products:—
Envelopes, Writing Pads,
Note Papers & Files
etc. etc.

Sole Distributor &
Stockist:
M. J. Fernandez,
"Jasmin-Home"
Tuticorin.

# ഒന്നാമത്തെ സ്വാതന്ത്ര്യസമരം

കോന്നിയൂർ ആർ. നരേന്ദ്രനാഥ് ബി. എസ്സ്സി.

III

### നേതാക്കന്മാർ

ഏതൊരു വിപ്ലവത്തിന്റെ നേതാക്കന്മാരും വിജയികളായാൽ ആരാധനാപാത്രങ്ങളും പരാജിതരാകുന്നപക്ഷം കുററവാളികളും ആയിത്തീരുക സാധാരണമാണ്. ഇതേ അനുഭവംതന്നെ 1857-ലെ വിപ്ലവനേതാക്കന്മാക്കും അനുഭവപ്പെട്ടു. ജയിച്ച കക്ഷി ആ നേതാക്കന്മാരെ വികൃതമായി ചിത്രീകരിച്ച് ലോകരുടെ മുമ്പിൽ നിറുത്തി. അന്നും അതിനു ശേഷവും ആ വീരന്മാരുടെ മേൽ വിദേശീയർ പുരട്ടിയ കരി മാഞ്ഞുതുടങ്ങിയിട്ടുണ്ടെങ്കിലും പരിപൂർണ്ണമായി മാറിക്കഴിഞ്ഞിട്ടില്ല. ഉൽകൃഷ്ടാദർശത്തിനുവേണ്ടി ജീവിതം സമർപ്പിക്കുകയും അതിനുവേണ്ടി നിലകൊള്ളുകയും ചെയ്തിട്ടുള്ളവർ ആരും തന്നെ എന്നെന്നേക്കും വിസ്മരിക്കപ്പെടുകയില്ല. യൂറോപ്പിൽ ജോൺ ആഫ് ആർക്കിന്റെയും ഇന്ത്യയിൽ 1857-ലെ വിപ്ലവനേതാക്കന്മാരുടെയും വീരചരിതങ്ങൾ ഇതിനു മകുടോദാഹരണങ്ങളാണ്.

നീണ്ടകാലത്തെ പരിശ്രമവും സംഘടിപ്പുംകൊണ്ടാണ് 1857-ലെ വിപ്ലവം രൂപംപ്രാപിച്ചത്. വിപ്ലവത്തിനുവേണ്ടി സംഘടിപ്പിക്കുവാൻ ജനങ്ങളുടെ ഇടയിൽ സഞ്ചരിച്ച് പ്രവർത്തിച്ചവരുടെ കൂട്ടത്തിൽ നാനാസാഹിബും അസിമുള്ളഖാനും മികച്ചുനില്ക്കുന്നു.

സ്വതേ ശാന്തശീലനായ നാനാസാഹിബ് (1824-?) അതിബുദ്ധിമാനായിരുന്നു. വിപ്ലവത്തിന് അല്പകാലംമുമ്പ് അദ്ദേഹം നാടെടാട്ടുക്ക് സഞ്ചരിച്ച് വിപ്ലവബീജം വിതച്ചു. ഇംഗ്ലീഷുകാർക്ക് അദ്ദേഹത്തെ അല്പംപോലും സംശയം ഉണ്ടായില്ല എന്നുള്ളതു രസമായിരിക്കുന്നു! വിപ്ലവം പൊട്ടിപ്പുറപ്പെടുന്നതിനു അല്പദിവസങ്ങൾക്കുമുൻപു കമ്പനിക്കാർ കാൺപൂരിലെ ഖജനാവ് സംരക്ഷിക്കാൻ അദ്ദേഹത്തെ ക്ഷണിച്ചു. ഗൂഢാലോചനകൾക്കും ഗൂഢപ്രവർത്തികൾക്കും അദ്ദേഹത്തെ കവിഞ്ഞ് ആരുമില്ല. അദ്ദേഹത്തിന്റെ നയതന്ത്രങ്ങൾക്ക പിന്നിൽ പ്രവർത്തിച്ചിരുന്നതു അസിമുള്ളഖാന്റെ തലച്ചോറാണ്.

അറബിക്കഥകളിലെ അത്ഭുതപാത്രങ്ങളുടെ ചരിത്രംപോലെ അതിശയകരമായ ഒരു ജീവിതമായിരുന്നു അസിമുള്ളഖാന്റേതു. യൂറോപ്യന്മാരിൽനിന്ന് അദ്ദേഹം ഇംഗ്ലീഷും ഫ്രഞ്ചും വശമാക്കി. നാനാസാഹിബിന്റെ പ്രധാനഉപദേഷ്ടാവായിരുന്നു ഈ മഹാശയൻ. പെഷ്വായുടെ ഭാഗം വാദിക്കുന്നതിനു നാനാസാഹിബ് ഇദ്ദേഹത്തെയാണ് ഇംഗ്ലണ്ടിലേക്കയച്ചതു. ഇംഗ്ലണ്ടിലെ താമസം ഇംഗ്ലീഷുകാരുടെ ബലവും ബലഹീനതയും നേരിട്ടുകണ്ടുപഠിക്കുന്നതിനു അവസരം നൽകി. ക്രിമിയാ യുദ്ധഭൂമിയിൽ പോയി ഇംഗ്ലീഷുകാരുടെ യുദ്ധപാടവവും മററും കണ്ടു മനസ്സിലാക്കി. ഇന്ത്യയിലേക്കുള്ള മടക്കയാത്രയിൽ ടർക്കിയിലും അഫ്ഗാനിസ്ഥാനിലും ഇറങ്ങി ആ രാജ്യങ്ങളുടെ ആനുകൂല്യം വിപ്ലവകക്ഷിക്കു സമ്പാദിച്ചു.

അസിമുള്ളഖാൻ ഒരു നല്ല നയതന്ത്രജ്ഞനായിരുന്നെങ്കിൽ മൗലവി അഹമ്മദ്ഷാ ഒരു ഒന്നാന്തരം സംഘടനാവിദഗ്ദ്ധനായിരുന്നു. ഒരു നല്ല വാഗ്മിയും ശൂരനും ആയ നേതാവെന്ന നിലയിൽ അദ്ദേഹം പ്രസിദ്ധനാണ്. അദ്ദേഹത്തിന്റെ തീപ്പൊരി ചിതറുന്ന പ്രസംഗങ്ങൾ ഔധിലെ ജനങ്ങളെ വിപ്ലവത്തിനുദ്ബുദ്ധരാക്കി(?). മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട അദ്ദേഹത്തെ കഴുകുമരത്തിൽനിന്നു രക്ഷിച്ചെടുത്തതു 1857-ലെ വിപ്ലവമാണ്. ആ സമരകാലത്തും അതിനുമുമ്പും അദ്ദേഹം കറയററ ഒരു നേതാവായിരുന്നു.

അഹമ്മദ്ഷാ, കുമാർസിങ്ങ്, താൻതിയാതോപ്പി, ലക്ഷ്മീബായി മുതലായ മഹാത്മാക്കളായിരുന്നു വിപ്ലവകക്ഷിയുടെ സൈന്യനേതാക്കന്മാർ. ഇവക്കാർക്കു പൊതുവെ പരിചയവും തഴക്കവും കുറവായിരുന്നു. പോർക്കളത്തിൽ പരീക്ഷിച്ചു തഴമ്പിച്ചു പരിചയം സിദ്ധിച്ചിരുന്ന ബ്രിട്ടീഷ് സേനാനികളോട് ഇവക്കു യാതൊരു പൊരുത്തവും ഇല്ല. ഇവരെല്ലാം ഒളിപ്പോരിലാണ് പാടവം പ്രദർശിപ്പിച്ചതു. ഏതാണ്ടു രണ്ടു സംവത്സരക്കാലത്തോളം ബ്രിട്ടീഷുഭരണവും ബ്രിട്ടീഷുശക്തിയും തകിടംമറിക്കുന്നതിനുള്ള കെൽപു ഇവക്കുണ്ടായിരുന്നു.

താന്തിയാതോപ്പി (1819-1859) ആണ് വിപ്ലവപക്ഷത്തിന്റെ ഏററവും മികച്ച സേനാനി. ഇദ്ദേഹം ഒരു മഹാരാഷ്ട്ര ബ്രാഹ്മണനാണ്. അവസാനത്തെ പെഷ്വായായ ബാജിറാവോ അദ്ദേഹത്തെ ദത്തെടുത്തു. അദ്ദേഹം നാനാസാഹിബിന്റെ ഒരു ബാല്യകാലമിത്രമാണ്. വിപ്ലവകാലത്ത് നാനാസാഹിബിന്റെ വലംകയ്യായിരുന്നതും മററാരുമല്ല. ഈ വീരസേനാനിയുടെ പ്രവർത്തനങ്ങൾ ബ്രിട്ടീഷുകാരെ ക്രമത്തിലധികം വിഷമിപ്പിച്ചു. അദ്ദേഹത്തിന്റെ ധീരതയും ബുദ്ധിയും ശത്രുപക്ഷക്കാർതന്നെ സമ്മതിച്ചിട്ടുള്ളതാണ്. ആ പേരിൽ ക്രമത്തിലധികം നീചപ്രവർത്തനങ്ങളുടെ ഭാരം ചുമത്തി ബഹുമാന്യത കുറയ്ക്കാൻ ഇംഗ്ലീഷുകാർ ബദ്ധപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ കുററാരോപണങ്ങളിൽ വലിയ പരമാർത്ഥമൊന്നുമില്ല. ഇംഗ്ലീഷുകാരുടെ പ്രവർത്തികളുമായി താരതമ്യപ്പെടുത്തുമ്പോൾ വിപ്ലവനേതാക്കന്മാരുടെ കൃത്യങ്ങൾ എത്രയോ ഭേദമാണ്. സ്വപക്ഷക്കാരനായ ഒരുവന്റെ ചതിവുമൂലം ഇംഗ്ലീഷുകാർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. നാല്പതുവയസ്സുമാത്രം പ്രായമുള്ളപ്പോൾ 1859 ഏപ്രിൽ 18-ാംതീയതി ഇംഗ്ലീഷുകാർ അദ്ദേഹത്തെ തൂക്കിലിട്ടു. അങ്ങിനെ ആ ധീരയോദ്ധാവു ഒരു കൊലപാതകിയെപ്പോലെ മരണമടയേണ്ടിവന്നു. ആ ധീരന്റെ വീരകൃത്യങ്ങൾ ഭാരതം ഒരിക്കലും വിസ്മരിക്കുന്നതല്ല. ആ വിശുദ്ധനാമധേയം എന്നും പവിത്രമായി നാം സ്മരിക്കുന്നതാണ്.

സ്വാതന്ത്ര്യദേവതയെപ്പോലെ പടച്ചട്ടയിട്ടു വാളുമേന്തി പോർക്കളത്തിലിറങ്ങിയ ഝാൻസിറാണി, ലക്ഷ്മീഭായി (1835-1858)യുടെ ചരിത്രം എല്ലാവക്കും അറിവുള്ളതാണ്.

1857-ലെ നേതാക്കന്മാരുടെ സ്മരണയ്ക്കായി സ്മാരകങ്ങളൊന്നും സംസ്ഥാപിക്കപ്പെട്ടിട്ടില്ല. എന്നാൽ ഭാരതത്തിലെ മൂകലക്ഷങ്ങളുടെ ഹൃദയങ്ങളിൽ അവർ എന്നും കെടാവിളക്കുകളായി പരിശോഭിക്കുന്നതാണ്. കാലത്തിന്റെ പോക്കിൽ തേഞ്ഞുമാഞ്ഞുപോകുന്ന നശ്വരസ്മാരകങ്ങൾകൊണ്ടു ആ അനശ്വരനാമധേയങ്ങൾ നിലനിറുത്തേണ്ട കാര്യമില്ല. സ്നേഹമഷികൊണ്ടു അനശ്വരലിപികളിൽ ഹൃദയഭിത്തികളിൽ കുറിച്ചിട്ടുള്ള നാമധേയങ്ങൾക്കു നാശം എവിടെ? ആ വീരനേതാക്കന്മാരുടെ നാമധേയങ്ങൾ കണ്ണുനീരോടേടാണെങ്കിലും അഭിമാനത്തോടെ ഭാരതീയസന്താനങ്ങൾ എന്നും സ്മരിക്കുന്നതാണ്.


S. Justin M. Carthy: History of Our Own Times.

—o—


### എഫ്. എ. കപ്പ് ഫൈനൽ, വെംബ്ളി.



ബൺലിയെ തോല്പിച്ചു് ഫുട്ബാൾ അസോസ്യേഷൻ കപ്പ് കരസ്ഥമാക്കിയ "ചാറൽടൺ" ടീമിലെ അംഗങ്ങൾ, ക്യാപ്റ്റൻ ഡോൺവെൽഷിനെയും, ഗോൾ അടിച്ച ഡഫി (വലതു)യെയും എടുത്തുപൊക്കിക്കൊണ്ടു് ഉത്സാഹം പ്രകടിപ്പിക്കുന്നു.



മൈതാനങ്ങളിലെ പുല്ലുവെട്ടുന്നതിനുള്ള മോട്ടോർയന്ത്രം (Dennis Motor Lawn Mower) ഇതിൻെറ പിൻവശത്തുള്ള ട്രെയിലർ യന്ത്രം നിയന്ത്രിക്കുന്ന ആളിനു ഇരിക്കുന്നതിനു സൗകര്യം നൽകുന്നതുകൂടാതെ ഒരു "റോളർ" ആയും പ്രവർത്തിക്കുന്നു.




കൺട്രോൾവിമുക്തരായ 'കുട്ടിക്കം', ഹാർലിക്സ്", 'കേക്കർഓട്ട്സ്" മുതലായ സാധനങ്ങൾ ഒരു സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടു അവ സ്വച്ഛന്ദം വിഹരിക്കുന്നു.

(ഒന്നാംപേജിൽനിന്നും തുടർച്ച)

യ പുസ്തകശാലകൾ അവരുടെ നോവലുകൾ സ്വീകരിക്കാനിടയില്ല. അപ്ടൺ സിൻക്ലെയർ, തിയഡാർ ഡ്രെയിസർ തുടങ്ങിയ യാഥാർത്ഥ്യവാദികളായ വലിയ അമേരിക്കൻ നോവൽ കർത്താക്കൾക്കു് വിമർശനപ്രധാനമായ തങ്ങളുടെ നോവലുകൾക്കു് പബ്ലിഷർമാരെ ലഭിക്കുവാൻ പ്രയാസമുണ്ടായതു് വളരെ മുൻകാലത്തല്ല.

രാഷ്ട്രീയകാര്യങ്ങളെയോ വിദേശകാര്യങ്ങളെയൊപററി ലേഖനമെഴുതുന്നവരെ അപേക്ഷിച്ചു യാഥാർത്ഥ്യവാദികളായ കഥാകൃത്തുകൾക്കു് വിഷമതകൾ കുറവാണു്. ഒരു സോഷ്യലിസ്റ്റായ അപ്ടൺ സിൻക്ലെയറിനു് രാഷ്ട്രീയഗ്രന്ഥങ്ങൾ നിർമ്മിച്ചിരുന്നെങ്കിൽ ലഭിക്കുമായിരുന്നതിനെക്കാൾ കൂടുതൽ വായനക്കാരെ ലഭിക്കാൻ സാധിച്ചതു് അദ്ദേഹം തൻെറ രാഷ്ട്രീയാദർശങ്ങൾ നോവലുകളിൽ കൂട്ടിയിണക്കിയതുകൊണ്ടാണു് മററൊരു ഇടതുപക്ഷഗ്രന്ഥകാരനായ ഹവാഡ്ഫാസ്റ്റിൻെറ കാര്യവും ഇതുപോലെതന്നെ. വളരെ കഴിവുള്ള ഒരു ചരിത്രനോവൽ കൃത്താണു് ഫാസ്റ്റ്. ടാംപെയിൻ തുടങ്ങിയുള്ള ചരിത്രനായകന്മാരെപ്പററിയുള്ള അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ ധാരാളം വായനക്കാരെ ആകർഷിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ 'അമേരിക്കൻ' എന്ന ഏററവും ഒടുവിലത്തെ ഗ്രന്ഥത്തിൻെറ ൮൦൦,൦൦൦ പ്രതികൾ യുണൈറഡ് സ്റ്റേററ്സിൽതന്നെ ചിലവായിട്ടുണ്ടു്.

എന്നാൽ മി: ഫാസ്റ്റ് രാഷ്ട്രീയകാര്യങ്ങൾ എഴതിത്തുടങ്ങുമ്പോൾ അദ്ദേഹത്തിനു കൂടുതൽ വൈഷമ്യങ്ങൾ നേരിടേണ്ടിവരുന്നു. കഴിഞ്ഞ വേനൽക്കാലത്തു് എസ്ക്വയർ, കൊറൊണററ് എന്ന രണ്ടു അമേരിക്കൻ മാസികകൾക്കുവേണ്ടി അദ്ദേഹം ഇന്ത്യയിൽ വന്നിരുന്നു. ഇന്ത്യയിലെ സ്ഥിതിഗതികൾ അദ്ദേഹത്തെ വ്യാകുലപ്പെടുത്തുകയും ഒൻപതോളം ലേഖനങ്ങൾ അദ്ദേഹം എഴുതുകയും ചെയ്തു. അവയിൽ രണ്ടെണ്ണം ലഘുചർച്ചകളായിരുന്നു. മിക്കവയും ഇന്ത്യയിലെ ദാരിദ്ര്യത്തിൻെറയും സാമൂഹ്യപരിതഃസ്ഥിതികളുടേയും വിവരണങ്ങളായിരുന്നു. ഇവയെല്ലാം മി. ഫാസ്റ്റിനു് പ്രതിഫലം ലഭിച്ചെങ്കിലും യഥാർത്ഥത്തിൽ അച്ചടിയിൽ വന്നതു് ഇന്ത്യയുടെ യഥാർത്ഥപ്രശ്നങ്ങളെ പരാമർശിക്കപോലും ചെയ്യാത്ത ലഘുചർച്ചകളാണു്.

ഇന്ത്യയെപ്പററി എഴതാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഈ വിഷമത നേരിടേണ്ടിവരുന്നു. മഹത്തും പ്രധാനവുമായ ഈ രാജ്യത്തിൻെറ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവും ആയ യാഥാർത്ഥ്യങ്ങളെപ്പററി അമേരിക്കൻ വായനക്കാർ എത്രമാത്രം അജ്ഞരാണെന്നു് നമ്മൾക്കറിയാം. എന്നാൽ ഈ സ്ഥിതി തരണം ചെയ്യാൻ വളരെ വിഷമമാണു്. ഇന്ത്യയിൽ എന്താണു സംഭവിക്കുന്നതെന്നുള്ളതിനെപ്പററി അമേരിക്കൻ എഡിററർമാർ ഇപ്പോൾ മുമ്പത്തേതിൽ കൂടുതൽ താല്പര്യം കാണിക്കുന്നു. എന്നാൽ ഒരു ലേഖനം പ്രസിദ്ധംചെയ്യുന്ന കാര്യത്തോടടുക്കുമ്പോൾ അവർ വികാരജന്യങ്ങളായ കാര്യങ്ങളോടു് കൂടുതൽ ചായ്വ് കാണിക്കുന്നു. ഒരിന്ത്യൻ രാജകുമാരൻെറ പ്രേമജീവിതത്തെപ്പററി എഴുതുന്നതിൽ വിഷമം വരികയില്ല. പക്ഷെ ഇന്നത്തെ സാമ്പത്തികസ്ഥിതിയിൽ കഴിഞ്ഞുകൂടാൻ ഒരു സാധാരണ ഇന്ത്യൻ കുടുംബം എത്രമാത്രം വിഷമിക്കുന്നുണ്ടെന്നുള്ളതിനെ സംബന്ധിക്കുന്ന ലേഖനം സ്വീകൃതമായി വരാൻ വളരെ വിഷമമാണു്. പാമ്പാട്ടികളെപ്പററി നിങ്ങൾക്കു് എത്രവേണമെങ്കിലും എഴതാം—അവരിലാരെയും എൻെറ ഈ മൂന്നുമാസത്തെ താമസത്തിനിടയിൽഞാൻ കണ്ടിട്ടില്ല. എന്നാൽ കോടിക്കണക്കിനുള്ള കർഷകരെപ്പററി എഴുതുക വിഷമമായിരിക്കും.

ഈ പ്രശ്നവുമായി നേരിടേണ്ട ലേഖകൻ ഉടനടിയുള്ള പ്രശസ്തിയിലും ഭാഗ്യവളർച്ചയിലും താൻ എത്രമാത്രം തൽപരനാണെന്നും മനസ്സാക്ഷിയുടെ ശാസനകളെ എത്രമാത്രം അനുസരിക്കുമെന്നും നിശ്ചയിക്കേണ്ടിയിരിക്കുന്നു. ലേഖകന്മാരുടെ പ്രാധാന്യത്തെയും ഉത്തരവാദിത്വത്തെയുംപററി എനിക്കുതന്നെ ശക്തിയായ അഭിപ്രായമാണുള്ളതു്. ഞാൻ ചെറുപ്പത്തിൽ വായിച്ചിട്ടുള്ള ലേഖനകർത്താക്കൾ എൻെറ വീക്ഷണഗതിയെ ബാധിച്ചതുകൊണ്ടായിരിക്കാം ഇതു്. അപ്ടൺ സിൻക്ലെയർ, ജാക്ക്ലണ്ടൻ, സിൻക്ലെയർ ലൂയി മുതലായവർ രാഷ്ട്രീയകാര്യങ്ങളിലും സാമൂഹ്യകാര്യങ്ങളിലും ഉള്ള എൻെറ താല്പര്യത്തെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. ഏഷ്യയിൽ എനിക്കു താല്പര്യം ഉളവായതു് പ്രധാനമായും പേൾബക്കിൻെറയും ആഗ്നീസ് സ്മെഡ്ലിയുടെയും ഗ്രന്ഥങ്ങൾ വഴിയാണു്. ലേഖകൻ സമുദായത്തിനു് മനഃപൂർവമായ സംഭാവന നൽകാൻ ഉദ്യമംനടത്തണമെന്നു് ഇവയിൽനിന്നെല്ലാം ഊഹിക്കാതെതരമില്ല.

ലോകത്തിൻെറ ഇന്നത്തെ പ്രശ്നങ്ങളുടെ പരിഹാരത്തിനു് ലഭ്യമായ ബുദ്ധിശക്തി മുഴവൻ ആവശ്യമാണു്. ദാരിദ്ര്യം, സ്വാതന്ത്ര്യം, വർഗ്ഗീയസമാധാനം എന്നീ പ്രശ്നങ്ങൾക്കു് ഇന്ത്യയിലെ എല്ലാ ചിന്തകന്മാരുടെയു രാഷ്ട്രീയ നേതാക്കന്മാരുടെ മാത്രമല്ല പ്രയത്നങ്ങൾ ആവശ്യമാണു്. ഒരു മൂന്നാംലോക മഹായുദ്ധത്തിൻെറ ഒഴിവാക്കൽ ചിന്താശീലരായ എല്ലാവരെയും ബാധിക്കുന്ന ഏതൊ ഒന്നാണു്. ലേഖകന്മാരെല്ലാം രാഷ്ട്രീയ ലഘുലേഖകൾ എഴതണമെന്നിതിനർത്ഥമില്ല. ഒരു നല്ല നോവൽ പലപ്പോഴും കൂടുതൽ ഫലപ്രദമായിരിക്കും.

ഒഴുക്കിനെതിരായി നീന്തുന്നതു് ഒരിക്കലും എളുപ്പമല്ല. ഇന്ത്യയിൽ അങ്ങേ അററത്തേ വർഗ്ഗീയസംഘട്ടനം നിലനിൽക്കുന്ന ഈ പരിതസ്ഥിതികളിൽ ഒരുപക്ഷം പിടിക്കുന്ന പത്രങ്ങളോടും മാസികകളോടും ചേർന്നു മററെ പക്ഷത്തിൽപെട്ട സമുദായത്തെ നിശിതവിമർശം ചെയ്യുന്നതു് കൂടുതൽ എളുപ്പമായിരിക്കും. ഇടയ്ക്കു് ഒരു പാലംപോലെ വർത്തിക്കുക കൂടുതൽ വിഷമമുള്ള ഒരു കാര്യമാണു്. രണ്ടുവശത്തുനിന്നും ഏററുമുട്ടലുകൾ ഉണ്ടായേക്കാം. അതുപോലെ യുണൈററഡ് സ്റ്റേററ്സിൽ മി. വാലസിനെ പിൻതുടൎന്നു അമേരിക്കരുടെ പക്ഷത്തും സോവിയററുകളുടെ പക്ഷത്തും കുറവുകളുണ്ടെന്നു് ചൂണ്ടിക്കാണിക്കയും സംഘട്ടനത്തിനുപകരം അനുരഞ്ജനത്തിനുവേണ്ടി യത്നിക്കയും ചെയ്യുക വിഷമമുള്ള കാര്യമാണു്. നേരേമറിച്ചു ഇന്നു ലൂയിഫിഷറും മററും ചെയ്യുന്നതുപോലെ യുണൈററഡ് സ്റ്റേററ്സിനു അററാമിക്കുബാംബിൻെറ കുത്തകയുള്ള ഈ അവസരത്തിൽ സോവിയററ യൂണിയനെതിരായി ഉടനടി യുദ്ധത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുവാൻ നിങ്ങളുടെ ടൈപ്പ്റൈററർ ഉപയോഗിക്കുന്നതു് കുറെക്കൂടി എളുപ്പമാണു്.

ഇതിനനുസരണമായി മാറുവാനുള്ള പ്രേരണ വളരെ വലുതാണു്. ഒരു കാലത്തു് ഇടതുപക്ഷ പത്രങ്ങൾക്കുവേണ്ടി തുച്ഛമായ പ്രതിഫലത്തിന്മേൽ ലേഖനങ്ങൾ എഴതിക്കൊണ്ടിരുന്ന ഡസൻകണക്കിനു ലേഖകന്മാർ ഇപ്പോൾ നല്ല പ്രതിഫലത്തോടുകൂടി വലതുപക്ഷ പത്രങ്ങളുടെ ലേഖകന്മാരും എഴത്തുകാരും ആയിരിക്കുന്നതു കാണണമെങ്കിൽ വലിയ യാഥാസ്ഥിതികഅമേരിക്കൻ മാസികകളിൽ നോക്കിയാൽമതി. ഇവരെല്ലാം സാമ്പത്തികകാരണങ്ങളാലാണു് മനസ്സുമാറിയതെന്നു്ഞാൻസൂചിപ്പിക്കയല്ല. എന്നാൽ കൂടുതൽ യാഥാസ്ഥിതികമായുള്ള അഭിപ്രായങ്ങൾക്കു കൂടുതൽ പ്രതിഫലം കിട്ടുമെന്നുള്ളതു നിരുത്സാഹപ്പെടുത്തുന്ന ഒന്നായിരുന്നില്ലെന്നു് നിശ്ചയമാണു്.

ഞാൻ നിർബന്ധബുദ്ധിയായിരിക്കാം. എന്നാൽ തൊഴിലിൽ വിജയിയാകുവാൻ അഭിപ്രായത്തിൽ കൂടുതൽ യാഥാസ്ഥിതികനാകണമെന്നു് എൻെറ സ്നേഹിതനു നിർദ്ദേശിച്ചപ്പോൾ ഞാൻ തലകുലുക്കി. വൻതരം മാസികകൾക്കു് ഞാൻ ലേഖനം എഴത്തു തുടരുകയില്ലെന്നു് അതിനർത്ഥമല്ല. ലോകത്തെ അഭിമുഖീകരിക്കുന്ന യഥാർത്ഥവും പ്രധാനവും ആയ പ്രശ്നങ്ങൾ പഠിക്കുന്നതിനു് ഒരു സഹായം ലഭിക്കത്തക്കവിധം പാമ്പാട്ടികളെപ്പററി തന്നെ ഞാൻ ചിലപ്പോൾ ഒരു ലേഖനം എഴതിയെന്നുംവരാം. (എൻ. പി. എസ്സ്.)

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.